# കടന്നുപോകുന്നയേശു



T62
T45

T62
T45

ജി. സി. ടീല

J.M.J.T.

XK56

# കടന്നുപോകുന്നയേശു

(പ്രഹസനം)

CANCELLED

പകർപ്പവകാശം മുദ്രാലയത്തിന്,

DHARMARAM COLLEGE LIBRARY, BANGALORE. 7164

T62 / T. 45

ജീ. സി. ടീലാർ



ജി. സി. ടീലാർ

(കുട്ടച്ചിറവത്തൻ)

# പ്രസ്താവന

കത്തോലിക്കാ മാസികകോകിലങ്ങൾ ഇന്നു കേരളത്തിൽ ധാരാളമുണ്ട്. അവയിൽ "കുടുംബദീപ"ത്തിന്ന് വളരെ പൊങ്ങി പറക്കുവാനുള്ള ചിറകും, കരുത്തും ഉള്ളതായി കാണുന്നു. അതിവിദഗ്ദ്ധങ്ങളായ കരങ്ങളിൽ അതിൻെറ ചുക്കാൻ അമന്നിരിക്കുന്നതായിരിക്കണം അതിനു കാരണം. "കുടുംബദീപ"വും അതിൻെറ പത്രാധിപരുമായി അടുത്ത സമ്പർക്കത്തിൽ ഏർപ്പെടുവാൻ തുടങ്ങിയതിനുശേഷമാണ് തൂലികാകാരന്മാക്ക് പ്രോത്സാഹനം എത്രകണ്ടു ഗുണപ്രദമാണെന്നുള്ള പരമാത്ഥം എനിക്കു ബോദ്ധ്യപ്പെട്ടതു്. എൻെറ സാഹിത്യ സംരംഭങ്ങൾക്കു പിറകിൽ ബ. ലേത്തുസച്ചൻ സാധാരണയായി മറഞ്ഞുനിൽക്കുന്നുണ്ടായിരുന്നു. ഗ്രന്ഥരചനയിൽ ഒരു ഗുരുവെന്നോണം ഞാൻ അദ്ദേഹത്തോടു കടപ്പെട്ടിരിക്കുയാണ്. എൻെറ അകംഴിഞ്ഞുള്ള കൃതജ്ഞത അദ്ദേഹത്തിനു.

കുറേനാളായിട്ട് "കുടുംബദീപ"ത്തിൽ ക്രമശ: പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്ന ഒരുപ്രഹസനമാണ് "കടന്നുപോകുന്നയേശു" കുടുബദീപത്തിന്ന് മാസംതോറും എന്തെങ്കിലും എഴുതികൊടുക്കണമെന്നുള്ള ഒരു നിർബന്ധബുദ്ധി എന്നിലും എന്നെകൊണ്ട് എന്തെങ്കിലും എഴുതിക്കണമെന്നുള്ള മഹാമനസ്കത അതിൻെറ പത്രാധിപരിലും വേരോടിയതിൻെറ ഫലമായി മുളയെടുത്തു വികസിച്ചതാണ് ഈ ചെറുഗ്രന്ഥം. ഇതിൽ എസ്സർ, സളോമി, ഇബ്രാഹിംകുട്ടി, അബെറോൺ, അബിമെലെക്ക് ആദിയായി പലേ സാങ്കല്പിക കഥാപാത്രങ്ങളെയും പ്രവേശിപ്പിച്ചിട്ടുണ്ടെങ്കിലും വേദപുസ്തകത്തിലേ അരൂപികോ സംഭവകഥനങ്ങൾക്കോ ഭംഗംവരത്തക്കവിധത്തിൽ അവർ സംസാരിക്കുയോ പ്രവത്തിക്കുയോ ചെയ്യുവാൻ അനുവദിച്ചിട്ടില്ല. നൂതനകഥാപാത്രങ്ങൾ ചരിത്രഭാഗങ്ങളെ എന്തുമാത്രം പുഷ്ടിപ്പെടുത്തി വിശദീകരിച്ചിട്ടുണ്ടെന്നുള്ളതു തീരുമാനിക്കേണ്ടതു് വായനക്കാരാണല്ലൊ. ഗലീലികടലോരത്തു പൂമുഖത്തുബംഗ്ലാവിൽ താമസക്കാരായ എസ്സരും അവരുടെ സന്താനങ്ങളും ബത്താനിയായിലെ ലാസറിൻെറയും

സഹോദരികളുടെയും അടുത്ത ചാർച്ചക്കാരാണെന്ന സങ്കല്പത്തിലാണ് കഥാഘടനയുടെ അടിത്തറ പണുതിരിക്കുന്നതു്. ലാസറിന്റെ ഉയിർപ്പിൽ സന്നിഹിതയായിത്തീരുന്ന എസ്തർ യേശുവിന്റെ ദൈവത്വത്തിൽ വിശ്വസിക്കുന്നതാണ് കഥാസാരം. യേശു ലോകത്തിൽ അവതരിച്ച് തന്റെ ദൗത്യത്തിന് അനേകം സാക്ഷ്യങ്ങൾനൽകി കടന്നുപോയി. അനേകംപേർ യേശുവിൽവിശ്വസിച്ചു. പലരുമോ എന്നാൽ വിശ്വസിച്ചുമില്ല. ഇതു ലോകത്തിന്റെയും ഒരു ചരിത്രമാണല്ലോ.

യേശുവിന്റെ ചരിത്രം വിനോദത്തിനുവേണ്ടി വായിക്കുന്നവരുണ്ടായേക്കാം. വായനകഴിഞ്ഞു പുസ്തകം മടക്കിവച്ച് ചിന്തിക്കുന്നവരുമുണ്ടായേക്കാം. ചിന്തിക്കുന്നവർക്ക് ആദ്ധ്യാത്മിക ചൈതന്യംനിറഞ്ഞ ഒരു ലോകം പ്രത്യക്ഷപ്പെടാതെ വരികയില്ല. അശ്ലീലങ്ങളായ വിനോദങ്ങളിൽ മാത്രം ദത്താവധാനരായിരിക്കുന്നവർക്ക് ഇത്തരം ഗ്രന്ഥങ്ങൾ ശുഷ്കങ്ങളായേ തോന്നുകയുള്ളു. ആ വകുപ്പിൽപെട്ടവരുടെ ആനന്ദാനുഭൂതിക്കുവേണ്ടി അസ്മാദൃശന്മാരുടെ തൂലികയെ വ്യതിചലിപ്പിക്കുവാൻ ആത്മാഭിമാനവും സന്മാർഗ്ഗബോധവും സമ്മതിക്കയില്ല. പുരോഗമന സാഹിത്യപ്രണയികളുടെ ദൃഷ്ടിയിലും അതു ക്ഷന്തവ്യമായ ഒരു അപരാധമേ ആയിരിക്കയുള്ളു എന്നു കരുതുന്നു.

ഇപ്പോൾ ചെറുപുഷ്പമുദ്രാലയം സൂപ്രണ്ടായിരിക്കുന്ന ബ. റുഡോൾഫച്ചനോട്ട് എനിക്ക് ഇതിനുമുമ്പും കടപ്പാടുകൾ ഉണ്ടായിട്ടുണ്ടു്. ജോലിത്തിരക്കുകൾകൊണ്ട് അതിയായി ക്ലേശിക്കുന്ന അദ്ദേഹം ഈ പുസ്തകവുംകൂടി സ്വന്തംനിലയിൽ ഏറെറടുത്തു് മുദ്രണംചെയ്യുവാൻ സന്നദ്ധനായതു് അനന്യസാധാരണമായ അദ്ദേഹത്തിന്റെ സഹൃദയത്വമൊന്നുകൊണ്ടായിരിക്കാനേ തരമുള്ളു. അദ്ദേഹത്തിന് എന്റെ കൂപ്പുകൈ ഞാൻ നേർന്നുകൊള്ളുന്നു.

സെൻറ് മേരീസ് ചർച്ച്
വെട്ടിമുകൾ.
4—2—1946.

ജി. സി. ടീലാർ.

# കടന്നുപോകുന്ന യേശു

## രംഗം I.

(സലോമി വേദപുസ്തകം വായിച്ചുകൊണ്ടിരിക്കുന്നു. ഇബ്രാഹിംകുട്ടി പ്രവേശിക്കുന്നു)

ഇബ്രാഹിം:— സലോമി, ഹാ! സലോമിയേ.

സലോമി:—എന്താടാ ചെറുക്കാ നിനക്കു വയറുനോവെടുക്കുന്നുണ്ടോ? (ഇബ്രാഹിം ദ്വേഷത്തോടെ സലോമിയെ പിച്ചുന്നു) ഇബ്രാം: അതെ, എനിക്കു വയറുനോവെടുക്കുന്നുണ്ട്. നിനക്കൊരു കൈനോവുകൂടെയിരിക്കട്ടെ.

സലോ:—എന്നാൽ ഇതു നിന്റെ തലക്കിട്ടും (സലോമി ഇബ്രാഹിമിന്റെ തലയിൽ ഇടിക്കുന്നു.) ഇപ്പോൾ വയറുനോവിന്റെകൂടെ തലനോവുമില്ലേ? (ഇബ്രാഹിം കരയുന്നു. കരച്ചിൽകേട്ട് എസ്തർ പ്രവേശിക്കുന്നു.)

എസ്തർ:—എന്താണ് ഇബ്രാംകുട്ടീ, നീ എന്തിനാണ് കരയുന്നതു്?

ഇബ്രാം:—ഈ സലോമി എന്റെ തലക്കിട്ടിടിച്ചു. എന്റെ തല നോവുന്നു. (കരയുന്നു)

എസ്തർ:—സലോമെ, എന്തു്! നീ ഈ കൊച്ചിനെ ചുട്ടുതിന്നാൻ പോകയാണോ? നിങ്ങൾ രണ്ടുപേരുംകൂടി എന്താണിങ്ങനെ വഴക്കടിക്കുന്നതു്?

സലോ:—എന്റെ അമ്മച്ചീ. ഇവൻ ഇങ്ങു വന്നു എന്റെ കൈ പിച്ചിപ്പറിച്ചു. ഞാൻ പതിയെ തലക്കിട്ടൊരിടി

ഴും കൊടുത്തു. അവൻ നൊന്തിട്ടും മറവുമല്ല ഇങ്ങനെ കരയുന്നത്.

എസ്ഥർ:—അഹാ, ഇബ്രാം, നീ ചൊള്ളുകൊട്ടുത്തു ചുള വാങ്ങിക്കയായിരുന്നു, അല്ലേ? വായിച്ചുകൊണ്ടിരുന്ന പെണ്ണിനെ നീ എന്തിനു് വന്നുപദ്രവിച്ചു?

ഇബ്രാം:—അമ്മച്ചി, ഞാൻ അവളെ ഉപദ്രവിക്കാൻ വന്നതല്ല. ഒരു കാൎയ്യം പറയാൻ ഞാൻ അവളെ വിളിച്ചു. അവൾ എന്നോട്, "എന്താടാ ചെറുക്കാ, നിനക്കു വയറുനോവെടുക്കുന്നുണ്ടോ?" എന്നു ചോദിച്ചു. ദേഷ്യം വന്നു ഞാനൊന്നുപിച്ചി. അത്രേയുള്ളു.

എസ്ഥർ:—നീ എന്തു വലിയ കാൎയ്യമാണു പറയുവാൻ വന്നതു്?

ഇബ്രാം:—അമ്മച്ചി എന്നെ വഴക്കു പറയാതിരിക്കുമോ?

എസ്ഥർ:—എന്തു്, നീ നിന്റെ കൊച്ചുപെങ്ങളെ ഒന്നുപിച്ചിയതിനോ?

ഇബ്രാം:—അതല്ല, ആ കാൎയ്യം പറഞ്ഞാൽ അമ്മച്ചി വഴക്കു പറയുമോ?

എസ്ഥർ:—എന്തു കാൎയ്യമാണെടാ, അതു പറയു വേഗം. ഞാൻ യഹോവായെക്കൊണ്ടു സത്യമോ മറേറാ ചെയ്യണമോ?

ഇബ്രാം:—എന്നാൽ അ. . . അ യേശുവിന്റെ കാൎയ്യമാ.

എസ്ഥർ:—(കോപിഷ്ഠയായി) എന്തു്? ശൂദ്ദപ്പട്ടീ, യേശുവിന്റെ കാൎയ്യമോ? ഏതേശു? ശവമേ, നിന്നോടു അക്കാൎയ്യം ഇവിടെ മിണ്ടിപ്പോകരുതെന്നു ഞാൻ പറഞ്ഞിട്ടില്ലേ? നമുക്കു മോശയും പ്രവാചകന്മാരുമുണ്ടു്. നമ്മുടെ പാവനമായ ശാബത്തിനെ ലംഘിക്കുന്ന ഈ യേശു ആരുതന്നെആയിരുന്നാലും നമുക്കവനെ സ്വീകരിക്കുവാൻ പാടില്ല. എടീ, സലോമേ, ഇവന്റെ തലച്ചുഴിടിക്കയല്ല, ഇവന്റെ തല അടിച്ചുപൊളിക്കണം. എനിക്കിവിടെ പറഞ്ഞുനില്ക്കാൻ നേരമില്ല. നീ ഉപദേശിച്ചു ഈ വിഡ്ഢിയുടെ തല നേരെ വയ്ക്കു്. (എസ്ഥർ

പോകുന്നു. സലോമി സന്തോഷഭരിതയായി ഇബ്രാഹിമിന്റെ നെററിയിൽ മുത്തുന്നു.)

സലോമി.—എന്റെ കുഞ്ഞേ, നീ എന്തിനാണ് അമ്മച്ചിയോടു ആ കാര്യം പറഞ്ഞതു്? ഇനി അമ്മച്ചി എന്തെല്ലാം വഴക്കിവിടെ ഉണ്ടാക്കുമെന്നെനിക്കറിഞ്ഞുകൂടാ. ഞാൻ എത്ര ഒളിച്ചാണ് യേശുവിന്റെ പക്കൽ പോകുന്നതെന്നു നിനക്കറിഞ്ഞുകൂടെ?

ഇബ്രാം:—നീ എന്റെ തലയ്ക്കിട്ടിടിച്ചതല്ലേ ഇതിനെല്ലാം കാരണം?

സലോ:—എന്റെ കുഞ്ഞേ, നീ വിളിച്ചതെന്തിനാണെന്നു ഞാൻ അറിഞ്ഞിരുന്നോ. ഇനി എന്താണു ചെയ്യുക?

ഇബ്രാം:—എന്റെ തല നേരെ ആക്കണമെന്നല്ലേ അമ്മച്ചി പറഞ്ഞതു്. എന്റെ തല വളഞ്ഞാണോ തിരിഞ്ഞാണോ ഇരിക്കുന്നതെന്നു നീ ഒന്നു നോക്ക്.

സലോ:—എന്റെ തലയ്ക്കൊരു വളവുണ്ട്. അതുപോലെ നിന്റെ തലയ്ക്കും.

ഇബ്രാം:—എന്നാൽ നമുക്കു രണ്ടുപേർക്കുംകൂടി അങ്ങോട്ടും ഇങ്ങോട്ടും നിവക്കാം.

സലോ:—ആകട്ടെ, നീ യേശുവിന്റെ കാര്യം ഇന്നെന്തുകേട്ടു. അദ്ദേഹത്തെ കണ്ടോ?

ഇബ്രാം:—എന്റെ സലോമെ, ഞാൻ ഒരു പാട്ടു പാടട്ടെ. അതോർക്കുമ്പോൾ സന്തോഷംകൊണ്ടു ഞാൻ പുളഞ്ഞു പോകുന്നു.

സലോ:—വേണ്ട വേണ്ടാ. പാട്ടുകേട്ട് അമ്മച്ചി ഇങ്ങുവന്നാൽ നിന്നെയും എന്നെയും ഇവിടെനിന്നും ഇറക്കിവിടും. അത്രമാത്രം വിരോധമാണ് അമ്മച്ചിക്ക് യേശു ദൈവമാണെന്ന് പറയുന്നവരോട്.

ഇബ്രാം:—എന്നാൽ ഞാൻ പാടുന്നില്ല. അക്കാര്യം പറയണമോ?

സലോ:—യേശുവിനെപ്പററി കേൾക്കുന്നതാണ് എൻെറ ഹൃദയത്തിൻെറ ആനന്ദമെന്നു നിനക്കറിഞ്ഞുകൂടെ? (ഒരു തുവാല നീട്ടിയിട്ട്) ഇതാ, ഇതുകൊണ്ടു നിൻെറ മുഖമൊന്നു തുടക്കൂ. (ഇബ്രാം മുഖം തുടെക്കുന്നു, തുവാല സ്വന്തം പോക്കററിൽ തള്ളുന്നു. പുഞ്ചിരി) ഓ, അതു നിനക്കൊരു സമ്മാനമായിരിക്കട്ടെ. വേഗം കാര്യം പറയൂ.

ഇബ്രാം:—യേശുവിൻെറ കൂട്ടത്തിൽ എത്രപേർ ഉണ്ടായിരിക്കുമെന്നാണ് നീ പറഞ്ഞതു്?

സലോ:—സാധാരണ പത്തുപന്ത്രണ്ടുപേർ കാണും. നീ ഇന്ന് അദ്ദേഹത്തെ കാണുകയുണ്ടായോ?

ഇബ്രാം:—കണ്ടു. കണ്ടു. അദ്ദേഹം കുറേപേരുടെ നടുവിൽ നില്ക്കയായിരുന്നു. അപ്പോൾ അഞ്ചാറുസ്ത്രീകൾ അവരുടെ കുഞ്ഞുങ്ങളെയും എടുത്തുകൊണ്ടു് അദ്ദേഹത്തിൻെറ പക്കലേക്കു വന്നു. എന്നാൽ അദ്ദേഹത്തിൻെറ കൂടെയുണ്ടായിരുന്നവരിൽ രണ്ടുപേർ ആ സ്ത്രീകളുടെനേരെ നടന്നുചെന്നിട്ടു പറഞ്ഞു: 'ഛെ,' ഇതു കളിക്കാനുള്ള സ്ഥലമല്ല ഞങ്ങളുടെ ഗുരു ഒരിക്കലും ചിരിക്കാത്ത ആളാണ്. അതുകൊണ്ടു ഈ കുസൃതിപ്പിള്ളേരേ ഒന്നിനേയും അങ്ങോട്ടു കൊണ്ടുപോകേണ്ട.

സലോ:—നീ അവരെ അറിഞ്ഞോ, അവരുടെ ആകൃതി എന്തു്?

ഇബ്രാം:—അവർ ആരാണെന്നറിഞ്ഞുകൂടാ. ഒരാൾക്ക് നല്ലപോലെ വെളുത്തുനീണ്ട താടിമീശയുണ്ടു്, മറെറയാളുടെ മുഖത്തു മീശയൊട്ടുമില്ല. ഒററനോട്ടത്തിനു നിൻെറ മുഖം പോലിരിക്കുന്നു.

സലോ:—അവർ രണ്ടുപേരേയും എനിക്കു മനസ്സിലായി. ആ താടിമീശക്കാരനാണ് സിമെയോൻ പത്രോസ്. ശിഷ്യന്മാരുടെ ഇടയിൽ അദ്ദേഹം ഒരു കാര്യസ്ഥനാണ്. മീശ ഇല്ലാത്ത ആളാണ് യോഹന്നാൻ. യേശുവിനു് ആ ശിഷ്യനെ വലിയ കാര്യമാണ്. ആകട്ടെ, അവർ പറഞ്ഞതുകേട്ട് ആ സ്ത്രീകൾ അങ്ങു പൊയ്ക്കളഞ്ഞോ?

ഇബ്രാം:—ഇല്ല, ശിഷ്യന്മാർ തടഞ്ഞതും, ആ സ്ത്രീകൾ പോകാൻ ഭാവിച്ചതും യേശു കണ്ടു. എന്നിട്ട് അവിടുന്നു പറഞ്ഞതല്ലേ കേൾക്കേണ്ടതു്.

സലോ:—എന്തു പറഞ്ഞു. എന്തു ചെയ്തു? അതു കേൾക്കാനാണ് എന്റെ കൌതുകം.

ഇബ്രാം:—ശിഷ്യന്മാരോട് അദ്ദേഹം പറഞ്ഞു: "അല്പബുദ്ധികളെ, നിങ്ങൾ എന്തുചെയ്യുന്നു? കുഞ്ഞുങ്ങളെ കളിപ്പിക്കുവാൻ എനിക്കു സമയമില്ലെന്നോ നിങ്ങൾ കരുതുന്നതു്? ദൈവാരൂപി എന്തെന്ന് ഇനിയും നിങ്ങൾ അറിഞ്ഞിട്ടില്ല. കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുക. അവരെ ഒരിക്കലും തടയരുതു്" ഇതു കേട്ടപ്പോൾ ശിഷ്യന്മാർ ഇരുവരും ലജ്ജിച്ചു മാറിനിന്നു. സ്ത്രീകൾ കുഞ്ഞുങ്ങളെയുംകൊണ്ട് യേശുവിന്റെ പക്കലേക്കു ചെല്ലുകയുംചെയ്തു.

സലോ:—യേശു ആ കുഞ്ഞുങ്ങളെ എടുക്കയും ലാളിക്കയുംചെയ്തോ?

ഇബ്രാം:—ഒരു കൊച്ചുകുട്ടിയെ അവിടുന്നെടുത്തു മടിയിൽ ഇരുത്തി, മറ്റുള്ളവരുടെ തലയിൽ കൈവെച്ചാശിർവദിച്ചു. ഞാൻ അടുത്തുചെന്നപ്പോൾ എന്റെ തലയിലും കൈവെച്ചു; എന്നിട്ടു ചോദിച്ചു: "നിനക്കു സലോമി എന്നൊരു പെങ്ങൾ ഇല്ലെ" എന്ന്.

സലോ: —ഹാ, അങ്ങിനെയും ചോദിച്ചോ?

ഇബ്രാം:—ഉവ്വ്. നീ അദ്ദേഹത്തോട് എന്റെ കാര്യം വല്ലതും പറഞ്ഞിട്ടുണ്ടായിരുന്നോ?

സലോ:—ഞാൻ ഒന്നും പറഞ്ഞിട്ടില്ല. അദ്ദേഹംദൈവമായതുകൊണ്ട് ഇതെല്ലാം അറിയുന്നതാണ്. എന്റെ കുഞ്ഞേ, അദ്ദേഹം ഇപ്പോൾ എവിടെയാണ്? എനിക്കദ്ദേഹത്തിന്റെ സ്വരം കേൾക്കുവാനുള്ള ആഗ്രഹം വർദ്ധിച്ചുവരുന്നു.

ഇബ്രാം:—അതുകൊള്ളാം, അദ്ദേഹത്തിന്റെ സ്വരം കേൾക്കാൻ അമ്മച്ചി അറിയാതെ നാം എങ്ങനെ പുറത്തിറങ്ങും?

സലോ:—അതു സാരമില്ല. യേശു ദേവാലയത്തിൽ വന്ന ദിവസം നീ തിരക്കി അറിയണം. പാത്രാസിനോടോ യോഹന്നാനോടോ ചോദിച്ചാൽ വാസ്തവം അറിയാം. അന്നെനിക്ക് ദേവാലയത്തിൽ ഒരു നേർച്ച കഴിക്കാനുണ്ടെന്നു പറഞ്ഞ് അമ്മയുടെ അനുവാദം വാങ്ങാം. നീയും എന്റെകൂടെ പോന്നാൽമതി.

ഇബ്രാം:—അതൊരു നല്ല സൂത്രംതന്നെ. ദിവസമറിയുന്നകാര്യം ഞാനേററു. അനുവാദംവാങ്ങുന്നകാര്യം നീയും.

സലോ:—അങ്ങനെതന്നെ. എന്നാൽ നീ ആ മഗ്ദൽ മേരിയുടെ വീട്ടിലേക്ക് ചെല്ല്. ഞാൻ അടുക്കളയിൽപോയി അമ്മയുടെ ഇഷ്ടം നോക്കി നിൽക്കട്ടെ.

(ഇരുവരും മറയുന്നു. കട്ടൻ.)

## രംഗം II.

(സലോമിയും ഇബ്രാഹിമുംകൂടി ദേവാലയത്തിലേക്കു പോകുന്നു. വഴിക്ക് താടിക്കാരൻ ഒരു വൃദ്ധൻ എതിരേ വരുന്നു. വൃദ്ധൻ ഒരു വടികുത്തി നടക്കുന്നു.)

വൃദ്ധൻ:—കുഞ്ഞുങ്ങളെ നിങ്ങളവിടൊന്നു നിന്നേ. ഒരു കാര്യം പറേട്ടേ

സലോമി:—ഞങ്ങൾക്കല്പം ധൃതിയുണ്ട്. ഞങ്ങൾ ദേവാലയത്തിൽ ഒരു നേർച്ച കഴിക്കുവാൻ പോകുന്നു.

വൃദ്ധ:—എന്നാ നിങ്ങളിപ്പം പോകണ്ട. ഇന്നു നേർച്ച കഴിക്കാൻ പററുകേല.

(സലോമിയും ഇബ്രാഹിമും പരിഭ്രമിക്കുന്നു. നില്ക്കുന്നു.)

ഇബ്രാഹിം:—ഇന്നു നേർച്ചകഴിക്കുവാൻ പററുകയില്ലാത്തതെന്താണപ്പൂപ്പാ?

വൃദ്ധ:—നിങ്ങളാരുടെ സന്തതികളാ എന്നോടെന്തന്നു ചോദിക്കാൻ. എനിക്കു വയസ്സ് എഴുപതായി. ഇത്തരം കൊച്ചുങ്ങളെ എന്റെ ഈ പ്രായത്തിന്നോടിടക്കു ഞാൻ കണ്ടിട്ടില്ല.

സല്ലോ:—അപ്പൂപ്പനോടു ഞങ്ങൾ ധിക്കാരമൊന്നും പറഞ്ഞില്ലല്ലൊ. നേര്ച്ച ഇന്നുതന്നെ കഴിക്കാമെന്നു നേന്നിട്ടുണ്ട്. അതുകൊണ്ടു ചോദിച്ചു എന്നേയുള്ളു.

വൃദ്ധ:—എന്നാ എന്റെ കുഞ്ഞുങ്ങളെ, അപ്പൂപ്പനൊരു ചൊല്ലുപറഞ്ഞുതരാം. വയസ്സന്മാർ പറയുന്നതു കേട്ടോണം. അവരോട് കാരണവും മററും ചോദിച്ചേക്കരുത്. ചോദിച്ചാൽ അവർക്കു ദേഷ്യമേവരൂ.

ഇബ്രാ:—അതെന്തിനാണവർക്കു ദേഷ്യംവരുന്നതു്?

വൃദ്ധ:—നീ ഒരു തലതെറിച്ച ചെറുക്കനാണല്ലൊ. നിന്നോടല്ലെ എന്താണെന്നും എന്തിനാണെന്നും ചോദിക്കരുതെന്നു ഞാൻ പറഞ്ഞതു്? നിങ്ങൾ എവിടത്തെതാ!

സല്ലോ:—ഞങ്ങൾ ഗലീലി കടലോരത്തു പൂമുഖത്തു ബംഗ്ലാവിലെയാണ്.

വൃദ്ധ:—ഹാ, എസ്തേറിന്റെ മക്കൾ! എസ്തേർ എന്റെ അനന്തിരത്തിടെ നാത്തൂന്റെ നാത്തൂന്റെ മകളാ. മനസ്സിലായോ! കൊച്ചുങ്ങളല്ലോണ്ടാ പ്രായംചെന്നോരേം മററും അറിയൂ.

ഇബ്രാ:—ഇപ്പോൾ നമ്മൾ സംബന്ധക്കാരായല്ലൊ. അതുകൊണ്ടു് ഇനി അക്കാര്യം ഒന്നു പറഞ്ഞുതരാമോ?

വൃദ്ധ:—എന്തു കാര്യമാടാ ചെറുക്കാ? നീ തരക്കേടില്ല്യല്ലൊ.

ഇബ്രാ:—എന്താണെന്നും എന്തിനാണെന്നും ചോദിക്കരുതെന്നു പറഞ്ഞതെന്താണ്?

വൃദ്ധ:—നിന്നെക്കൊണ്ടു മടുത്തു. ഏതായാലും എന്റെ ഒരു കുഞ്ഞായിപ്പോയില്ലെ. ഞാൻ നേരങ്ങു പറഞ്ഞേക്കാം. നീ ഒരുത്തരോടും മിണ്ടിപ്പോകരുത്.

ഇബ്രോ:—ഒരുത്തരോടും പറയുകയില്ല.

വൃദ്ധ:—എന്റെ കുഞ്ഞുങ്ങളെ, വയസ്സന്മാക്ക് കാഴ്ച്ചകൾ പലതും അറിയാം. എന്നാൽ കാരണമെന്താണെന്നൊന്നും അവക്കറിഞ്ഞുകൂടായിരിക്കും. അതുകൊണ്ട് കാരണം ചോദിച്ചാൽ അവക്കരിശമേ ഉണ്ടാകു. ഞാനും ഒരു വയസ്സനല്ലെ.

സാളോ:—എന്നാൽ ദേവാലയത്തിൽ ഇന്ന് എന്തെല്ലാം വിശേഷങ്ങൾ ഉണ്ടായി എന്നു പറഞ്ഞുതന്നാൽ മതി.

വൃദ്ധ:—ഓ, വിശേഷം ഒത്തിരി. കല്ലുകൊണ്ടേറുവാങ്ങിക്കാതെ പോന്നതുതന്നെ എന്റെ ഭാഗ്യം.

ഇബ്രോ:—ഇതെന്തു കൂത്താണ്. ഇപ്പോൾ ദേവാലയത്തിലാണോ കല്ലേറും മററും നടത്തുന്നതു? മനുഷ്യർ, അല്ല ഇസ്രായേൽക്കാർ ഇത്ര വകതിരിവുകെട്ടവരായോ?

വൃദ്ധ:—വകതിരിവുകെട്ടിട്ടുംമററുമല്ല. ഞാൻ പറേട്ടെ. യേശു എന്നൊരു പിച്ചൻ ഇതിലെ നടപ്പൊള്ളതു് നിങ്ങൾക്കറിയാമോ?

സാളോ:—(ഉൽക്കണ്ഠയോടെ) അദ്ദേഹത്തെപ്പററി ഞങ്ങൾ കേട്ടിട്ടുണ്ട്. പക്ഷെ അദ്ദേഹത്തിനു പിച്ചുള്ളതായി അറിവില്ല.

വൃദ്ധ:—അതട്ടെ, ഞാൻ പറേണതു കേക്ക്. എന്നിട്ടവനു പിച്ചുണ്ടോന്നു നോക്ക്.

ഇബ്രോ:—അപ്പൂപ്പൻ പറ എന്താണവിടെ നടന്നതെന്നു.

വൃദ്ധ:—ആ യേശു എന്നു പറേണ അവൻ ദേവാലയത്തിലിരിക്കയായിരുന്നു. അപ്പഴ് ശാബത്തുദിവസം കുരുത്തക്കേടുകാണിച്ച ഒരു പെണ്ണിനെ നമ്മുടെ അളുകൾ കറേപ്പേർ വലിച്ചോണ്ടുവന്നു.

സളോ:—ആ പെണ്ണിനെ അവരെന്തിനാണ് ദേവാലയത്തിലേക്ക വലിച്ചുകൊണ്ടുവന്നതു്?

വൃദ്ധ:—അതോ; ആ യേശു എന്നവൻ ദൈവപുത്രനാണെന്നു പറഞ്ഞുനടക്കയല്ലെ. അതുകൊണ്ടു് അവളെ അവന്റെ കാഴ്ചവെക്കാനായിരിക്കും.

ഇബ്രാ:—ദൈവപുത്രനു നല്ല ആളുകളെയല്ലെ കാഴ്ച വയ്ക്കേണ്ടതു്. ഈ ഗുരുത്വംകെട്ട സത്വത്തേയാണോ?

വൃദ്ധ:—എടാ ചെറുക്കാ, നിന്നോടു ഞാൻ പറഞ്ഞിട്ടില്ലെ കേറിക്കൊണ്ടു ചോദിക്കരുതെന്നു്.

ഇബ്രാ:—ഓ അതു മറന്നുപോയി. അപ്പൂപ്പൻ പറ.

വൃദ്ധ:—വ്യഭിചാരിണികളെ കല്ലെറിഞ്ഞു കൊല്ലണമെന്നാണു് മോശനിബിടെ പ്രമാണം. അതുകൊണ്ടു അവളെ കല്ലെറിയണോ വെറുതേ വിടണോന്നൊററചോദ്യം അവർ അവനോടു്.

സലോ:—യേശുവിനോടാണോ അവർ ചോദിച്ചതു്?

വൃദ്ധ:—പിന്നെ മററു വല്ലവരോടും ആണോ? അവനങ്ങു കറങ്ങി പോയില്ലെ. കുനിഞ്ഞിരുന്നു് വിരലുകൊണ്ടു് നിലത്തു ചക്രം വരയ്ക്കാൻ തുടങ്ങി.

ഇബ്രാ:—അവർ ആ പെണ്ണിനെ പിന്നെ എന്തുചെയ്തു?

വൃദ്ധ:—എന്തുചെയ്യെന്നോ? ഏതായാലും യേശൂനു് ഒരു കൊണോണ്ടു്—സേവകൊണ്ടു് കടത്താസേവകൊണ്ടാന്നാ തോന്നണെ—ഒടുവിൽ അവൻ ഉത്തരം പറഞ്ഞു് എല്ലാരേം മട്ടപ്പിച്ചുകളേം.

സലോ:—എല്ലാവരെയും മട്ടപ്പിച്ച ആ ഉത്തരം എന്തായിരുന്നോ?

വൃദ്ധ:—അവർ പിന്നേം പിന്നേം ചോദിച്ചു ആ തേവിടിച്ചിയെ എന്തു ചെയ്യണോന്നു്. അപ്പം അവൻ തല ഏടുത്തു പിടിച്ചു പറേണ, ഹിം നിങ്ങളിൽ പാപമില്ലാത്തവൻ ആദ്യം അവളെ കല്ലെറിയട്ടേന്നു്.

S. H. SCHOLASTICATE, CHANGANACHERRY

സലോ:—കഷ്ടം, അവർ അവളെ കല്ലെറിഞ്ഞു കൊന്നു കളകയാണോ ചെയ്തതു്?

വൃദ്ധ:—കൊള്ളാം! എൻെറ കുഞ്ഞേ, അവളെ കല്ലെറിയാൻ ഇന്നീ ഉലഹത്ത് ആരാനും ഒണ്ടോ? ദോഷമില്ലാത്തവൻ വേണം അവളെ എറിയാൻ. അതുകൊണ്ട് കല്ലെടുത്തോരെല്ലാം ഇട്ടേച്ച് ഓടിക്കളഞ്ഞു.

ഇബ്രാ:—യേശുവും അവളും തനിച്ചായി ഒടുവിൽ അല്ലെ.

വൃദ്ധ:—അതെ എല്ലാവരും പോയപ്പം പിന്നെ അവർ രണ്ടും തനിച്ചായി.

സലോ:—അപ്പോൾ യേശു അവളോട് വല്ലതും പറഞ്ഞുവോ?

വൃദ്ധ:—ഏതാണ്ട് പറഞ്ഞു. ഞാൻ ഒളിച്ചിരുന്ന് ചിലതു കേട്ടു.

ഇബ്രാ:—കേട്ടത് എന്താണെന്നു പറഞ്ഞാൽ മതി.

വൃദ്ധ:—ആട്ടെ ഞാൻ ഒന്നു ചോദിച്ചോട്ടെ. യേശു ദൈവമോ മറെറാ ആണെന്നാണോ നിങ്ങളുടെ വിചാരം!

സലോ:—ഞങ്ങൾക്കിപ്പോൾ പറയത്തക്ക വിചാരമൊന്നുമില്ല യേശു ദൈവമാണെങ്കിൽ നാം സ്വീകരിക്കേണ്ടതല്ലെ?

വൃദ്ധ:—നിങ്ങൾ എന്തെങ്കിലും ചെയ്യ്. . അവൻ ഒരു കിറുക്കനാണെന്ന് എനിക്കു തീർച്ചയുണ്ട്. അല്ലെങ്കിൽ മനുഷ്യേര് വല്ലോരും ആ പെണ്ണിനോട് ഇങ്ങനെ പറയുവോ? എടീ പെണ്ണേ നിൻെറ ശത്രുക്കൾ എല്ലാരും എവിടെ, അവരാരും നിന്നെ കല്ലെറിഞ്ഞില്ലയോ; അവൾ 'ഇല്ല' എന്നു പറഞ്ഞപ്പോൾ 'എന്നാ നീ പോ. ഇനി ദോഷം ചെയ്യരുത്'!

ഇബ്രാ:—അപ്പൂപ്പൻെറ മനുഷ്യേര് വല്ലവരും ആയിരുന്നെങ്കിൽ ആ സ്ത്രീയോട് എന്തു പറയുമായിരുന്നു!

വൃദ്ധ:—എന്തു പറയുവായിരുന്നെന്ന്! പിള്ളേൾക്കെന്തറിയാം. മററു വല്ലോരുമായിരുന്നെങ്കിൽ കുറെ നല്ല വൎത്താനം അവരോടു പറകേലാരുന്നോ?

സലോ:—ഇനിയും പാപം ചെയ്യരുതെന്നല്ലേ അവളോടു പറഞ്ഞതു്. അതിൽ കൂടുതൽ നല്ല വൎത്തമാനം എന്താണുള്ളതു്? ആകട്ടെ, അപ്പൂപ്പൻ അവളെ എറിയാൻ കല്പെട്ടത്തതല്ലേ?

വൃദ്ധ:—(ചിരിച്ചുകൊണ്ടു്) നിങ്ങളോടെന്നാ പറേണെൻെറ കുഞ്ഞുങ്ങളെ, അപ്പൂപ്പൻ ഒരു പെറിയ കല്ലെടുത്താൻ. ആ യേശു നോക്കിയപ്പം ഞാൻ അതിട്ടേച്ചു് എൻെറ പാട്ടിനു കടന്നു.

ഇബ്രാ:—യേശു കിറുക്കുകാണിച്ചതു് എന്താണ്? അതപ്പൂപ്പൻ ഒന്നു പറയണം.

വൃദ്ധ:—നിന്നോടു മടുപ്പാ, ആട്ടെ നീ പറ; അവനു പിച്ചില്ലെങ്കിൽ മോശേടെ പ്രമാണപ്രകാരം അവളെ കല്ലെറിയാൻ പറകേലാന്നോ?

ഇബ്രാ:—പറയുകയില്ലായിരുന്നു.

വൃദ്ധ:—ഹോ, കുരുത്തംകെട്ട പിള്ളേര്. ഈ ഏഴുപത്തു കൊല്ലത്തിനിടക്ക് എന്നോടിങ്ങനെ ആരും പറഞ്ഞിട്ടില്ല. എസ്റ്റേറിനെ ഞാനൊന്നു കണ്ടു ചോദിക്കട്ടെ മക്കളെ വളൎത്തുന്നതിങ്ങനെയാണോന്നു്.

സലോ:—അപ്പൂപ്പൻ കോപിക്കാതെ, അവൻെറ അഭിപ്രായം പറഞ്ഞു എന്നല്ലേയുള്ളു.

വൃദ്ധ:—ഓവ, നീയും പെഴ. പോകിൻ. അസത്തുക്കൾ എൻെറ കണ്ണാംവെട്ടത്തൂന്നു്.

സലോ:—അപ്പൂപ്പൻ ദയവായി ക്ഷമിക്കണം.

വൃദ്ധ:—അമ്പടി, ഇപ്പം നീ പഠിച്ചു അല്ലേ. എനിക്കൊന്നുമില്ല. അപ്പൂപ്പൻ ദേ പോണു. (വൃദ്ധൻ പോകുന്നു.)

ഇബ്രൊ:—ഇതൊരു കുതിതന്നെ. ഇനി നാം എന്തു ചെയ്യണം.

സദോ:—നമുക്കു ദേവാലയത്തിലേക്കുതന്നെ പോകാം.

(പോകുന്നു കർട്ടൻ.)

## രംഗം III.

(ഒരു കല്ലുമായി അബിമെലെക്ക് ഓടിപ്രവേശിക്കുന്നു, അങ്ങോട്ടും ഇങ്ങോട്ടും വേഗത്തിൽ നടക്കുന്നു—ആത്മഗതം)

അബിമെലെക്ക്—ഹ്ം, എന്ത്! അരിയും തിന്നു ആശാരിച്ചിയേയും കടിച്ചു; പിന്നെയും നായിക്കു മുറുമുറുപ്പ്. അവൻ! ആ ധിക്കാരി! സകലരും കുമ്പിടുന്ന നമ്മുടെ പുരോഹിതന്മാരെ വെറും പട്ടികളെപ്പോലെ ചവിട്ടുന്നു. അവനെ ഇനി വച്ചു വാഴിക്കാൻ പാടില്ല. അവൻ മൂത്തു മൂത്തു തലയിൽ കയറിയിരുന്നു നിരങ്ങാൻ തുടങ്ങിയിരിക്കയാണ്. ഈ യഹൂദപ്പട്ടികൾക്കു ഒന്നിനു ചുണയില്ല. ആ ദരിദ്രന്റെ പിറകേ ഓടിക്കൂടുന്ന എബ്രായകുട്ടികളെ കാണുമ്പോൾ എന്റെ ചങ്കു തകർന്നുപോകുന്നു. നമ്മുടെ മൂശയേയും, ഏലിയായേയും, ജറമിയായേയും വിട്ടുംവച്ച് ആ പാവങ്ങൾ ഒരാശാരിച്ചെറുക്കനെ മ്ശിഹാ എന്ന നിലയിൽ സ്വീകരിക്കയും അനുഗമിക്കുകയുംചെയ്യുന്നതു കഷ്ടാൽകഷ്ടതരമല്ലെ! എന്റെ കയ്യിൽ ഇരിക്കുന്ന ഈ കരിങ്കല്ല് അവൻ ദൈവപുത്രനാണോ എന്നു പരിശോധിച്ചു തീർച്ചചെയ്യും. എവിടെ അവൻ? ദേവാലയത്തിന്റെ കിഴക്കേവാതുക്കൽ നില്ക്കുന്നതു കണ്ടവരുണ്ട്. പിന്നെ അവൻ എവിടെ ഒളിച്ചു? ആര് ഒളിപ്പിച്ചിരിക്കുന്നു? ഇന്നു ഞാൻ യഹോവായെക്കൊണ്ടു സത്യംചെയ്യുന്നു:—ആ ധിക്കാരിയും അവനെ ഒളിപ്പിച്ചിരിക്കുന്നവനും അവന്റെ കുടുംബവും ഇസ്രായേൽക്കാരുടെ ന്യായമായ കോപത്തിൽനിന്നു രക്ഷനേടുകയില്ല. നിശ്ചയം.

(ആബെറോൺ ഒരു കല്ലുമായി പ്രവേശിക്കുന്നു)

ആബെറോൺ:—മഹാനായ അബിമെലേക്കേ, അവൻ ബിൽസബബിൻെറ അവതാരംതന്നെ സംശയമില്ല. ഇത്രയും വലിയ ജനക്കൂട്ടത്തിൻെറ നടുവിൽനിന്നും അവർ എങ്ങനെ അപ്രത്യക്ഷനായി?

അബി:—എൻെറ ആബെറോൺ, സഹോദരാ, ഞാൻ ഈ വലിയ കല്ലുംവഹിച്ചുകൊണ്ട് ഓടി ഓടി ക്ഷീണിച്ചു വിവശനായിരിക്കുന്നു. നമുക്കിവിടെ ഒന്നിരുന്നു വിശ്രമിക്കാം.

ആബെ:—നല്ല അഭിപ്രായം. എനിക്കും അല്പം ആശ്വസിക്കണമെന്നുണ്ട്. ഈ ചുട്ടെരിയുന്ന വെയിലത്തു ഞാനും വളരെ അധികം ബുദ്ധിമുട്ടി. (ഇരുവരും ഇരിക്കുന്നു.)

അബി:—ഏശുവിൻെറ പേക്കിനാവുകൾ അവസാനിപ്പിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. നമ്മുടെ പിതാവായ അബ്രാഹത്തിനുമുമ്പേ അവൻ ജീവിച്ചിരുന്നു എന്നല്ലേ അവൻ നമ്മോടു പറഞ്ഞതു്?

ആബെ:—അതെ, അമ്പതുവയസ്സുതന്നെയും ആയിട്ടില്ലാത്ത അവൻ അബ്രാഹത്തിനെ കണ്ടിട്ടുണ്ടെന്നു്! ഭ്രാന്തു് ഇതിലും കൂടുതൽ മുഴുക്കാനുണ്ടോ? ഹിം, അബ്രാഹം അവൻെറ ദിവസങ്ങളെ കണ്ടു സന്തോഷിച്ചുപോലും!

അബി:—അതുതന്നെയോ! അവൻെറ വചനം കാക്കുന്നവൻ ഒരിക്കലും മരണം കാണുന്നതല്ലെന്നും അവൻ പറഞ്ഞില്ലേ ?

ആബെ:—ഓഹോ, അങ്ങനെയും പറഞ്ഞു. അവനൊരു പിശാചുണ്ടെന്നുള്ളതിലെന്താണു സംശയം? നമ്മുടെ പിതാവായ അബ്രാഹം മരിച്ചു. പ്രവാചകന്മാരും മരിച്ചു. അവരെല്ലാരെക്കാളും വലിയവനാണെന്നാണു ഭാവം. നമ്മളെല്ലാവരും പിശാചിൻെറ സന്തതികളാണെന്നുംകൂടി അവൻ തട്ടിവിട്ടില്ലേ?

(കയ്യാപ്പാസ് അനുചരന്മാരോടുകൂടി നടന്നുവരുന്നു. സോബോല്യ സിംഹാസനം എടുത്തിരിക്കുന്നു.)

അബി:—അഹോ, സഹോദരാ, നമ്മുടെ മഹാപുരോഹിതൻതന്നെ ഇങ്ങോട്ടുവരുന്നു. അദ്ദേഹം ഇന്നു വളരെ അസ്വസ്ഥനായിട്ടാണു കാണപ്പെടുന്നത്. (കയ്യാപ്പാസ് അടുക്കുന്നു. ഇരുവരും എഴുന്നേററ് ആർത്തുവിളിക്കുന്നു.)

ഇരുവരും:—യഹോവായുടെ മഹാപുരോഹിതനായ കയ്യാപ്പാസ് ജയിക്കട്ടെ!

എല്ലാവരും:—ജയിക്കട്ടെ, ജയിക്കട്ടെ!

കയ്യാ:—സോബോല്യ, സിംഹാസനം ഇവിടെ ഇടു; നാം ഇരിക്കട്ടെ. (സോബോല്യ കസേര താഴ്ത്തുന്നു. കയ്യാപ്പാസ് ഇരിക്കുന്നു.)

കയ്യാ:—അബിമെലെക്ക്, അബൈറോൺ, നാം നിങ്ങളെ നിയോഗിച്ചയച്ചകാര്യം എന്തായി?

അബി:—അടിവന്ദ്യതിരുമേനി, ഞങ്ങൾ അടുത്ത പ്രദേശങ്ങൾ എല്ലാം അന്വേഷിച്ചു. ഇതുവരെ ഒരു തുമ്പും ഉണ്ടായില്ല.

കയ്യാ:—ചുണകെട്ട കഴുതകൾ! നിങ്ങൾ മുലപ്പാൽ കുടിച്ചു വളന്നവരല്ലേ?

ആബൈ:—തിരുമേനി, അടിയങ്ങൾ ഉപേക്ഷ ഒന്നും കാണിച്ചില്ല, ഈ യേശു എന്നു പറയുന്നവൻ ഒരു വലിയ മന്ത്രവാദിയാണ്. വൃക്ഷങ്ങളിലേ കായ്കൾക്കുള്ളിൽ അവന് എത്രദിവസം വേണമെങ്കിലും ഒളിച്ചിരിക്കാൻ സാധിക്കുമെന്നാണ് ജനസംസാരം.

കയ്യാ:—എന്ത്? നിങ്ങൾ നമ്മോടു വിഡ്ഢിത്തം പുലമ്പുന്നോ? ആ തച്ചൻെറ മകനെ നാം നന്നായിട്ടറിയുന്നു എന്നു നിങ്ങൾ ധരിക്കണം. അവൻ നമ്മുടെ കുലത്തിൻെറ

പരമശത്രുവാണ്. ഇസ്രായേലിന്റെ രക്ഷയ്ക്കുവേണ്ടി അവൻ നശിക്കണം.

എല്ലാവരും:—അവൻ നശിക്കണം ഇതാ യഹോവായുടെ സ്വരം. യേശു മരിക്കണം, നശിക്കണം, മരിക്കണം, നശിക്കണം.

(ഒരാൾ ഓടിക്കിതച്ചു പ്രവേശിക്കുന്നു. കയ്യാപ്പാസിന്റെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യുന്നു.)

കയ്യാ:—എന്തെടാ, നീ ഇത്ര വിരണ്ടോടിയത്? നിന്നെ പിടിക്കുവാൻ വല്ല സിംഹവും പുറകെ പായുന്നുണ്ടായിരിക്കുമോ?

ദൂതൻ:—തിരുമേനി, സ്വന്ത ഭുജബലംകൊണ്ട് സിംഹങ്ങളെ നിഗ്രഹിച്ച ദാവീദുരാജാവിന്റെ ഗോത്രക്കാരനാണ് അടിയൻ. അടിയന് ഒരു സിംഹത്തെയും ഭയമില്ല. പക്ഷേ......

കയ്യാ:—പക്ഷേ എന്ത്? വേഗം നമ്മോടുണർത്തിക്കൂ.

ദൂതൻ:—വന്ദ്യ തിരുമേനി, സാൻഹെഡ്റിൻ സംഘാംഗങ്ങൾ അടിയനെ ഇങ്ങോട്ടയച്ചതാണ്. ആ വിപ്ലവകാരി ജനങ്ങളുടെ ഇടയിൽ വീണ്ടും ഒരു ക്ഷോഭമുണ്ടാക്കിയിരിക്കുന്നു.

കയ്യാ:—എന്ത്? ആ കമ്മാളസന്താനമോ! (തിരിഞ്ഞ്) അബിമെലെക്ക്?

അബി:—(വിറച്ചുകൊണ്ട്) ഞാൻ, അടിയൻ.

കയ്യാ:—അല്പായുസ്സുകളായ നിങ്ങളെക്കൊണ്ടു നാം നന്നേ കുഴങ്ങിയിരിക്കുന്നു. വല്ല മടയന്മാരും പറയുന്നതെല്ലാം അപ്പടി വിശ്വസിച്ച് യേശു ഒരതിമാനുഷനാണെന്നു നിങ്ങൾ ധരിച്ചിരിക്കുന്നു.

എല്ലാവരും:—ഇല്ല, അവൻ വഞ്ചകൻ, ശമ്റായൻ, കൊതിയൻ, ബീൽസുബാബ്.

കയ്യാ:—ആകട്ടെ; ദൂതാ, അവൻ എന്തു ചെയ്തു ഇപ്പോൾ?

ദൂതൻ:—വന്ദ്യ തിരുമേനീ, യഹൂദകുലത്തിൽ ജനിച്ച ഒരുവന്, അതിലും പ്രധാനാചാര്യനായ അങ്ങേയ്ക്കു് അതു സഹിക്കത്തക്കതല്ല. അവൻ നമ്മുടെ നിയമജ്ഞന്മാരെയും ഫ്രീശന്മാരെയും ഒന്നല്ല, രണ്ടല്ല, എട്ടുപ്രാവശ്യം ശപിച്ചു കളഞ്ഞു.

കയ്യാ:—അവൻറ വാക്കുകൾ അക്ഷരം വിടാതെ നമ്മെ പറഞ്ഞു കേൾപ്പിക്കു.

ദൂതൻ:—യേശു ജനങ്ങളുടെനേരെ തിരഞ്ഞു പ്രസംഗിച്ചു. മൂശയുടെ സിംഹാസനത്തിൽ സാപ്രേന്മാരും ഫ്രീശേന്മാരും ഇരിക്കുന്നു. ആകയാൽ നിങ്ങൾ അനുസരിക്കണമെന്ന് അവർ നിങ്ങളോടു പറയുന്നതൊക്കയും നിങ്ങൾ അനുസരിക്കയും പ്രവർത്തിക്കയും ചെയ്യുവിൻ. എന്നാൽ അവരുടെ പ്രവൃത്തികൾപോലെ നിങ്ങൾ ചെയ്യരുത്. എന്തുകൊണ്ടെന്നാൽ അവർ പറയുന്നുവെങ്കിലും അവർ പ്രവൃത്തിക്കുന്നില്ല.

കയ്യാ:—അവൻ അത്യുന്നതൻറ പുരോഹിതഗണത്തെ ഒന്നടങ്കം അധിക്ഷേപിച്ചിരിക്കുന്നു. "അവരുടെ പ്രവൃത്തികൾപോലെ നിങ്ങൾ പ്രവർത്തിക്കരുതു്!" നാമും നമ്മുടെ ലേവായരും അഭ്യാസന്മാരും ദുർവൃത്തന്മാരുമാണെന്നല്ലെ അവൻറ ജല്പനങ്ങൾ!

അമ്പെ:—നമ്മുടെ പരിശുദ്ധരായ പുരോഹിതരെ അപമാനിക്കുന്ന ഈ ധിക്കാരിയെ ജീവനോടെ വിട്ടയക്കാൻ പാടില്ല.

കയ്യാ:—കൊള്ളാം. അവൻറ പ്രസംഗം മുഴുവനും ശ്രവിക്കട്ടെ.

ദൂതൻ:—"അവർ ഭാരമുള്ള ചുമടുകൾകെട്ടി മനുഷ്യരുടെ തോളുകളിൽ വയ്ക്കുന്നു. എന്നാൽ തങ്ങളുടെ വിരൽകൊണ്ടുപോലും അവ തൊടുവാൻ അവൎക്കു മനസ്സില്ല. അവർ ത

CHAN



ങ്ങളുടെ പ്രവൃത്തികളെല്ലാം മനുഷ്യരാൽ കാണപ്പെടേണ്ടതിനായി ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അവർ തങ്ങളുടെ നെററിപ്പട്ടങ്ങൾക്കു വീതികൂട്ടുകയും തങ്ങളുടെ കുപ്പായങ്ങളുടെ തൊങ്ങലുകൾ നീട്ടുകയും ചെയ്യുന്നു. അവർ വിരുന്നുകളിൽ മുൻ ഇരുപ്പും, സംഘങ്ങളിൽ പ്രധാന പീഠവും, തെരുവീഥികളിൽ വന്ദനവും റബ്ബി എന്നു മനുഷ്യരാൽ വിളിക്കപ്പെടുവാനും ഇച്ഛിക്കുന്നു.”

കയ്യാ:—മതി നിറുത്തു. ഇനി കേൾക്കുവാൻ എനിക്കു ക്ഷമയില്ല.....അബെറോൺ, അബിമെലെക്ക്.

ഇരുവരും:—ഞാൻ. അടിയങ്ങൾ.

കയ്യാ:—നിങ്ങൾ ഉടൻ പോയി ആ ദ്രോഹിയെ രണ്ടു മണിക്കൂറിനുള്ളിൽ പിടിച്ചുകെട്ടി പാറാവിലാക്കു. ശീഘ്രം. (ഇരുവരും താണുവീണു തൊഴുതുപോകുന്നു. കയ്യാപ്പാസ് ദൂതനോട്) ദൂതാ, അവന്റെ ശാപവചനങ്ങൾ എന്തെല്ലാമായിരുന്നു—കേൾക്കട്ടെ.

ദൂതൻ:—“കപടഭക്തരായ സാപ്രേന്മാരെ, പ്രീശേന്മാരെ, നിങ്ങൾക്കു ദുരിതം. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ പ്രാൎത്ഥനകൾ ദീർഘിപ്പിച്ചുകൊണ്ട് വിധവകളുടെ ഭവനങ്ങൾ നിങ്ങൾ വിഴുങ്ങിക്കളയുന്നു.”

കയ്യാ:—നമ്മുടെ വന്ദ്യരായ പുരോഹിതന്മാർ വിധവകളുടെ ഭവനങ്ങളെ വിഴുങ്ങുവാൻ നീണ്ട പ്രാൎത്ഥനകൾ നടത്തുന്നു എന്നോ! (വിളിക്കുന്നു) ഇസ്ക്രെമോൻ.

ഇസ്ക്രെമോൻ:—ഞാൻ. അവിടുത്തെ തിരുവുള്ളം.

കയ്യാ:—യേശുവിന്റെപേരിൽ ഒരു കേസുണ്ടാക്കുന്നതിനുവേണ്ട വിഭവങ്ങളാണിവ. ദൂതൻ പറയുന്നതുപോലെ നീ എഴുതി എടുക്കുക. എട്ടു സാക്ഷികളെക്കൊണ്ട് ഇതെല്ലാം നമ്മുടെ മുമ്പാകെ പറയിപ്പിക്കുവാൻ ഒരുക്കുകയും വേണം.

ഇസ്ക്രെമോൻ:—കല്പനപോലെ. (അയാൾ എഴുതി എടുക്കുന്നു—സംശയമുള്ള ഭാഗങ്ങൾ ദൂതനോടു ചോദിക്കയും ചെയ്യുന്നു.)

കയ്യാ:—രണ്ടാമത്തെ ശാപവാക്യം എങ്ങനെ?

ദൂതൻ:—"കപടഭക്തരായ സാപ്രേന്മാരെ, പ്രീശേന്മാരെ നിങ്ങൾക്കു ദുരിതം! എന്തുകൊണ്ടെന്നാൽ നിങ്ങൾ മനുഷ്യരുടെ മുമ്പിൽ സ്വർഗ്ഗരാജ്യം അടെച്ചുകളയുന്നു. എന്തെന്നാൽ നിങ്ങൾ പ്രവേശിക്കുന്നില്ല, പ്രവേശിക്കുവാൻ പോകുന്നവർ പ്രവേശിക്കുവാൻ നിങ്ങൾ സമ്മതിക്കുന്നുമില്ല."

കയ്യാ:—നമ്മുടെ വൈദികശ്രേഷ്ഠന്മാർ മതത്തിനും സ്വർഗ്ഗത്തിനും, യഹോവായിക്കും എതിരായി പ്രവർത്തിക്കുന്നു എന്നല്ലെ അതിൻെറ ധ്വനി?

എല്ലാവരും:—അതെ, അതെ, അവൻ നമ്മുടെ മതാദ്ധ്യക്ഷന്മാരെ അതിരുകടന്നാക്ഷേപിച്ചിരിക്കുന്നു.

കയ്യാ:—ഇസ്ക്രെമോൻ, ആ വാക്യം രണ്ട് എന്നു നമ്പരിട്ട് എഴുതി എടുക്കൂ. (എഴുതുന്നു) അടുത്തതു്?

ദൂതൻ:—കുരുടരായ വഴികാട്ടികളെ, നിങ്ങൾക്കു ദുരിതം! എന്തുകൊണ്ടെന്നാൽ നിങ്ങൾ പറയുന്നു: ദേവാലയത്തെക്കൊണ്ടു ആണയിട്ടാൽ ഒന്നുമില്ല; എന്നാൽ ദേവാലയത്തിലെ സ്വർണ്ണത്തെക്കൊണ്ട് ആരെങ്കിലും ആണ ഇട്ടാൽ അവൻ കുററക്കാരനാകുന്നു. മൂഢന്മാരെ, കുരുടന്മാരെ, ഏതു വലിയതു്? സ്വർണ്ണമോ, സ്വർണ്ണത്തെ വിശുദ്ധമാക്കുന്ന ദേവാലയമോ?"

കയ്യാ:—ആ ധിക്കാരി, നമ്മുടെ നിയമജ്ഞന്മാരെയും പ്രീശരേയും മൂഢന്മാർ, കുരുടന്മാർ എന്നൊക്കെ വിളിച്ചിരിക്കുന്നു! ദേവാലയത്തിലെ നടപടികൾ നിശ്ചയിക്കുവാൻ അവൻ ആരാണു്?

ഇസ്ക്രെമോൻ:—അതിനു മൂന്ന് എന്നക്കമിട്ടു—ദൂതാ, അവൻ പിന്നീടെന്തുപറഞ്ഞു?

ദൂതൻ:—"കപടഭക്തരായ പ്രീശേന്മാരെ, സാപ്രേന്മാരെ നിങ്ങൾക്കു ദുരിതം! എന്തുകൊണ്ടെന്നാൽ നിങ്ങൾ ഒരുത്തനെ മതാവലംബിയാക്കുവാനായി കടലും കരയും ചുററിസ

ഞ്ചരിക്കുന്നു. അവൻ അങ്ങനെ ആയശേഷം നിങ്ങൾ അവനെ നിങ്ങളെക്കാൾ ഇരട്ടിയായി നരകപുത്രനാക്കുകയും ചെയ്യുന്നു.”

കയ്യാ:— അവന്റെ ഭാഷയിൽ നാമും ഒരു നരകപുത്രൻ! നമ്മെയും നമ്മുടെ സഹായികളെയും നരകപുത്രർ അല്ലെങ്കിൽ പിശാചുക്കൾ എന്നു വിളിച്ചതായി നാലാമത്തു് ഒരു സാക്ഷി ഉണ്ടാകട്ടെ. ഹ്ം, ഇനിയും അടുത്തതു്?

ദൂതൻ:— കപടഭക്തരായ സാസ്രേന്മാരേ, പ്രീശന്മാരേ നിങ്ങൾക്കു ദുരിതം! എന്തുകൊണ്ടെന്നാൽ നിങ്ങൾ തുളസിയിലും ശതകുപ്പയിലും ജീരകത്തിലും ദശാംശം കൊടുക്കുന്നു; എങ്കിലും നിയമത്തിന്റെ ഗുരുതരങ്ങളായ നീതിയും, കരുണയും, വിശ്വാസവും നിങ്ങൾ വിട്ടുകളഞ്ഞിരിക്കുന്നു. എന്നാൽ ഇവ നിങ്ങൾ ചെയ്യുകയും അവ വിട്ടുകളയാതിരിക്കയും ചെയ്യേണ്ടിയിരുന്നു.”

കയ്യാ:— അഹോ ഭയങ്കരം. നീതിയേയും വിശ്വാസത്തേയും സംരക്ഷിക്കുന്ന സാസ്രേന്മാരും പ്രീശന്മാരും അനീതിമാന്മാരും അവിശ്വാസികളുമാണെന്നല്ലേ അവൻ പറയുന്നതു്?

എല്ലാവരും:— ഭയങ്കരം, ഭയങ്കരം. ഇതിനുതക്ക ശിക്ഷ അവൻ അനുഭവിക്കണം.

കയ്യാ:— ഇസ്ക്രെമോൻ, ഇതഞ്ചാമത്തെ വാക്യമാണ്. ദൂതാ, പറയൂ അടുത്തതു്.

ദൂതൻ:— “കപടഭക്തരായ സാസ്രേന്മാരേ, പ്രീശന്മാരേ, നിങ്ങൾക്കു ദുരിതം! എന്തുകൊണ്ടെന്നാൽ നിങ്ങൾ പാനപാത്രത്തിന്റെയും ഭക്ഷണപാത്രത്തിന്റെയും പുറം ശുദ്ധമാക്കുന്നു. എന്നാൽ അകമേ ദുഷ്ടതയും കവർച്ചയുംകൊണ്ടു നിറഞ്ഞിരിക്കുന്നു.”

കയ്യാ:— നമ്മുടെ പരിപാവനങ്ങളായ ആചാരങ്ങളെ അവൻ അപലപിക്കുന്നതിനു തെളിവായി ആറാമത്തെ സാക്ഷി ഇതു കൊണ്ടുവരട്ടെ. അടുത്തതു്?

ദൂതൻ:—"കപടഭക്തരായ സപ്രേന്മാരേ, പ്രീശന്മാരേ നിങ്ങൾക്കു ദുരിതം! എന്തുകൊണ്ടെന്നാൽ നിങ്ങൾ പുറമെ വെള്ളതേച്ച ഭംഗിയുള്ളവയായി കാണപ്പെടുന്നെങ്കിൽ അകമെ മരിച്ചവരുടെ അസ്ഥികളും സകലവിധ മ്ലേഛതകളുംകൊണ്ടു നിറഞ്ഞിരിക്കുന്ന ശവക്കല്ലറകളോടു തുല്യരാകുന്നു."

കയ്യാ:—കൊള്ളാം! നാം പുറമെ മനുഷ്യർക്കു നീതിമാന്മാരായി കാണപ്പെടുന്നു; എന്നാൽ അകമേ ദുഷ്ടതയും! നമ്മെ ശവക്കല്ലറ എന്നു വിളിച്ചപമാനിച്ചു എന്നുള്ളതിനു ഒരു തെളിവ്. ഇസ്ക്രെമോൻ, ഇതിനു എഴെന്നകമിട്ടു.

ദൂതാ:—അവസാനത്തതെന്തു്? നിന്റെ ഓർമ്മശക്തി വിസ്മയകരംതന്നെ.

ദൂതൻ:—"കപടഭക്തരായ സാപ്രേന്മാരേ, പ്രീശന്മാരേ, നിങ്ങൾക്കു ദുരിതം! എന്തുകൊണ്ടെന്നാൽ നിങ്ങൾ പ്രവാചകന്മാരുടെ കല്ലറകൾ പണിയുകയും നീതിമാന്മാരുടെ കല്ലറകൾ അലങ്കരിക്കയും, ഞങ്ങളുടെ പിതാക്കന്മാരുടെ നാളുകളിൽ ഞങ്ങൾ ഉണ്ടായിരുന്നെങ്കിൽ പ്രവാചകന്മാരുടെ രക്തത്തിൽ അവരോടുകൂടി ഞങ്ങൾ പങ്കുകാരാകയില്ലായിരുന്നു എന്നു നിങ്ങൾ പറയുകയും ചെയ്യുന്നു. ആകയാൽ പ്രവാചകന്മാരെ കൊന്നവരുടെ മക്കളാകുന്നു നിങ്ങൾ എന്നു നിങ്ങൾക്കെതിരായി നിങ്ങൾതന്നെ സാക്ഷ്യം വഹിക്കുന്നു."

(കയ്യാപ്പാസ് എഴുന്നേറ്റു പുറവും നില്ക്കുന്നവരോടായി പ്രസംഗിക്കുന്നു.)

ഇസ്രായേലിന്റെ സന്തതികളേ, നിങ്ങളുടെ സിരകളിൽക്കൂടി ഒഴുകുന്നതു യഹൂദന്മാരുടെ കറയററ ചുടുരക്തമല്ലയോ? മൂന്നുകൊല്ലമായി ആ യേശു എന്നവൻ, ആ തച്ചന്റെ മകൻ, പ്രക്ഷോഭണങ്ങൾ നടത്തിവരുന്നതു നിങ്ങൾ കാണുന്നില്ലേ? അവന്റെ പ്രഭാഷണങ്ങൾ നിങ്ങൾ കേൾക്കുന്നില്ലേ? എന്നിട്ടും, നിങ്ങൾ എന്തു ചെയ്തു? അവൻ നമ്മുടെ കുലത്തെയും, ജാതിയെയും, മതത്തെയും നാമാവശേഷമാക്കുവാൻ ശ്രമിക്കുന്നതും നിങ്ങൾ കാണുന്നു. എന്നാലെന്തു്? നിങ്ങളുടെ സ്വരം അവനെതിരായി ഉയർത്തുവാൻ നിങ്ങൾക്കു കഴിയു

ന്നില്ല. പാമ്പാട്ടിയുടെ ഓടക്കുഴലിന്റെ മുമ്പിൽ തലയാട്ടുന്ന സർപ്പങ്ങളെപ്പോലെ നിങ്ങൾ അവന്റെ മുമ്പിൽ നമ്രശിരസ്കരായിപോകുന്നു. ഇതു നിങ്ങൾക്കഭിമാനമാണോ? അവന്റെ ചെപ്പടിവിദ്യകൾ അത്ഭുതങ്ങളാണെന്നു നിങ്ങൾ വ്യാമോഹിക്കുന്നു. നമ്മുടെ അഭിമാനസ്തംഭമായ പുരോഹിതവർഗ്ഗത്തെ ഇന്നവർ ശാപവർഷങ്ങൾകൊണ്ടു മൂടിയിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലേ? നിങ്ങൾ ജീവനുള്ള ദൈവത്തിൽ വിശ്വസിക്കുന്നെങ്കിൽ നിങ്ങൾ യഹോവായുടെ തിരഞ്ഞെടുക്കപ്പെട്ട ജനമാണെങ്കിൽ നിങ്ങളുടെ വീര്യപരാക്രമങ്ങൾ ഇന്നു കാണട്ടെ. ഇവനു തക്ക ശിക്ഷകൊടുക്കേണ്ടതു് നമ്മുടെ ധർമ്മമല്ലയോ എന്നു നിങ്ങൾ പറയുവിൻ.

എല്ലാവരും:—ധർമ്മം, ധർമ്മം നടത്തണം, നീതിനടക്കണം.

കയ്യാ:—എന്നാൽ നമുക്കു പോകാം. അബിമെലെക്കും, അബെറോണുംകൂടി അവനെ നമ്മുടെ മുമ്പിൽ ഹാജരാക്കട്ടെ. ഇസ്ക്രെമോൻ, സാക്ഷികളെ തയ്യാറാക്കിക്കൊള്ളുക.

(എല്ലാവരും പോകുന്നു കർട്ടൻ)

## രംഗം IV. തെരുവീഥി.

(അബിമെലക്കും അബെറോണും പ്രവേശിക്കുന്നു.

അബിമെലെക്ക്:—ആ പ്രധാനാചാര്യന്റെ കല്പന നടത്താൻ എന്നെക്കൊണ്ടാവില്ല. യേശുവിന്റെ അടുക്കലേക്ക് ഞാനു ചെല്ലുന്നതുതന്നെ എങ്ങനെ?

അബെറോൺ:—എനിക്കും അതുതന്നെയാണഭിപ്രായം; അബിമെലെക്ക്; യഹൂദകുലത്തിൽ ഇതുപോലെ പ്രസംഗിക്കുന്ന ഒരുത്തൻ ഇതിനുമുമ്പുണ്ടായിട്ടില്ലാ ഇനിയുണ്ടാകയുമില്ല. ഏതു ചോദ്യത്തിനും തക്ക മറുപടി അപ്പഴപ്പോൾ അവൻ കൊടുക്കുന്നതു കണ്ടില്ലേ? അവനെ തോല്പിക്കുവാൻ കരുത

കൂട്ടി ചെന്നവരൊക്കെ തോററു തൊപ്പിയിട്ടു പിന്തിരിഞ്ഞുപോയി.

അബി:—ആ പ്രസ്താവന കുറേ കടന്നുപോയി, ആബെറോൺ; യേശുവിനു ചില വിശിഷ്ടഗുണങ്ങളെല്ലാമുണ്ടു്. ലോകത്തിൽ ഒരുത്തനെയും അവനു ഭയമില്ല. കാൎയ്യങ്ങൾ തുറന്നു പറയും. അതെല്ലാം നാം സമ്മതിച്ചുകൊടുക്കണം. എന്നാലും ആ ദൂതൻ നമ്മുടെ പ്രധാനാചാൎയ്യന്റെ സമക്ഷം ബോധിപ്പിച്ചതുപോലെ യേശു ജനങ്ങളോടു പ്രസംഗിച്ചുവെങ്കിൽ അവൻ നമ്മുടെ കുലത്തിന്റെ ബദ്ധശത്രുവാണെന്നുള്ളതിൽ സന്ദേഹമുണ്ടോ?

ആബെ:—എനിക്കു തോന്നുന്ന അഭിപ്രായം ഞാൻ അങ്ങു തെളിച്ചു പറഞ്ഞുകൊള്ളട്ടെ. മററു വല്ലവരുടെയും ചെവിയിൽ പോയാൽ എന്റെ ജീവൻ പന്തയത്തിലാകുമേ. അതോൎത്തുകൊള്ളണം.

അബി:—ഏതും തുറന്നു പറഞ്ഞുകൊള്ളൂ. എന്റെ ആബെ, താൻ ഒന്നും ഭയപ്പെടേണ്ട. എന്നിൽനിന്നു ഒരാപത്തും ഉണ്ടാകുന്നതല്ല.

ആബെ:—എന്നാൽ പറയാം. നമ്മുടെ പ്രീശന്മാരെക്കുറിച്ചും സാപ്രന്മാരെക്കുറിച്ചും യേശു പ്രസംഗിച്ചതു വല്ലതും അവാസ്തവമാണോ? സത്യം തുറന്നു പറയുവാൻ ചങ്കൂററമുള്ള യേശുവിനെ നാം അഭിനന്ദിക്കയല്ലെ വേണ്ടതു്?

അബി:—എന്റെ സ്നേഹിതാ, മിണ്ടാതിരിക്കൂ. തനിക്കൊരു നെല്ലിക്കാത്തളമാണിപ്പോൾ ആവശ്യം. യഹോവായുടെ പുരോഹിതവൎഗ്ഗത്തെപ്പററി വിധികല്പിക്കുവാൻ, ദേവാലയകൎമ്മാദികളെപ്പററി വിമർശിക്കുവാൻ യേശുവിനെന്തധികാരമാണുള്ളതു്? അവന്റെ അപ്പനേയും അമ്മയേയും നാം അറിയുന്നതല്ലെ? ആ യൗസേപ്പ് എത്ര വിനീതനായ മനുഷ്യനായിരുന്നു! മറിയം അയാൾക്കു ചേൎന്ന ഭാൎയ്യയും. എന്നാൽ അവരുടെ മകൻ ഇത്തരത്തിലായതെന്തോ!

ആബെ:—യേശു അത്തരത്തിലായതുകൊണ്ടു് എനി

ക്കൊരു ഖേദവുമില്ല. ഒന്നുകിൽ അവൻ എല്ലാ പ്രവാചക ന്മാരെയും വെല്ലുന്ന ഒരു പ്രവാചകൻ; അല്ലെങ്കിൽ യഹോവാതന്നെ മറുരൂപമെടുത്തവൻ. എനിക്കതിലൊട്ടും സംശയമിപ്പോൾ തോന്നുന്നില്ല.

അബി:—ഒരു യഹൂദൻെറ രക്തമാണോ തൻെറ സിരകളിൽക്കൂടി ഓടുന്നതു്! കഷ്ടം! ആ കൂടാരത്തിരുനാൾ ദിവസം അവൻചെയ്ത പ്രസംഗം താനും കേട്ടു; അല്ലേ? അതു ജനതതിയെ ആകമാനം ഇളക്കിമറിച്ചുകളഞ്ഞു എന്നാണു് ശ്രുതി. ഒരു പ്രസംഗം നടത്തി ആളുകളെ ഇളക്കുന്നതാണോ വലിയ കാര്യമായി താൻ കരുതുന്നതു്?

അബെ:—ഹോ! അതുമാത്രമല്ല ഞാൻ കാര്യമായി കരുതുന്നതു്. യേശുവിൻെറ അത്ഭുതങ്ങളോ?

അബി:—യേശുവിൻെറ അത്ഭുതങ്ങൾ! അതിപുരാതനകാലത്തു് ഫറവോൻെറ മന്ത്രവാദികൾ യേശുവിൻെറ അത്ഭുതങ്ങളേക്കാൾ വലിയ അത്ഭുതങ്ങൾ ചെയ്തിട്ടുള്ളതായി അറിവില്ലേ?

(ഭിക്ഷുവായ ഒരു കുരുടൻ പാടി പ്രവേശിക്കുന്നു.)

പാട്ട്— അയ്യോ ചെറുവൻ ഏഴയിന്മേൽ
മനമിറങ്കതാ—അന്തോ, വയറുവാടുതയ്യോ
ശാവുവരാതാ—തൈവം ചോറുതരാതാ—

(ഇരുവരും സൂക്ഷിച്ചു നോക്കുന്നു)

അബി:—ഹും, ഒരു ശനി! ദൃശ്യകനംതന്നെ,

അബെ:—അവൻെറ സംഗീതം നന്നായിരിക്കുന്നു. അവൻെറ പാട്ടു നമുക്കു സ്വല്പം കേൾക്കാം.

പാട്ട്— നാലഞ്ചുനാൾ പട്ടിണിയായ് വാടുകിന്റേനാമേ
ഞാലമെല്ലാംചുററി വഴിതേടുകിന്റേനാമേ
എൻകാൽകടൈന്ദു, കൺകടൈന്ദു, താളകളേ
തൈവം ചോറുതരാതാ [തോ

കാക്കെക്കൊരു കവളമിട്ടുകൂവിടും വരെ
കെട്ടനായിക്കൊരു എച്ചിലിലെതാനിട്ടുംവീരെ
ഒരുപോക്കമില്ലെ ചെറുവനിക്ക കരുണൈവ
ദൈവം പോറുതരാത്ര. [രാതാ

ആബെ:—ചിന്നയ്യാ, ഉന്നുടയ പാട്ട് റെമ്പം കേമമായിരിക്കിറതു്. ആകയാൽ ഒൻറുകൂടെ പാടവേണ്ടും.

അബി:—തനിക്ക പാട്ടിൽ ഇത്രവലിയ ഭ്രമമാണോ? എന്നാൽ പാടട്ടെ. എന്നോടു നാണയമൊന്നും ചോദിച്ചേക്കരുതു്.

കുരുടൻ:—ധമ്മംകൊടപ്പാ, ദൈവത്തിൻെറ ഉത്തമ സൃഷ്ടികളായ നിങ്ങളെ കൺകളുകൊണ്ടു കാണുവാൻ ഇവനു കഴിവില്ലല്ലോ.

അബി:—അമ്പടാ, അവൻ വലിയ തത്വശകലങ്ങളാണല്ലോ വിളമ്പുന്നതു്. ആകട്ടെ ആ പാട്ടൊന്നുകൂടി പാടു.

കുരുടൻ.—അയ്യാ ചെറുവൻ ഏഴയിൻമേൽ മനമിറങ്കാതാ.

ആബെ:—അവൻെറ പാട്ടിൽ എൻെറ മനമലിഞ്ഞുപോയി. നല്ലപാട്ട്, നല്ല പാട്ട്, മതി. പാവം!

കുരുടൻ:—വല്ലതും തരണേ. ഞാൻ ആഹാരം കഴിച്ചിട്ട് രണ്ടുദിവസമായി.

ആബെ:—ഇതിരിക്കട്ടെ. (ഒരു നാണയം ഇട്ടു കൊടുക്കുന്നു.)

കുരു:—ഇസ്രായേലിൻെറ ദൈവമായ കർത്താവിൻെറ കടാക്ഷമുണ്ടാകട്ടെ. മറേറ അച്ചനും വല്ലതും തരവില്ലയോ?

അബി:—ഏതു മററെ അച്ചൻ! പോ പട്ടി മറയത്തു്.

ആബെ:—പൊട്ടക്കണ്ണന്മാരോടു് ഇത്ര നിർദ്ദയമായി പെരുമാറുന്നതു വലിയ തെററാണു്. മനസ്സുണ്ടെങ്കിൽ കൊടുക്കു് അല്ലെങ്കിൽ വേണ്ടാ.

(അബിമെലെക് തോററഭാവം നടിച്ച് മടിശ്ശീല എടുത്തു പണം മുഴുവനും നിലത്തു കുടഞ്ഞിടുന്നു)

അബി:—ആകട്ടെ, ഇതു മുഴുവനും അങ്ങു കൊടുത്തേക്കാം. തനിക്കും തന്റെ പാട്ടുകാരനും തൃപ്തിയാകയില്ലെ?

അബെ:—ഒന്നും കൊടുക്കാൻ ഭാവമില്ലാത്ത ആളാണോ മുഴുവനുംകൂടി കൊടുക്കാമെന്നു പറയുന്നതു? ഞാൻ ഒന്നു പറയാം. അവനു ഇതിൽനിന്നും ഒരു ദെനാറി കൊടുത്തേക്ക്.

അബി:—ഹറ്ം, തന്നെപ്രതി ഒന്നു കൊടുത്തേക്കാം. ഇതിൽ ഏതാണ് കൊടുക്കേണ്ടതെന്നു ഞാനൊന്നു നോക്കട്ടെ.

(അബിമെലെക്ക് ഓരോന്നെടുത്തു നോക്കി കൈവിരപോൽ തൂക്കി മടിശ്ശീലയിൽ നിക്ഷേപിക്കുന്നു. അവസാനം ഒരെണ്ണം നിലത്തു ശേഷിക്കുന്നു.)

അബെ:—അതു നോക്കാനൊന്നുമില്ല. അതവനങ്ങു കൊടുത്തേക്ക്.

അബി:—അമ്പൊ, അബെറോൺ, എന്റെ ആയിരം വിയർപ്പുതുള്ളിൾ മറുരൂപമെടുത്തതാണിതു്. ഇതിന്റെ സ്വരമൊന്നു കേൾക്കൂ. (കൊട്ടുകുന്നു) ഇതിനെ പിരിഞ്ഞുള്ള ജീവിതം അത്രസുഖമല്ല. (മടിശ്ശീലയിൽ ഇട്ടുകെട്ടുന്നു) (കുരുടനോട്) എടാ നീ പോ നിന്റെ വഴിക്ക്. ഇനിയൊന്നുമില്ല.

ഒരു സ്വരം:—ഓശാനാ, ദാവീദിന്റെ പുത്രനു ഓശാനാ.

അബെ:—ഇതെന്തു ബഹളം! ആരായിരിക്കാം ഈ വഴി വരുന്നതു്.

അബി:—ആ യേശുവിനെ ജനങ്ങൾ എല്ലാംകൂടി എഴുന്നെള്ളിച്ചുകൊണ്ടു വരികയാണെന്നാണ് തോന്നുന്നതു്. ഞാനിതാ എന്റെ പാട്ടിനു പോകുന്നു. അവനെ പിടിക്കാനും വലിക്കാനും ഞാനില്ല.

അബെ:—ഞാൻ അദ്ദേഹത്തെ ഒന്നു കണ്ടിട്ടു വരുന്നുള്ളു.

അമ്പി:—താൻ കാണുകയോ തൊഴുകയോ ചെയ്യ്. സലാം അലൈക്ക് (പോകുന്നു)

അമ്പെ:—(സ്വാഗതം) യേശുവിന്റെമേൽ കല്ലെറിയുവാൻ ഞാനും കല്പെട്ടതല്ലെ! യേശുവിനെ എറിയുവാൻ ഇസ്രായേലിന്റെ സന്തതികളിൽ ചങ്കുറപ്പുള്ളവർ വല്ലവരുമുണ്ടോ? അദ്ദേഹത്തെ കല്ലെറിയുന്നതെന്തിനു്? അദ്ദേഹം നല്ലതു പറയുന്നു. നല്ലതു പ്രവർത്തിക്കുന്നു. അതിനു് കൊള്ളാം! ഈ മിനക്കെട്ട പണിക്കു ഞാൻ കൂട്ടില്ല. യഹോവായാണേ സത്യം.

(യേശുവും ശിഷ്യന്മാരും പ്രവേശിക്കുന്നു)

കുരുടൻ:—അയ്യാ ചെറുവൻ ഏഴയിൻമേൽ
മനമിറങ്കാതാ......

അമ്പെ:—എടാ മിണ്ടാതിരിക്കൂ. നസ്രത്തിലെ യേശുവും ശിഷ്യന്മാരുമാണു വരുന്നതു്.

കുരുടൻ:—യേശുവേ ഈ കൺകുരുടനെ രക്ഷിക്കണേ. (മുട്ടുകുത്തുന്നു)

തോമസ്:—ഗുരുവേ ഇവൻ കുരുടനായി ജനിക്കുന്നതിനു ആരു പാപംചെയ്തു; ഇവനോ ഇവന്റെ മാതാപിതാക്കന്മാരോ?

യേശു:—തോമസേ, ഈ മനുഷ്യനാകട്ടെ ഇവന്റെ മാതാപിതാക്കന്മാരാകട്ടെ പാപം ചെയ്തിട്ടില്ല; ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രത്യക്ഷീകരിക്കുന്നതിനായിട്ടത്രേ ഇവൻ ഈ വിധം സൃഷ്ടിക്കപ്പെട്ടതു്. (യേശു നിലത്തുതുപ്പി, തുപ്പലും മണ്ണുംകൂടി കുഴച്ച് കുരുടന്റെ കണ്ണുകളിൽ പുരട്ടുന്നു) നീ പോയി സീലോഹാ എന്ന കുളത്തിൽ കഴുകുക. (കുരുടനെ ശിഷ്യന്മാർ പിടിച്ചെഴുന്നേല്പിക്കുന്നു. വടി കയ്യിൽ കൊടുക്കുന്നു)

അമ്പെ:—(അടുത്തുചെന്നു) ഞാൻ നിന്നെ കുളത്തിൽ കൊണ്ടുപോയി കുളിപ്പിക്കാം. (കുരുടനെ നയിച്ചുകൊണ്ടു പോകുന്നു)

യേശു:—(ജനങ്ങളോടു പ്രസംഗിക്കുന്നു) സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ആട്ടിൻ തൊഴുത്തിലേക്കു വാതിലിൽകൂടി പ്രവേശിക്കാതെ വേറെസ്ഥലത്തുകൂടി കയറുന്നവൻ ആരോ അവൻ കള്ളനും കവർച്ചക്കാരനും ആകുന്നു. വാതലിൽകൂടി പ്രവേശിക്കുന്നവനോ ആടുകളുടെ ഇടയനാകുന്നു. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ആടുകളുടെ വാതിൽ ഞാനാകുന്നു. എന്നിൽകൂടെ ആരെങ്കിലും പ്രവേശിക്കുന്നെങ്കിൽ അവൻ ജീവിക്കും; അവൻ അകത്തു പ്രവേശിക്കയും, പുറത്തുപോകുകയും മേച്ചിൽ കണ്ടെത്തുകയും ചെയ്യും. ഞാൻ നല്ല ഇടയനാകുന്നു. നല്ലഇടയൻ തന്റെ ആടുകൾക്കുവേണ്ടി തന്റെ ജീവൻ കൊടുക്കുന്നു. ഈ തൊഴുത്തിൽ ഉള്ളവയല്ലാതെ വേറെ ആടുകളും എനിക്കുണ്ടു്. അവയെയും ഞാൻ കൊണ്ടുവരേണ്ടതാകുന്നു. അവ എന്റെ സ്വരം കേൾക്കും. ഇങ്ങനെ ആട്ടിൻകൂട്ടം മുഴുവൻ ഒന്നും ഒരിടയനും ആകും.

(ഒരു ദൂതൻ പ്രവേശിച്ചു പത്രോസിന്റെ ചെവിയിൽ മന്ത്രിക്കുന്നു. പത്രോസ് യേശുവിനെ സമീപിക്കുന്നു)

പത്രോസ്:—ഗുരോ, ബത്ഥാനിയായിൽ നിന്നും നമ്മുടെ ലാസറിന്റെ സഹോദരികളായ മർത്തായും മേരിയുംകൂടി അയച്ചിട്ടുള്ള ഒരു ദൂതനാണ് ഇവൻ.

യേശു:—വിശേഷം എന്തുണ്ടു്. അവൻ പറയട്ടെ.

ദൂതൻ:—(വന്ദിച്ചുകൊണ്ടു) "ഞങ്ങളുടെ കർത്താവേ, ഇതാ, അങ്ങു സ്നേഹിക്കുന്നവൻ രോഗിയായി കിടക്കുന്നു," എന്നു പറയുവാൻ അവർ എന്നെ അയച്ചിരിക്കയാണു്.

യേശു:—നീ പോയി അവർ ഭയപ്പെടേണ്ടാ എന്നു പറഞ്ഞേക്കു. (ദൂതൻ മറയുന്നു)

പീലിപ്പോസ്:—ഗുരുവേ, നമ്മെ ഇത്രമാത്രം സ്നേഹിക്കയും സൽക്കരിക്കയും ചെയ്യുന്നവർക്ക് ഒരത്യാഹിതം നേരിട്ടിരിക്കുന്നു എന്നാണല്ലോ ദൂതൻ അറിയിച്ചതു്. അതുകൊണ്ടു

ആ ശതാധിപൻെറ ദാസനെ അവിടുന്നു രക്ഷിച്ചതുപോലെ ഈ ലാസറിനേയും സുഖപ്പെടുത്തണമെ.

യേശു:—ഈ രോഗം ദൈവമഹത്വത്തിനായിട്ടല്ലാതെ മരണകരമായിട്ടുള്ളതല്ല. ആകയാൽ പീലിപ്പോസെ, നീ ഉൽക്കണ്ഠാകുലനായിരിക്കേണ്ട. നാം ഇവിടെ രണ്ടുദിവസംകൂടെ താമസിക്കേണ്ടിരിക്കുന്നു.

(യേശുവും ശിഷ്യന്മാരും മറയുന്നു—കർട്ടൻ)

## രംഗം V.

### കണ്ണുകൾ തെളിഞ്ഞ ജാത്യാന്ധൻ

ജാത്യാന്ധൻ—(ആത്മഗതം.,) ദൈവമേ, ഞാൻ ഈ കാണുന്ന കാഴ്ച എന്താണു്! എന്തു മനോഹരം! എന്തുസുന്ദരം! ഹൃദയാവർജ്ജകംതന്നെ സംശയമില്ല. ഏദൻ, പറുദീസാ എന്നൊക്കെയും ഞാൻ കേട്ടിട്ടേയുള്ളു. ഇപ്പോഴല്ലെ അതു ഞാനെൻെറ കണ്ണുകൊണ്ടു കാണുന്നതു്. (മുകളിലേയ്ക്കു നോക്കുന്നു)—ഹോ, ഇതെന്തൊരത്ഭുതം! ആ നീലനിറത്തിലുള്ള പട്ടുവമാലിൻെറ വീതിയും നീളവും!—അതിൻെറ അററം എങ്ങും കാണുന്നില്ലല്ലൊ.—അതിന്മേൽ തൂക്കിയിട്ടിരിക്കുന്ന തിളങ്ങുന്ന കല്ലുകൾ—അതെല്ലാം മങ്ങുന്നു തെളിയുന്നു—മിന്നാമിനുങ്ങുകളായിരിക്കുമോ!—അതല്ല, നക്ഷത്രങ്ങൾ എന്നു പറയുന്നതായിരിക്കും—എന്തൊരു പ്രകാശം—ഞാനൊന്നെണ്ണട്ടെ—ഒന്നു്, രണ്ടു്,—മൂന്നു്—തെററി—ഒന്നു്, രണ്ടു്, മൂന്നു്, നാലു്, നാലു്, അഞ്ചു്—ഓ പോകട്ടെ—ഒരു കാക്കത്തൊള്ളായിരം—അതിൻെറ നടുക്കു ഒരെണ്ണം തെററാലിവില്ലുപോലെ—അതിനുമുണ്ടല്ലൊ തിളക്കം—അതെന്തായിരിക്കുമോ!—ചന്ദ്രൻ അങ്ങനെ ഇരിക്കുമോ—ഇതാണു് ഭൂലോകമെന്നുപറയുന്നതു്—ശരി,—ശരി—ഇതിൻെറയെല്ലാം ഉടയക്കാരൻ യഹോവാ—അമ്പമ്പോ, യഹോവാ എന്തൊരു പ്രഭു!—യഹോവായുടെ പുത്രനാ

ന് യേശു —ഇതെല്ലാം കാണുവാനല്ലേ അദ്ദേഹം എൻ്റെ കണ്ണുകൾ തെളിച്ചതു്—ഇനി എനിക്കു് ഈ വടി എന്തിനു്?—അതു പോകട്ടെ ദൂരെ (വലിച്ചെറിയുന്നു)—ഈ പിച്ചച്ചിരട്ടയും എന്തിനു്?—അതും അതിൻ്റെ വഴിക്കു പോകട്ടെ. (വലിച്ചെറിയുന്നു)

അബെറോൺ—(പ്രവേശിച്ചു്) ഇതെന്തുകൂത്തു്! നിൻ്റെ തലയ്ക്കു പിച്ചുപിടിച്ചിരിക്കയാണോ?

ജാത്യാന്ധൻ—കണ്ണു തെളിഞ്ഞതുകൊണ്ടുള്ള കൂത്താട്ടമാണിതെല്ലാം. നിങ്ങളെല്ലാവരും ഉറങ്ങി എഴുന്നേല്ക്കുന്നതുപോലാണോ ഞാൻ കണ്ണു തുറന്നതു്?

അബെ:—അല്ലല്ലാ കണ്ണു പണ്ടുവച്ചു തുറന്നതുപോലാ. സീലോയിലെ കുളി ബഹുസുഖമായിരുന്നില്ലേ?

ജാത്യാ:—അതെ, അതെ; ഞാൻ മുങ്ങിക്കിടന്നപ്പോൾ തന്നെ വെള്ളം കണ്ടു. അത്ഭുതക്കാഴ്ച! വെള്ളം ഇളകുന്നു. മീൻ മറിയുന്നു. നുര പൊങ്ങുന്നു. എന്തൊരു രസം! അതു കണ്ടിട്ടു് അവിടെനിന്നും കയറിപ്പോരാൻ തോന്നിയില്ല. സന്ധ്യയായെന്നു പറഞ്ഞു് ചേട്ടൻ എന്നെ കയററിവിട്ടുകളഞ്ഞല്ലൊ. പിന്നെ സന്ധ്യയെക്കുറിച്ചായി എൻ്റെ വിചാരം. ഇരുണ്ടിരുണ്ടു വരുന്നു—ഞാൻ വിചാരിച്ചു ഞാൻ ഇനിയും പൊട്ടക്കണ്ണനാകാൻ പോകയാണെന്നു്—അപ്പോൾ ഒരു പ്രകാശം മുകളിൽനിന്നു്. ആ കാണുന്നതെല്ലാം എന്തായിരിക്കുമോ!

അബെ:—ആ നീലപ്പട്ടുപോലെ കാണുന്നതാണാകാശം. അവിടെ പ്രകാശിക്കുന്നതു് ചന്ദ്രനും നക്ഷത്രങ്ങളും.

ജാത്യാ:—ആഹാ, ഇതാണു് ആകാശവും ചന്ദ്രനും നക്ഷത്രങ്ങളും! ഞാൻ വിചാരിച്ചു അതൊരു നീലത്തുണിയും അതേൽ പതിച്ചിരിക്കുന്ന കല്ലുകളുമാണെന്നു്.

അബെ:—നാളെ വെളുക്കുമ്പോൾ സൂര്യനെയും മററു പല അത്ഭുതങ്ങളെയും കാണാം. അബ്രാഹമിൻ്റെയും, യാക്കോബിൻ്റെയും, ഇസഹാക്കിൻ്റെയും ദൈവമായ കർത്താവിനു് ഇപ്പോൾ നമുക്കു സ്തോത്രം ചെയ്യാം.

ജാത്യാ:—ദൈവത്തിന്റെ പുത്രനായ യേശുവിനു നാം സ്തോത്രം ചെയ്യേണ്ടയോ?

(അബിമെലെക്ക് രോഷാകുലനായി പ്രവേശിക്കുന്നു)

അബി:—ആരെടാ, ദൈവത്തിന്റെ പുത്രനായ യേശു എന്നു പറഞ്ഞത്?

(അബെറോണെ കണ്ടു അബിമെലെക്ക് വിഷണ്ണനാകുന്നു)

അബെ:—സ്നേഹിതാ, ഈ വിദ്വാനെ മനസ്സിലായോ? (അബി. സൂക്ഷിച്ചുനോക്കുന്നു)

അബി:—തന്റെ പാട്ടുകാരനെപ്പോലിരിക്കുന്നു. ആ പൊട്ടക്കണ്ണനെപ്പോലെ.

അബെ:—ഒന്നും കൊടുത്തില്ലെങ്കിലും നല്ല ഓർമ്മശക്തി. അവൻ തന്നെയാണ് ഈ വിദ്വാൻ.

അബി:—അവൻ തന്നെയോ! അവനിപ്പോൾ കാഴ്ചയുണ്ടെന്നു തോന്നുന്നല്ലോ.

അബെ:—തോന്നുക തന്നെയല്ല. അവനിപ്പോൾ നമ്മെക്കാൾ കാഴ്ചയുണ്ട്.

അബി:—അവനെങ്ങനെ കാഴ്ചയുണ്ടായി സ്നേഹിതാ?

അബെ:—യേശു വന്നപ്പോൾ അവനെ കണ്ടു ഒരത്ഭുതം ചെയ്ത് അവന്റെ കണ്ണുതെളിച്ചു.

അബി:—ശാബത് ദിനത്തിലോ!! ഇതിന്മേൽ നടപടി നടത്താതിരിക്കുവാൻ നിവൃത്തിയില്ല. ആ യേശു നമ്മുടെ പുരോഹിതന്മാരെ നിന്ദിച്ചു. ഇപ്പോൾ യഹോവായുടെ കല്പനകളെയും നിന്ദിച്ചിരിക്കുന്നു.

ജാത്യ:—ദൈവത്തിന്റെ പ്രവൃത്തികളെ ചെയ്യുന്നവൻ എങ്ങനെ യഹോവായുടെ കല്പനകളെ ലംഘിക്കുന്നവനാകും?

അബി:—എന്തെടാ, മനുഷ്യകീടമേ, എന്നോടു വാഗ്വാദത്തിനു വരുന്നോ? ഓടെടാ ഇവിടെ നിന്നും. [അടിക്കാൻ ഓങ്ങുന്നു—അവൻ ഓടി മറയുന്നു]

അബെ:—താൻ എന്താണീ ഭ്രാന്തു കാണിക്കുന്നതു? ആ പാവത്തിൻെറ നേരെ എന്തിനു കണ്ണുരുട്ടുന്നു?

അബി:—എൻെറ അബെ, ഉത്ര ഭോഷനോ! എനിക്കു തന്നോടു കുറേ രഹസ്യം പറവാനുണ്ടു്. അവൻ ഇവിടെ നിന്നാൽ അതൊക്കുമോ?

അബെ:—രഹസ്യമോ! എന്നാൽ വേഗം പറഞ്ഞേക്കു്

അബി:—നാം തമ്മിൽ സ്നേഹിതന്മാരല്ലേ? സത്യം പറയണം.

അബെ:—അതിനെന്താണു സംശയം! നാം സ്നേഹിതന്മാർതന്നെ.

അബി:—പക്ഷെ നാം തമ്മിൽ രണ്ടു കക്ഷികളായി പിരിഞ്ഞുപോയല്ലോ. എന്നാൽ അതിലും ഇല്ല എനിക്കു ഖേദം. നാം ഇപ്പോൾ യോജിച്ചു് ഒരു ഖരാർ ചെയ്താൽമതി.

അബെ:—എന്തു ഖരാർ? താൻ വല്ലവരുടെയും പട്ടാളുകൾ കുരുതിക്കൊടുവാൻ പോകുന്നുണ്ടോ?

അബി:—ഞാൻ ഒരു പണക്കൊതിയനാണെന്നു ധരിച്ചു് എന്നെ അത്രമേൽ കളിയാക്കാതെ. നമ്മുടെ ഖരാർ ഇത്ര മാത്രമായിരിക്കണം. അബെറോൺ അബിമെലെക്കിനെ സഹായിക്കും. അബിമെലെക്ക് അബെറോണെ സഹായിക്കും.

അബെ:—നമ്മൾ ഒരപകടത്തിലും ഇപ്പോൾ ചാടുവാൻ പോകുന്നില്ലല്ലൊ.

അബി:—ഞാൻ പറയുന്നതു കേൾ; അബെറോൺ സാൻഹെദ്രിൻ സഭയും യേശുവും തമ്മിൽ ഒരു ഭങ്കര പോരാട്ടമാണു നടക്കുവാൻ പോകുന്നതു്. ആ വിപ്ലവത്തിൽ പക്ഷെ യേശു ജയിച്ചേക്കാം; അല്ലെങ്കിൽ സാൻഹെദ്രിൻ. ഞാൻ സാൻഹെദ്രിൻ സഭയുടെ ഒരു വിശ്വസ്ത സേവകനായിരിക്കുവാൻ ഉറച്ചുകഴിഞ്ഞു. താൻ യേശുവിൻെറ അനുഗാമി ആയിരുന്നുകൊള്ളുക. സാൻഹെദ്രിൻ വിജയിച്ചാൽ എനിക്കും

രു നല്ല ഉദ്യോഗം കിട്ടും. അപ്പോൾ ഞാൻതന്നെ ഓൎത്തു കൊള്ളാം. മറിച്ച് യേശു ജയിച്ചാൽ തനിക്ക് ഒരു നല്ല സ്ഥാനത്തുചെന്നുപററാം. അക്കാലത്തു് എന്നെ വിസ്മരിക്കാതിരിക്കണം. ഇങ്ങനെ നാം സ്നേഹിതന്മാരായി മേലിലും വൎത്തിക്കുന്ന പക്ഷം യാതൊരു വിപ്ലവംകൊണ്ടും നമുക്കു ഭയപ്പെടുവാനില്ല. മനസ്സിലായോ?

അബെ:—ഇത്തരം നിന്ദ്യമായ ഒരു കരാറിനുവേണ്ടിയോ അബിമെലെക്ക് എന്നെ ക്ഷണിക്കുന്നതു്? യേശുവിൻെറ വിജയത്തിലേക്കല്ല അദ്ദേഹത്തിൻെറ അപജയത്തിൻെറ അവസാനംവരെ അദ്ദേഹത്തെ അനുഗമിക്കുവാൻവേണ്ടി ലോകത്തെ മുഴുവനും ഉപേക്ഷിക്കുവാൻ ഞാൻ തയ്യാറാണെന്നു ധരിച്ചാലും. വിജയത്തിലും അപജയത്തിലും ഞാൻ യേശുവിനോടുകൂടി നില്ക്കുവാൻ ഉറച്ചുകഴിഞ്ഞു.

അബി:—നിന്ദ്യമായ കരാർ! തൻെറ രക്ഷയിൽ ശ്രദ്ധാലുവായ ഒരുവനു താൻ നൽകുന്ന സമ്മാനം! കൊള്ളാം. വകതിരിവുകെട്ട തന്നോട് ഇനി ഞാൻ സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല. താൻ ഏതു വഴി പോയി തുലഞ്ഞാലും എനിക്കതിൽ സങ്കടമില്ല. തൻെറ ധിക്കാരത്തിനു് ഒടുവിൽ പശ്ചാത്തപിക്കേണ്ടിവരുമെന്നു കരുതിക്കൊൾക.

അബെ:—നിങ്ങൾ ഇത്ര ക്ഷുഭിതനായി തീരുമെന്നു സ്വപ്നേപി വിചാരിച്ചില്ല. സത്യത്തോടു വില പേശുവാനുള്ള ലജ്ജകൊണ്ടു ഞാൻ അല്പം കടന്നു പറഞ്ഞുപോയെങ്കിൽ ക്ഷമിക്കണം.

അബി:—നിങ്ങളുടെ സംസാരം കേട്ടാൽ നീതിപാലകന്മാരും സത്യസന്ധന്മാരും നിങ്ങൾ മാത്രമാണെന്നു തോന്നിപ്പോകും. യേശുവിൻെറ പ്രസംഗങ്ങളിലാണു് ഇതധികവും പൊന്തിവരുന്നതു്. നിങ്ങൾക്കു സ്വന്തമായി ഒരു നീതിയും സത്യവും ഉണ്ടെന്നുള്ള ഭാവം കാണിക്കുന്നതു് അൎത്ഥശൂന്യമാണു്. മററുള്ളവർ നിങ്ങളെ വെറുക്കുന്നതിനു കാരണമാകുന്നതും ഇതല്ലാതെ മറെറാന്നുമല്ല.

ആബെ:—നീതിനിമിത്തം പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടെതാകുന്നു, എന്ന് ദൈവമായ യേശു അരുളിചെയ്തിരിക്കുന്നു. അതുകൊണ്ട് മററുള്ളവർ ഞങ്ങളെ വെറുക്കുമ്പോൾ ഞങ്ങൾ സന്തോഷിക്കയാണ് ചെയ്യുന്നതു്.

അബി:—രണ്ടു ദിവസം മുമ്പേ എന്റെ കൂടെ യേശുവിനെ കല്ലെറിയുവാൻ സന്നദ്ധനായ താൻ ഇത്രവേഗം യേശുവിന്റെ മെരട്ടുവിദ്യകളിൽ കുടുങ്ങിപോയതു വിസ്മയകരം തന്നെ. താനുമായുള്ള സംഭാഷണം നീട്ടികൊണ്ടുപോകുന്നതു പ്രയോജനകരമല്ല. അതിനാൽ ഞാൻ പിരിയട്ടെ. തനിക്ക യാതൊരാപത്തും സംഭവിപ്പാതിരിപ്പാൻ ദൈവം കടാക്ഷിക്കട്ടെ.

ആബെ:—വളരെ ഉപകാരം. സഖ്യം ഗ്രഹിക്കുവാൻ ദൈവം താങ്കളെയും അനുഗ്രഹിക്കട്ടെ. [അബിമെലക്ക് പോകുന്നു]

ആബെ:— (സ്വഗതം) ഒരു ദനാരിയുള്ളവൻ ഒരു ദനാരിയുടെ ദാസൻ രണ്ടു ദനാരിയുള്ളവൻ രണ്ടിന്റെ ദാസൻ. ഇങ്ങനെ ധനികൻ ധനത്തിന്റെ ദാസൻ—അടിമ. ഒന്നുമില്ലാത്തവൻ സ്വതന്ത്രൻ. യേശുവിനു ലോകത്തിൽ എന്താണുള്ളതു്?

"കാട്ടിൽ ചരിക്കും കുറുക്കനുമുണ്ടുതൻ
പാട്ടിൽ കിടന്നൊന്നു വിശ്രമിപ്പാനിടം
അന്തരീക്ഷത്തിലേ പക്ഷികുലത്തിനും
സ്വന്തമായ് കൂടുകളുണ്ടേറേ വേണ്ടപോൽ
എന്നാലുമില്ലിന്നു മാനുഷപുത്രനു
തൻ തല വച്ചൊന്നു വിശ്രമിപ്പാനിടം"

എന്ന് യേശു തന്നെപ്പററി പറഞ്ഞിരിക്കുന്നു. ഈ പണക്കൊതിയന്മാർ എത്ര നികൃഷ്ടമായ ഒരു ജീവിതമാണു നയിക്കുന്നതു്! അവരുടെ പണം അവർക്ക പ്രയോജനപ്പെടുന്നില്ല, അന്യർക്ക് അതുകൊണ്ടുപകാരം സിദ്ധിക്കുവാൻ അവർ

സമ്മതിക്കുന്നുമില്ല. ഒരു വിധത്തിൽ പറഞ്ഞാൽ പണമല്ലെ മനുഷ്യനെ ക്രൂരനും, ദുഷ്ടനും, അവിവേകിയുമാക്കിത്തീക്കുന്നതു്. ധനമെല്ലാം ഉപേക്ഷിച്ചു് യേശുവിനെ പിന്തുടരുന്നതെത്ര ആനന്ദപ്രദം! യേശുവിൻെറ അനുഗാമിക്കു് ലോകത്തിൽ ഭയപ്പെടാനെന്തുള്ളു. പണം നഷ്ടപ്പെട്ടുമെന്നോ? അതവൻ ഉപേക്ഷിച്ചു കഴിഞ്ഞിരിക്കുന്നല്ലോ. ജീവൻ നഷ്ടപ്പെട്ടുമെന്നോ? അതവൻ യേശുവിൽനിന്നും തിരിച്ചെടുക്കുമല്ലോ. കീത്തി നഷ്ടപ്പെട്ടുമെന്നോ? അതിനാഗ്രഹമേ ഇല്ലല്ലോ. പിന്നെ ഒരു ലാഭം അവനുണ്ടു്, സത്യം.

പോകുന്നു—കർട്ടൻ

## രംഗം VI- സാൻഹെഡ്രിൻ കോടതി

(കയ്യാപ്പാസ്, അബിയാസ്, നിക്കൊദേമൂസ്, ഇസ്ക്രെമോൻ—ഇവർ പ്രവേശിച്ചു് യഥാസ്ഥാനം ആസനസ്ഥരാകുന്നു.)

കയ്യാപ്പാസ്:—കാശിനുകൊള്ളാത്ത ആ തടിമാടന്മാർ! അവക്കു് ആ കുമ്മാളൻെറ മകനെ നമ്മുടെ മുമ്പിൽ ഹാജരാക്കുവാൻ ഇതുവരെയും കഴിഞ്ഞില്ലപോലും! ഇനിയും നാം സമത്ഥന്മാരായ മററു രണ്ടുപേരെ നിയോഗിക്കയല്ലെ വേണ്ടതു്? പ്രമാണികൾ എന്തുപറയുന്നു?

അബിയാസ്:—പൊന്നു തിരുമേനി ഇസ്രായേൽ ജനത്തിൽനിന്നും അതി സമത്ഥന്മാരായ രണ്ടു പേരേയാണു് നാം ഇക്കാൎയ്യത്തിനു നിയോഗിച്ചിട്ടുള്ളതു്. അതിനാൽ അവർ അവരുടെ കൃത്യനിൎവ്വഹണത്തിൽ ഉപേക്ഷകാണിക്കുമെന്നു വിചാരിപ്പാൻ പാടില്ല.

കയ്യാ:—ശരി, അബിയാസ്, എന്നാലും യേശുവിൻെറ തന്ത്രങ്ങളിൽ അവരും കുടിങ്ങിപ്പോയെന്നു വരാവുന്നതല്ലെ. നിക്കൊദേമൂസ് എന്തുപറയുന്നു?

നിക്കൊ:—അബെറോണിൻെറ കാൎയ്യം തീൎച്ചപറഞ്ഞുകൂടാ. അബിമലെക്ക് യേശുവിനെ അനുഗമിക്കയില്ലെന്നു തീൎച്ചയാണു്.

കയ്യാ:—ഇങ്ങനെ നമ്മുടെ മുമ്പിൽ ബോധിപ്പിക്കുവാൻ നിനക്കുള്ള കാൎണങ്ങൾ എന്തെല്ലാം?

നിക്കൊ:—അബെറോൺ സത്യസന്ധനും ധനത്തോട്ട് അമിതമായ പ്രതിപത്തി ഇല്ലാത്തവനും ആണു്. മറിച്ച് അബിമെലക്ക് കീൎത്തിപ്രിയനും, പണക്കൊതിയനും പരമലുബ്ദനുമാണു്. അതുകയാൽ ദരിദ്രനായ യേശുവിൻെറ സംഘത്തിൽ ചേരുവാൻ അവനു് യാതൊരു പ്രലോഭനവുമുണ്ടാകുന്നതല്ല.

കയ്യാ:—സീനായിമലയിൽവച്ച് യഹോവാ നൽകിയ പ്രമാണങ്ങളിൽ നാലാമത്തേതു് എന്താണു്? പറയൂ?

നിക്കൊ:—നല്ലപ്രായത്തോളം ഭൂമിയിൽ ഇരിപ്പാനായിട്ട് അപ്പനേയും അമ്മയേയും ബഹുമാനിക്ക.

കയ്യാ:—ശരി. ഇതിൽനിന്നും നാം ഒരു വാസ്തവം ഗ്രഹിക്കേണ്ടതുണ്ട്. ദൈവത്തെസ്സ്നേഹിക്കുന്നവൻ തൻെറപ്രമാണങ്ങളെ അനുസരിക്കുന്നു തൻെറ പ്രമാണങ്ങളെ പാലിക്കുന്നവൎക്കു് താൻ കീൎത്തിയും ദീൎഘായുസ്സും ധനവും നൽകുന്നു. ദൈവത്തിന്നിഷ്ടമില്ലാത്തവർ ദരിദ്രന്മാരായി നരകിച്ചു കാലംകഴിച്ചുകൂട്ടുന്നു. ലോകത്തിൽ ധനം, പ്രതാപം, ഐശ്വൎയ്യം—ഇവയ്ക്കാണു സ്ഥാനം. ഇതെല്ലാം മനസ്സിലാക്കിയിട്ടുള്ള ബുദ്ധിമാനായ അബിമെലെക്കിനെ നാം അതുകയാൽ, അഭിനന്ദിക്കുന്നു.

അബിയാ:—അബിമെലെക്കിനെ ഞാൻ പരീക്ഷിച്ചറിഞ്ഞിട്ടുണ്ട്. അവൻ നമ്മുടെ കുലത്തിൻെറ ഒരഭിമാനസ്തംഭമാണു്.

(ഒരു ദൂതൻ പ്രവേശിക്കുന്നു)

ദൂതൻ:—തിരുമേനി, അബിമെലെക്ക് അവിടുത്തെ തിരുവുള്ളം കാത്തുനിൽക്കുന്നു. കയറിവരാൻ പറയട്ടയോ?

കയ്യാ:—അവനെ നാം പ്രതീക്ഷിച്ചുതന്നെ മുഷിഞ്ഞിരിക്കയാണ്. അവൻ വേഗം നമ്മുടെമുമ്പിൽ ഹാജരാകട്ടെ.(അബിമെലെക്ക് പ്രവേശിക്കുന്നു)

കയ്യാ:—(സഗൗരവം) എന്ത്? യേശുഎവിടെ?

അബി:—പൊന്നുതിരുമേനി അടിയൻ യേശുവിനെ പലപ്രാവശ്യം സമീപിച്ചു. പക്ഷേ അവൻ അപ്പോഴെല്ലാം ജനതാമദ്ധ്യത്തിൽ നിന്നിരുന്നതുകൊണ്ട് അവനെ തൊടുവാൻ ഞങ്ങൾക്കു കഴിഞ്ഞില്ല.

കയ്യാ:—അപ്പോൾ അവൻെറ പുറകേ നടക്കുന്ന യഹൂദപ്പട്ടികൾ ധാരാളമുണ്ടല്ലൊ? അബെറോൺ എവിടെ?

അബി:—അയാൾ ഒരു ചാരനെപ്പോലെ ജനസംഘത്തിൻെറ കൂടെ പോയിരിക്കയാണ്.

കയ്യാ:—പിന്നെ നീ എന്തിനു തിരിച്ചുവന്നു കഴുതേ.

അബി:—അടിയൻ ഒരു വിശേഷം ഉണർത്തിപ്പാൻ വന്നതാണ്.

കയ്യാ:—എന്ത്? പറയൂ വേഗം—ഒന്നിനും കൊള്ളാത്ത മരപ്പാവകൾ!

അബി:—യേശുവിനെ ബന്ധിക്കണമെങ്കിൽ ആദ്യമായി ജനത്തിൻെറ മനസ്സുമറിക്കണം. അതിനു പററിയ ഒരു സംഭവം അടുത്തുണ്ടായി.

കയ്യാ:—ഹാ കേൾക്കട്ടെ, എന്താണു സംഭവം?

അബി:—യേശു ഒരു ജാത്യാന്ധൻെറ കണ്ണുതെളിച്ചു.

കയ്യാ:—ഛായ്, അസത്ത്, ഇതാണോ യേശുവിനെതിരായ തെളിവ്?

അബി:—പൊന്നു തിരുമേനീ, യേശു ശാബത്തിലാണ് ആ അത്ഭുതം ചെയ്തത്,

കയ്യാ:—അത്ഭുതമോ! ഭോഷാ, ചെപ്പടിവിദ്യ എന്നു പറയൂ.

അബി:—അതെ, തിരുമേനി, ആ കമ്മാളസന്താനം യഹോവായുടെ ശാപത്തിലാണ് ആ ചെപ്പടിവിദ്യ കാണിച്ച് ജനങ്ങളെ കബളിപ്പിച്ചത്.

കയ്യാ:—നീ മിടുക്കൻ; പര ഇംഗിതജ്ഞാനമുള്ള വിശ്വസ്ത ഭൃത്യൻ: അതുകൊണ്ട്, നീ പോയി ആ കള്ളപ്രവാചകനെ ജനങ്ങൾ സ്വീകരിക്കരുതെന്നു നമ്മുടെ നാമത്തിൽ പ്രസംഗിക്കൂ.

അബി:—ഒരു ജാത്യാന്ധന്റെ കണ്ണുകൾ തെളിച്ചയേശുവിനെ കള്ളപ്രവാചകൻ എന്നു കരുതുക സാദ്ധ്യമോ?

കയ്യാ:—എന്ത്? നീ ഇത്ര പെട്ടെന്ന് ഒരു പമ്പരവിഡ്ഢിയായിതിർന്നുവോ? ദൈവത്തിൽനിന്നുള്ള യാതൊരു പ്രവാചകനും ശാബത്തിനെ ലംഘിക്കയില്ല. അതിനാൽ ശാബത്തിൽ അത്ഭുതം ചെയ്തു എന്നു പറയുന്നവൻ പച്ചക്കള്ളം പറയുന്നു. ഇപ്പോൾ ആ ജാത്യാന്ധന്റെ പേരിൽ ഒരു ആൾമാറാട്ട കേസാണ് ഫയലാക്കേണ്ടത്. ഗ്രഹിച്ചുവോ?

അബി:—അടിയന്റെ പഴമനസ്സിൽ ഈ കേസ് എങ്ങനെ തുടങ്ങണമെന്നു കിട്ടുന്നില്ല.

കയ്യാ:—അബിയാസ്, അവന് കേസ് ഒന്നു മനസ്സിലാക്കി കൊടുക്കൂ.

അബിയാസ്:—ആദ്യം ജാത്യാന്ധനെ വരുത്തി അവനെ വിസ്തരിക്കണം. ഈ കോടതിയുടെ പ്രതാപവും ജഡ്ജിയുടെ ഔന്നത്യവും കാണുമ്പോൾതന്നെ സാധുവായ അവൻ സംഭ്രമിക്കാതിരിക്കയില്ല. വിസ്താരത്തിൽ അതുകൊണ്ടവൻ കുഴങ്ങിപ്പോകും.

അബി:—അവനുമായി അടിയൻ അല്പമൊന്നു സംസാരിച്ചുനോക്കി. ഏതു സഭയിലും കുഴങ്ങാത്ത ഒരു പ്രകൃതമാണ് അടിയൻ അവനിൽ കണ്ടത്.

അബിയാ:—അവൻ കുഴങ്ങുകയില്ലെങ്കിൽ അവന്റെ മാതാപിതാക്കന്മാരെ വിസ്തരിച്ചു കുഴക്കാം. കണ്ണുതെളിഞ്ഞു എന്നു പറയുന്നവൻ അവരുടെ പുത്രനല്ലെന്നു അവർ സമ്മതിച്ചാൽപോരെ?

കയ്യാ:—ഭേഷ്, അബിയാസ്. യേശുവിന്റെ ചെപ്പടിവിദ്യ നമ്മുടെ പിടിയിൽ ഉടയുകതന്നെ ചെയ്യും. അബിമെലെക്ക്, പോകുക. എല്ലാം ഗോപ്യമായിരിക്കണം. (അബിമെലെക്ക് പോകുന്നു)—ആരവിടെ? (ദൂതൻ പ്രവേശിക്കുന്നു)—നാട്ടിൽ ഒരു പുതിയ വർത്തമാനം പ്രചരിക്കുന്നതായി നിനക്കറിയാമോ?

ദൂതൻ:—യേശു ഒരു കൺകുരുടന്നു കാഴ്ചകൊടുത്തു എന്ന വർത്തമാനം നാടെങ്ങും കാട്ടുതീപോലെ പ്രചരിച്ചു കഴിഞ്ഞിരിക്കുന്നു.

കയ്യാ:—ആ കുരുടനെ നീ അറിയുമോ?

ദൂതൻ:—ദേവാലയവാതുക്കൽ ഇരുന്ന് ഭിക്ഷയാചിച്ചുകൊണ്ടിരുന്ന ബെനിയാമ്മിൻ ആണ് അവൻ.

കയ്യാ:—നീ പോയി ഉടൻ അവനെ നമ്മുടെ മുമ്പിൽ ഹാജരാക്കു. (ദൂതൻ പോകുന്നു) നമ്മുടെ പ്ലാൻ കുറിക്കുകൊണ്ടിട്ടുണ്ട്; അല്ലെ അബിയാസ്?

നിക്കൊദേമൂസ്:—ഈ പ്ലാൻ യേശുവിന്റെ അത്ഭുതങ്ങളെ മറച്ചുവയ്ക്കുവാൻ പര്യാപ്തമാകുമോ എന്നടിയൻ സംശയിക്കുന്നു.

കയ്യാ:—നമുക്കു നിന്റെ അഭിപ്രായം ആവശ്യമില്ല. യഹോവായുടെ വെളിച്ചം നമ്മിൽ കടക്കുമ്പോഴാണ് നാം ചില തീരുമാനങ്ങൾ ചെയ്യുന്നതു്. അതിനാൽ എതിർവാദങ്ങൾ നമ്മുടെ മുമ്പിൽ സമർപ്പിക്കേണ്ട. നമ്മുടെ നിശ്ചയങ്ങളെ ഇളക്കാമെന്നു വിചാരിക്കയുംവേണ്ടാ.

അബിയാ:—പൊന്നുതിരുമേനി, അവിടുത്തെ അപ്രമാദമായ തീരുമാനങ്ങളെ ഭേദപ്പെടുത്തുവാൻ അല്പീയസ്സുകളായ അടിയങ്ങൾക്കു അവകാശമോ അധികാരമോ സിദ്ധിച്ചിട്ടില്ല.

നിക്കൊ:—അടിയന്റെ അപരാധത്തെ സദയം ക്ഷമിച്ചാലും.

(ബെനിയാമ്മിനെ ദൂതൻ കൊണ്ടുവരുന്നു)

കയ്യാ:—കൊള്ളാം, നീയോ നമ്മുടെ ജനങ്ങളുടെ ഇട യിൽ ക്ഷോഭമുണ്ടാക്കുന്നതു്!

ബനിയാമിൻ:—യഹോവായുടെ പ്രധാനാചാര്യനെ, അടിയൻ തെണ്ടിനടക്കുന്ന ഒരു പാവമാണ്. സംസാരിക്കുവാനുള്ള വശമില്ല. പിന്നെങ്ങനെയാണ് അടിയൻ ക്ഷോഭമുണ്ടാക്കുന്നതു്?

കയ്യാ:—മനസ്സിലായെടാ. നിൻെറ പ്രസംഗം! ഇസ്ക്രെമോൻ, അവനെ വിസ്തരിക്കു.

ഇസ്ക്രെമോൻ:—(പുസ്തകം കാണിച്ച്) എടാ ഈ കിത്താബ് തൊട്ടു് സത്യം ചെയ്യു. യഹോവായാണേ ഞാൻ സത്യം ബോധിപ്പിച്ചുകൊള്ളാം. സത്യം, സത്യം, സത്യം. (പുസ്തകം താഴത്തുവയ്ക്കുന്നു)—നിൻെറ പേരെന്തു്?

ബനി:—ബനിയാമിൻ എന്നു്.

ഇസ്:—നിൻെറ മാതാപിതാക്കന്മാർ ആരെല്ലാം?

ബനി:—അപ്പൻെറ പേർ എലിയാക്കിം. അമ്മയുടേതറിയാ.

ഇസ്:—നിൻെറ തൊഴിലെന്തു്?

ബനി:—വഴിയിലിരുന്നും വീടുകളിൽക്കൂടി നടന്നും തെണ്ടലായിരുന്നു.

ഇസ്:—നിനക്കെത്ര വയസ്സുണ്ടു്?

ബനി:—ഇരുപത്തഞ്ചുവർഷം, മൂന്നുമാസം, ഒരുദിവസം

കയ്യാ:—അധികപ്രസംഗീ, നീ പഠിച്ചു വന്നിരിക്കയാണ് അല്ലെ. നീ ഒരാൾമാറാട്ടം നടത്തിയതായി ഇവിടെ കേസുവന്നിരിക്കുന്നു. സൂക്ഷിച്ചു സംസാരിച്ചുകൊള്ളണം.

ബനി:—പൊന്നു തിരുമേനീ, അടിയൻെറ കണ്ണിനു മാത്രമേ, മാറാട്ടം സംഭവിച്ചുള്ളു.

കയ്യാ:—ധിക്കാരീ, നിൻെറ കണ്ണിനു എന്തു മാററംസംഭവിച്ചു? നാം ആരെന്നുനോക്കി ഉത്തരം ബോധിപ്പിക്കണം.

ബെനി:—അടിയൻെറ കണ്ണുകൾക്ക് കാഴ്ചയില്ലായിരുന്നു. ഇപ്പോൾ കാഴ്ചയുണ്ടു്.

കയ്യാ:—നിൻെറ കണ്ണുകൾക്ക് കാഴ്ച ഇല്ലായിരുന്നു എന്നു നീ പറയുന്നു. ഇപ്പോൾ കാഴ്ചയുണ്ടെന്നും പറയുന്നു. നിന്നെ ഞങ്ങൾ എങ്ങനെ വിശ്വസിക്കും?

ബെനി:—എന്നെ കണ്ടിട്ടുള്ളവരും എനിക്കു ഭക്ഷണം തന്നിട്ടുള്ളവരും ഇങ്ങനെതന്നെ പറയും. അവരെ വിശ്വസിക്കരുതോ?

ഇസ്:—കോർട്ടുലക്ഷ്യം. കുററക്കാരനായിരിക്കുന്ന നിനക്ക് സ്വാതന്ത്ര്യമായി അഭിപ്രായം പറയുവാൻ പാടില്ല. മഹാ പുരോഹിതൻെറ മുമ്പിൽ അളന്നുതൂക്കിവേണം വാക്കുകൾ പ്രയോഗിക്കുവാൻ.

കയ്യാ:—ആകട്ടെ, നിനക്കു കാഴ്ചയുണ്ടായിട്ട് എത്ര നാളായെന്നാണ് നീ പറയുന്നതു്?

ബെനി:—രണ്ടു ദിവസമേ ആയിട്ടുള്ളു.

കയ്യാ:—കാഴ്ചയില്ലാതെ നീ എത്ര നാൾ കഴിച്ചുകൂട്ടി?

ബെനി:—ജനിച്ചപ്പോൾ മുതൽ എനിക്കു കാഴ്ച ഇല്ലായിരുന്നു.

കയ്യാ:—ജനിച്ചപ്പോൾ മുതൽ നിനക്കു കാഴ്ചയില്ലായിരുന്നു എന്നു നിനക്കെങ്ങിനെ അറിയാം?

ബെനി:—ആളുകൾ എന്നെ ബെനിയാൻ പൊട്ടാ, ബെനിയാൻപൊട്ടാ എന്നു വിളിച്ചിരുന്നു. രണ്ടു ദിവസത്തിനുമുമ്പേ എൻെറ കണ്ണുകൾ തെളിഞ്ഞപ്പോൾ ഞാൻ കണ്ണുപൊട്ടനായിരുന്നു എന്ന് എനിക്കും ബോദ്ധ്യമായി.

കയ്യാ:—നിൻെറ കണ്ണുകൾ തുറക്കപ്പെട്ടതെങ്ങനെ?

ബെനി:—യേശു എന്നു പേരുള്ള ഒരു മനുഷ്യൻ ചേറുണ്ടാക്കി എൻെറ കണ്ണുകളിന്മേൽ പൂശി; എന്നോട്: നീ സീലോ എന്ന കുളത്തിൽപോയി കഴുകുക എന്നു പറഞ്ഞു. ഞാൻ പോയി കഴുകി; ഇങ്ങനെ ഞാൻ കാഴ്ചപ്രാപിച്ചു.

കയ്യാ:—യേശു ചേറു പൂശിയതും നീ സീലോ എന്ന കുളത്തിൽ പോയി കഴുകിയതും ഏതു ദിവസമാണ്?

ബനി:—ദിവസത്തിന്റെ കണക്കൊന്നും അടിയനറിഞ്ഞുകൂടാ. കണ്ണു തുറന്നപ്പോൾ വെള്ളം കണ്ടു. മീൻ മറിയുന്നതും കണ്ടു.

കയ്യാ:—ഇന്നത്തെ ദിവസം ഏതാണെന്നറിയാമോ?

ബനി:—തിങ്കളാഴ്ചയാണെന്നു പറഞ്ഞുകേട്ടു.

കയ്യാ:—രണ്ടുദിവസം മുമ്പുള്ള ആഴ്ച ഏത്?

ബനി:—തിങ്കളാഴ്ച, ചൊവ്വാഴ്ച, ബുധനാഴ്ച.

കയ്യാ:—കഴുതേ, പുറകോട്ടു കണക്കുപിടിക്ക്.

ബനി:—ബുധനാഴ്ച, ചൊവ്വാഴ്ച, തിങ്കളാഴ്ച.

കയ്യാ:—വിഡ്ഡി പോകട്ടെ. യേശു ഇപ്പോൾ എവിടെ എന്നറിയാമോ?

ബനി:—അടിയനറിഞ്ഞുകൂടാ.

അബിയാ:—ശാബത്ത് ആചരിക്കാത്ത ഈ മനുഷ്യൻ ദൈവത്തിൽനിന്നുള്ളവനാകുവാൻ പാടില്ല.

നിക്കോദെ:—പാപിയായ ഒരു മനുഷ്യന് ഈ അടയാളങ്ങൾ ചെയ്യുവാൻ കഴിയുന്നതെങ്ങനെ?

കയ്യാ:—മൗനമായിരിക്കണം, നിങ്ങളുടെ അഭിപ്രായങ്ങൾ നാം ആവശ്യപ്പെട്ടിട്ടില്ല. ബനിയാമിൻ, നിന്റെ കണ്ണുകൾ തുറന്നവനെപ്പററി നീ എന്തു പറയുന്നു?

ബനി:—അദ്ദേഹം ഒരു പ്രവാചകൻ ആകുന്നു എന്നാണ് അടിയൻ വിചാരിക്കുന്നത്.

കയ്യാ:—നിന്റെ മൊഴികൾ ഒന്നും വിശ്വാസയോഗ്യമല്ല. അതുകൊണ്ട് നാളെ നീയും നിന്റെ മാതാപിതാക്കന്മാരും കൂടി നമ്മുടെ മുമ്പിൽ ഹാജരാകുക.

(കർട്ടൻ)

## രംഗം VII. ശ്ലേമ്മോൻെറ മണ്ഡപം.

(അബെറോണും രണ്ടു യഹൂദപ്രമാണികളും തമ്മിൽ സംസാരിക്കുന്നു.)

പ്രമാണി ഒന്നാമൻ:—ഈ യേശുവിനെപ്പററി നാം ഈ ദിവസങ്ങളിൽ പലതും കേട്ടുകൊണ്ടിരിക്കുന്നു. വല്ല വാസ്തവവുമുണ്ടായിരിക്കുമോ?

അബെറോൺ:—അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ ഞാൻ കേട്ടിട്ടുണ്ട്. ഒരു ജാത്യാന്ധനു കാഴ്ചകൊടുത്ത രംഗത്ത് ഞാനും ഉണ്ടായിരുന്നു. അവനെ സീലൊ എന്ന കുളത്തിൽ കൊണ്ടുപോയി കുളിപ്പിച്ചതും ഞാനാണ്.

പ്രമാണി രണ്ടാമൻ:—അങ്ങനെയെങ്കിൽ ഈ യേശുവിനെപ്പററി നാം എന്തുവിചാരിക്കണം? അവൻ ദൈവപുത്രനാണെന്നു പറയുന്നതു് ശരിയോ?

(അബിമെലെക്ക് ഓടിപ്രവേശിക്കുന്നു)

അബി:—അവനൊരു പിശാചുണ്ട്. അവനു ഭ്രാന്തുതന്നെ പിടിച്ചിരിക്കുന്നു. നിങ്ങൾ അവൻെറ വാക്കുകൾ കേൾക്കുന്നതെന്തിന്?

അബെ:—അവൻെറ വാക്കുകൾ പിശാചുബാധിച്ചവൻെറതല്ല. പിശാചിനു കുരുടൻെറ കണ്ണുകൾ തുറക്കുവാൻ കഴിയുമോ?

("ദാവീദിൻെറ പുത്രനായ യേശുവേ, രക്ഷിക്കണേ" എന്നസ്വരം കേൾക്കപ്പെടുന്നു.)

അബെ:—ഇതാ യേശുവും ശിഷ്യന്മാരും ഈവഴിവരുന്നു എന്നു തോന്നുന്നു. നമുക്കു ചോദിക്കുവാനുള്ളതു അദ്ദേഹത്തോടു നേരിട്ടുതന്നെ ചോദിക്കാം.

ഒന്നാമൻ:—അങ്ങനെതന്നെ നമുക്കു അവരുടെ അടുക്കലേക്കു ചെല്ലാം.

(യേശുവും ശിഷ്യന്മാരും പ്രവേശിക്കുന്നു. പ്രമാണികൾ അവരെ സമീപിക്കുന്നു)

രണ്ടാമൻ:—നീ ഞങ്ങളുടെ മനസ്സിനെ സംശയസ്ഥിതിയിൽ എത്രത്തോളം വച്ചുകൊണ്ടിരിക്കും? നീ മിശിഹാ ആകുന്നുവെങ്കിൽ ഞങ്ങളോടു തെളിവായി പറയുക.

യേശു:—ഞാൻ നിങ്ങളോടു പറഞ്ഞു. എങ്കിലും നിങ്ങൾ വിശ്വസിക്കുന്നില്ല. എന്റെ പിതാവിന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവർത്തികൾ തന്നെ എന്നെക്കുറിച്ചു സാക്ഷിപ്പെടുത്തുന്നുണ്ട്. നിങ്ങൾ എന്റെ ആടുകളിൽപ്പെട്ടവർ അല്ലാത്തതുകൊണ്ട് നിങ്ങൾ വിശ്വസിക്കുന്നില്ല. എന്റെ ആടുകൾ എന്റെ സ്വരം കേൾക്കുന്നു; അവയെ ഞാൻ അറിയുന്നു. അവ എന്റെ പിന്നാലെ വരികയും ചെയ്യുന്നു, ഞാൻ അവയ്ക്കു നിത്യജീവൻ കൊടുക്കുന്നു. അവ ഒരുനാളും നശിച്ചുപോകയില്ല; അവയെ എന്റെ കൈകളിൽനിന്നു ആരും പിടിച്ചു പറിക്കയുമില്ല: എന്തുകൊണ്ടെന്നാൽ അവയെ തന്നിരിക്കുന്ന എന്റെ പിതാവു എല്ലാവരിലും വലിയവനാകുന്നു. എന്റെ പിതാവിന്റെ കയ്യിൽനിന്നും പിടിച്ചുപറിക്കുവാൻ ആർക്കും സാധിക്കയില്ല. ഞാനും എന്റെ പിതാവും ഒന്നാകുന്നു.

പ്രമാണികൾ:—ഹൊ, ദൈവദൂഷണം, ദൈവദൂഷണം.

അബി:—ഇവൻ ദൈവമാണെന്നല്ലെ ഇപ്പോൾ പറഞ്ഞതിന്റെ അർത്ഥം?

പ്രമാണികൾ:—അതെ, അതെ, ഇവനെ ഇനി സംസാരിപ്പിച്ചുകൂടാ.

അബി:—എന്നാൽ ഇവനെ നിങ്ങൾ കല്ലെറിഞ്ഞു് ഓടിക്കുവിൻ.

(അബിമെലേക്ക് കല്ലെടുക്കുന്നു)

യേശു:—എന്റെ പിതാവിന്റെ അടുക്കൽനിന്നു് പല നല്ലപ്രവൃത്തികൾ നിങ്ങളെ ഞാൻ കാണിച്ചിട്ടുണ്ടല്ലൊ. അവയിൽ ഏതുപ്രവൃത്തിനിമിത്തമാണ് നിങ്ങൾ എന്നെ കല്ലെറിയുന്നതു്?

അബി:—നീ ദൈവദൂഷണം പറയുന്നതുകൊണ്ടും, നീ മനുഷ്യൻ ആയിരിക്കെ നിന്നെത്തന്നെ ദൈവമാക്കുന്നതുകൊണ്ടും അല്ലാതെ നല്ലപ്രവൃത്തികൾ നിമിത്തമല്ല ഞങ്ങൾ നിന്നെ കല്ലെറിയുന്നതു്.

യേശു:—ഞാൻ എൻെറ പിതാവിൻെറ പ്രവൃത്തികൾ ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കേണ്ട. ഞാൻ ചെയ്യുന്നുവെങ്കിലോ എന്നെ വിശ്വസിക്കാതിരുന്നാലും എൻെറ പിതാവു് എന്നിലും ഞാൻ എൻെറ പിതാവിലും ആകുന്നു എന്നു നിങ്ങൾ അറിയുകയും വിശ്വസിക്കയും ചെയ്യേണ്ടതിന്നു് ആ പ്രവൃത്തികളെ വിശ്വസിക്കുവിൻ.

(ബനിയാമിൻ പ്രവേശിക്കുന്നു)

തോമസ്:—ഇതാ, ആ പഴയ മനുഷ്യൻ വരുന്നു.

യേശു:—എന്താണു തോമ്മസ്? നിങ്ങൾ തമ്മിൽതമ്മിൽ എന്തുപറയുന്നു?

തോമസ്:—സീലൊ എന്ന കുളത്തിൽ കുളിക്കുവാൻ അയക്കപ്പെട്ട മനുഷ്യൻ വരുന്നു.

യേശു:—കൊള്ളാം. ബനിയാമിൻ, നിൻെറ കണ്ണു തെളിഞ്ഞുവല്ലൊ?

ബനിയാമിൻ:—എൻെറ കർത്താവെ, ഞാൻ കാഴ്ചയുള്ളവനായിരിക്കുന്നു.

യേശു:—നീ ദൈവപുത്രനിൽ വിശ്വസിക്കുന്നുവോ?

ബനി:—ഞാൻ അവനിൽ വിശ്വസിക്കേണ്ടതിന്നു് അവൻ ആരാകുന്നു? കർത്താവെ;

യേശു:—നീ അവനെ കണ്ടിട്ടുണ്ടു്. നിന്നോടു സംസാരിക്കുന്നവനും അവൻതന്നെയാകുന്നു.

ബനി:—(മുട്ടുകുത്തി) എൻെറ കർത്താവെ, ഞാൻ അങ്ങിൽ വിശ്വസിക്കുന്നു.

യേശു:—കാണാതിരിക്കുന്നവർ കാണുകയും കാണുന്നവർ കുരുടരാകയും ചെയ്യേണ്ടതിന്നു് ഈ ലോകത്തിൻെറ ന്യായവിധിക്കായി ഞാൻ വന്നിരിക്കുന്നു.

പ്ര. ഒന്നാമൻ:—ഞങ്ങളും കുരുടന്മാർ ആകുന്നു എന്നാണോ നീ പറയുന്നതു്?

യേശു:—നിങ്ങൾ കുരുടന്മാർ ആയിരുന്നുവെങ്കിൽ നിങ്ങൾക്കു പാപം ഇല്ലാതിരിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ ഞങ്ങൾ കാണുന്നു എന്നു നിങ്ങൾ പറയുന്നു. അതുകൊണ്ടു് നിങ്ങളുടെ പാപം നിലനില്ക്കുന്നു.

പ്ര. രണ്ടാമൻ:—ധിക്കാരത്തിൻെറ പാരമ്യം! ഇവൻെറ സംസാരം ഇനി കേട്ടുകൊണ്ടു നില്ക്കവയ്യാ. നമുക്കു പോകാം.

അബി:—അങ്ങനെതന്നെ. നമുക്കു പ്രധാനാചാര്യൻെറ അടുക്കൽചെന്നു് വിവരങ്ങൾ ബോധിപ്പിക്കാം. (പോകുന്നു).

യേശു:—പ്രിയപ്പെട്ട ശിഷ്യന്മാരെ, വരുവിൻ, നമുക്കു വീണ്ടും യൂദായിലേക്കു പോകാം.

യൂദാസ്:—ഗുരോ, യൂദന്മാർ ഇപ്പോൾതന്നെ അങ്ങയെ കല്ലെറിയുവാൻ തുടങ്ങിയതല്ലെ; എന്നിരിക്കെ വീണ്ടും യൂദായിലേക്കു പോകണമെ?

യേശു:—യൂദാസെ, പകലിനു പന്ത്രണ്ടു മണിക്കൂറുകൾ ഇല്ലയോ. ആരെങ്കിലും പകൽ നടക്കുന്നെങ്കിൽ ഈലോകത്തിൻെറ വെളിച്ചം കാണുന്നതുകൊണ്ടു് അവൻ ഇടറുന്നില്ല; എന്നാൽ ആരെങ്കിലും രാത്രിയിൽ നടന്നാൽ അവനു വെളിച്ചം ഇല്ലാത്തതുകൊണ്ടു് അവൻ ഇടറുന്നു. ഞാൻ പ്രകാശമാകുന്നു എന്നു നിങ്ങളോടു പറഞ്ഞിട്ടില്ലയോ? എന്നെ അനുഗമിക്കുന്നവർ അന്ധകാരത്തിൽ നടക്കുന്നില്ല.

യൂദാസ്:—അങ്ങു് എന്തിനാണു ഇപ്പോൾ യൂദയായിലേക്കു പോകുന്നതു്?

യേശു:—നമ്മുടെ സ്നേഹിതനായ ലാസർ ഉറങ്ങി. അവനെ ഉണർത്തുവാൻ ഞാൻ പോകുന്നു.

യൂദാസ്:—കർത്താവേ, അവൻ ഉറങ്ങിയെങ്കിൽ അവനു സുഖമുണ്ടാകും.

യേശു:—ഇനിയും നിങ്ങൾ ഗ്രഹണശക്തിയുള്ളവര

ല്ലല്ലൊ. ലാസർ മരിച്ചുപോയിരിക്കുന്നു. എങ്കിലും ഞാൻ സന്തോഷിക്കുന്നു.

യോഹന്നാൻ:—ലാസർ മരിച്ചു എങ്കിൽ അങ്ങു സന്തോഷിക്കുന്നു എന്നു പറയുന്നതെന്താണു കർത്താവെ?

യേശു:—ഞാൻ നിങ്ങളെക്കുറിച്ചു സന്തോഷിക്കുന്നു; എന്തുകൊണ്ടെന്നാൽ നിങ്ങൾ എന്നിൽ വിശ്വസിക്കുന്നതിനു് ഒരു തെളിവുകൂടി ഞാൻ തരുവാൻപോകുന്നു. ആകയാൽ അവിടേക്കു നടക്കുവിൻ.

യൂദാസ്:—ഗുരോ ഏതായാലും യൂദെയാ നമുക്കു് അപകടമുള്ള ഒരു സ്ഥലമാണു്. യൂദന്മാർ രോഷാകുലരായിരിക്കുന്നു.

തോമ്മാ:—അവിടത്തോടൊന്നിച്ചു മരിക്കേണ്ടിവന്നാൽ തന്നെയും നാം കൂടിപോകണം.

യേശു:—ധീരനായ തോമ്മായെ, നിന്നെ ഞാൻ ഒരു വിദൂരസ്ഥലത്തു് ധീരകൃത്യങ്ങൾ ചെയ്യുന്നതിനായി അയക്കും.

(എല്ലാവരും പോകുന്നു - കർട്ടൻ)

## രംഗം VIII എലിയാക്കിമിന്റെ ഭവനം

(എലിയാക്കിമും ഭാര്യ മറിയയും പ്രത്യക്ഷപ്പെടുന്നു)

എലിയാക്കിം:—പിന്നേ, എനിക്കൊരു വല്ലാത്ത പേടി.

മറിയാ:—എന്തിനാണേ ഇത്ര പേടിക്കണതു്? ഒരണ്ടേ അവരെങ്ങാനും തിന്നുകളയ്യ.

എലി:—എന്നാലും എങ്ങനാ? ഞാൻ ഇതിനുമുമ്പു കോടതിയോ മറേറാ കേറീട്ടൊണ്ടോ?

മറിയാ:—കേറീട്ടില്ലെങ്കിലൊ! നമ്മള് രണ്ടുപേരും കൂടെ ചെല്ലണമെന്നല്ലെ ചെറുക്കൻ പറഞ്ഞതു്?

എലി:—അതെ, പോയില്ലെങ്കി എന്തുവരാനാണു. നമുക്കു വല്ലോടത്തും അങ്ങൊളിച്ചിരുന്നു കളഞ്ഞാലൊ?

മറിയാ:—ഒളിച്ചിരുന്നിട്ടൊള്ള കാര്യം നമ്മളു വല്ലവരുടേം മോട്ടിക്കയൊ പിടിച്ചു പറിക്കയോ, കല്പന കേൾക്കാണ്ടിരിക്കയൊ ചെയ്തിട്ടൊണ്ടോ?

എലിയാക്കിം:—അതൊക്കെ ശരി: എന്നാലും കയ്യാപ്പാവിൻേറം, പ്രമാണികടേം മുമ്പീകേറി നിക്കണതോക്കമ്പോ ഒരു പരവേശം നമ്മളോടെന്തോന്നൊക്കെയാണോ അവരു ചോദിക്കാമ്പോണത്?

മറിയാ:—അവരെന്തെങ്കിലും ചോദിക്കട്ടെന്നേ. ചോദിക്കണേനൊക്കെ തക്ക ഖേഴം അങ്ങു പറേണം.

എലി:—ഹ്ം, എങ്കിലും തരക്കേടില്ല: നമ്മുടെ ചെറുക്കനൊരു മുടിയേന്ത്രം കാണിച്ചത്! അവനെന്തിന് ആ യേശുൻേറട്ടക്കെ പോയിന്നേ?

മറിയാ:—ഹാ, കൊള്ളാം. നല്ലമെന. യേശുൻേറ അട്ടക്കെപോയി അവൻേറ കണ്ണു കാണാറായതാണു കുററം! ഇതെന്തൊരു വത്തമാനമാ ഈ പറേണത്?

എലി:—കണ്ണില്ലാതെ അവനൊണ്ടായി; കണ്ണില്ലാണ്ടേങ്ങു നടന്നേങ്കി ഈ വല്യങ്ങുന്നന്മാരുടെ ദുശിയെ നമ്മക്ക നിക്കണാന്നോ?

മറിയാ:—ദുശിയോ! നമുക്കവിടെങ്ങും കേറി നിക്കണ്ടേൻേറല്ലാ. ചോദിക്കാനൊള്ളതു ചോദിക്കട്ടെ: ഉത്തരം പറഞ്ഞു കൊടുക്കാമെന്നു പറേണം.

എലി:—അങ്ങനേങ്കി, നീ ഒരു കാര്യംചെയ്യ്. ചോദിക്കുന്നേനൊക്കെ ഖേഴം പറഞ്ഞേക്കണം. കേറി നിന്നാ പിന്നെ എന്നെക്കൊണ്ടു മട്ടല്ലാ എൻേറ പൊന്നേ.

മറിയാ:—അതെങ്ങനാന്നേ? ആണുങ്ങളൊള്ളപ്പം പിന്നെ പെണ്ണുങ്ങളു പറേണോ?

എലി:—അതിനൊരു വിത്യാസമുണ്ടെടീ. എനിക്കു വയസ്സു കൊറേആയില്ലെ. ചെവിക്കു വയ്യെന്നൊണ്ടെന്നു ഞാൻ പറഞ്ഞേക്കാം. അപ്പം എന്നോടു ചോദിച്ചാലും നിനക്കു കേറി പറയാമല്ലൊ.

മറിയാ:—എന്നാലേ, എടസ്സ് പൊട്ടവത്തമാനമൊന്നും പറഞ്ഞേക്കല്ല് ചേഴമൊക്കെ ഞാൻ നോക്കിക്കൊള്ളാം.

എലി:—പിന്നെ വല്ലോം പറഞ്ഞെന്നെ ചിരിപ്പിച്ചേക്കല്ല്. കാര്യമെല്ലാം കൊഴയും.

മറിയാ:—എന്നാലാ ചെവിലിത്തിരിച്ചേ മെഴുക വച്ചടച്ചുകളഞ്ഞാലൊ?

എലി:—ഹേ, അതുവേണ്ടാ. നിങ്ങള് പറേണതെന്താന്നു കേക്കവേം വേണം എന്നാലതൊട്ടാരും അറിയേം അരുത്.

മറിയാ:—എങ്കി ചിരിക്കാണ്ടു പല്ലു കടിച്ചുനിന്നോണം.

എലി:—അല്ലേലും നീയൊരു വായാടിയാ. അവിടെ ചെല്ലുമ്പം വേണ്ടാതീനം എന്താനും പറഞ്ഞു പിടിപ്പിച്ചേക്കരുത്. അവരു നമ്മളെ എല്ലാവരേം സഭേന്നു പുറത്തുചാടിച്ചുകളേം കേട്ടോ.

മറിയാ:—അതൊന്നും ഇല്ലെന്നേ, നമുക്കു പോകാം. ആ ചെറുക്കനെവിടെപോയി? അവനെ ഇങ്ങോട്ടൊന്നു വിളിച്ചേ.

എലി:—അവൻ ഈ നേരംകെട്ടനേരത്തെങ്ങോട്ടാ പൊക്കളഞ്ഞത്? എടാ ബനിയാമേ, ബനിയാമേ.

ബനിയാമിൻ: എന്തോ, ഞാൻ ആടിനെ തീറവാണേ.

എലി:—ചപ്പൻ, ഇപ്പോഴാണോട ആടിനെ തീററാൻ കണ്ടനേരം. നീ ഇങ്ങോട്ടു വന്നേ. (സ്വാഗതം) ചേഴംപേക്ക് ഓക്കമ്പം പൊകച്ചില് അവനിതൊക്കെ ഒരു പൂകില്. (പ്രകാശം) വേഗം വാടാ ഇങ്ങോട്ട്. (ബനിയാമിൻ പ്രവേശിക്കുന്നു)

ബനിയാ:—എന്തിനാ അപ്പൻ വിളിച്ചത്?

എലി:—എടാ, കഴുതമാടാ, നിനക്കതും അറിയാമ്മേലെ? നീ ഇന്നലെ ഞങ്ങളോടു പറഞ്ഞതെന്തോവാ?

ബനി:—നമ്മളു മൂന്നുപേരും കൂടെ പ്രധാനാചാര്യൻെറ അടുക്കൽ ചെല്ലണമെന്ന്.

എലി:—എന്നു ചെല്ലണമെന്നാടാ?

ബനി:—ഇന്നാണെന്നേ.

എലി:—എന്നാലോ പിന്നെ പോകണ്ടെ, നീ എന്തെട്ടത്തുനടക്കവാ?

ബനി:—അവരു കുറേ പുലന്നിട്ടേ കോടതിയിൽ വരികയുള്ളു. അവർ വരുമ്പോഴേക്കും നമുക്കു ചെന്നാൽ പോരെ?

എലി:—എടാ അവിടെ ചെന്നിട്ട് എന്തൊക്കെയാ പറേണ്ടത്? നീ ഒന്നു പറഞ്ഞുതന്നേ.

ബനി:—അവരു ചോദിക്കുന്നതിനെല്ലാം മറുപടി പറയണം. അല്ലാതൊന്നും ചെയ്യാനില്ല.

എലി:—"അല്ലാണ്ടൊന്നുമില്ല", കഴുതേ, ആരൊക്കെയാടാ അവിടത്തെ ചോദ്യക്കാര്?

ബനി:—അവിടെ നാലഞ്ചുപേരു കാണും. പ്രധാനാചാര്യനാണു നടക്കിരിക്കുന്നത്.

എലി:—മററവരെ ഒക്കെ നീ ഒണ്ടോ അറിയൂ?

ബനി:—ഓ, ഒരുത്തൻെറ പേര് ആബിയാസ് എന്നു. അയാളുടെ വത്തമാനം കേട്ടാൽ ഒരു പാദം നക്കിയാണെന്നു തോന്നും. വേറൊരാളുണ്ട് – നിക്കൊദേമൂസ് – അസൽ പുള്ളിയാണ് = നേരവാ നേരപോ എന്നൊരൊററപ്രമാണം മാത്രം – കയ്യാപ്പാവിനെപോലും പേടിയില്ല – തോന്നുന്ന അഭിപ്രായം എവിടെയും തുറന്നു പറയും. കയ്യാപ്പാവിനു് അയാളോടത്ര കോളില്ലെന്നാണു തോന്നുന്നത്. പിന്നത്തേത് ഇസ്ക്രെമോൻ. അയാൾ വയസ്സും പേരുമൊക്കെ ചോദിക്കും – എന്താണ്ടെല്ലാം അവിടെ കുനിഞ്ഞിരുന്നെഴുതും. പ്രധാന ചോദ്യങ്ങളെല്ലാം ചോദിക്കുന്നതു കയ്യാപ്പാസ്തന്നെ.

എലി:—കയ്യാപ്പാവിനോട്ട പറയാൻ എന്നെക്കൊണ്ടോകേല. അതുകൊണ്ട് അമ്മയും മകനുംകൂടെ അങ്ങു ചെല്ല്.

മറിയം:—ഇതെന്താ ഇങ്ങനെ പറേണെ? ചെറുക്കൻെറ അപ്പനെവിടെന്നു ചോദിച്ചാലൊ?

എലി:—അയാക്ക ജലദോഷമാണെന്നോ മറോ പറഞ്ഞുവിട്ട്.

ബെനി:—അതു സാദ്ധ്യമല്ല. നുണ പറയുവാൻ എനിക്കു കഴികയില്ല.

എലി:—എന്നാലൊരു സൂത്രമൊണ്ട്. നീ ഒരു പച്ചപരമാത്തിയല്ലെ. എനിക്ക വയസ്സായി. ചെവിക്ക നല്ല കേളിയില്ല. അതുകൊണ്ടു ഞാനൊന്നും കേൾക്കുന്നും ഇല്ല; ഒന്നും പറേണും ഇല്ല. തകപ്പനിത്ര വയമ്പൊണ്ടെന്നു നീയും പറഞ്ഞേക്കണം.

ബെനി:—ഓ, അങ്ങിനെ വേണമെങ്കിൽ പറഞ്ഞേക്കാം.

മറിയാ:—എന്നാൽ നമുക്ക പോയേക്കാം. നേരം തീത്തുപോയി. (പോകുന്നു. കർട്ടൻ)

## രംഗം IX സാൻഹെദ്രിൻ കോടതി

(കയ്യാപ്പാസ്, ജനപ്രമാണികൾ,* ഇസ്ക്രെമോൻ— മുതലായവർ ഇരിക്കുന്നു)

കയ്യാ:—ആ കമ്മാളസന്താനത്തെക്കുറിച്ച് നാം കേൾക്കുന്നതെന്തെല്ലാമാണ്! അവൻ ശാബത്ത് ലംഘിക്കുന്നു, ആചാര്യന്മാരെയും ജനങ്ങളെയും ഭത്സിക്കുന്നു; ചെപ്പടിവിദ്യകൾ കാണിക്കുന്നു. എന്തുമാത്രം ആളുകളാണ് അവൻെറ പേക്കൂത്തുകാണുവാൻ അവൻെറ പുറകെ ഓടുന്നത്! ജനങ്ങളെ ഉല്ബോധിപ്പിക്കുവാൻ സമത്ഥനായ അബിമെലെക്കിനെ നാം നിയോഗിച്ചു. അവൻെറ പ്രാപ്തികളും യേശുവിൻെറ മുമ്പിൽ അടിതെററുകയായിരിക്കുമോ ചെയ്യുന്നത്!

നിക്കൊ:—അഭിവന്ദ്യനായ മഹാ പുരോഹിതാ, യേശുവിനെപോലെ പ്രസംഗിക്കയും, പ്രവത്തിക്കയും ചെയ്യുന്ന ഒരുവനും നമ്മുടെ കുലത്തിൽ ഇതിനുമുമ്പെങ്ങും ഉണ്ടായിട്ടില്ല. അതിനാൽ അബിമെലെക്കിൻെറയും കൂട്ടുകാരുടെയും

ശ്രമങ്ങൾ ഫലപ്പെടുന്ന കാര്യം സംശയമാണ്.

കയ്യാ:—ഭോഷാ, നീ എന്തുപറഞ്ഞു? ഇന്നു നാം യഹോവായുടെ പ്രധാനാചാര്യനാണ്. നമ്മെക്കാൾ വലിയവനായി ഇന്നു ലോകത്തിൽ മററാരുണ്ടു? നമുക്കു പ്രസംഗപാടവവും പ്രവൎത്തനസാമൎത്ഥ്യങ്ങളുമില്ലെ! നമ്മെ ധിക്കരിക്കുവാൻതക്ക കരുത്തുള്ള കണ്ഠീരവങ്ങൾ ഇന്നു യഹൂദജാതിയിൽ ജീവിക്കുന്നോ?

അബിയാസ്:—പൊന്നു തിരുമേനീ, ഇന്നു കയ്യാപ്പാസ് പ്രധാനാചാര്യനോളം ഔന്നത്യമുള്ളവനായി ലോകത്തിൽ മററാരുമില്ല. മാമ്മോൻെറ പീഠത്തിനു സൎവ്വഥാ യോഗ്യനായ ഹന്നാൻെറ ജാമാതാവെന്നനില അവിടുത്തെ കീൎത്തിക്കു മകുടം ചാൎത്തുന്നുണ്ടു്. രാജാക്കന്മാൎക്കും ചക്രവൎത്തികൾക്കും അവരുടെ സൈന്യബലത്തിലാണാശ്രയം. എന്നാൽ മഹാപുരോഹിതനായ കയ്യാപ്പായിക്കോ സൎവ്വവല്ലഭനായ ദൈവത്തിൻെറ ശക്തിയാണുള്ളതു്. യഹോവായുടെ ഒരു ദീൎഘദർശി മാത്രമായിരുന്ന ഏലിയാസ്, തന്നെ ബന്ധിക്കുവാൻ ഒക്കോസിയോസ് രാജാവിനാൽ അയക്കപ്പെട്ട നൂററമ്പതു പടയാളികളെ ആകാശത്തിൽനിന്നും അഗ്നിയിറക്കി ദഹിപ്പിച്ചുകളഞ്ഞുവെങ്കിൽ മഹാനായ കയ്യാപ്പാസ് പ്രധാനാചാര്യൻെറ പ്രാബല്യം എത്ര അപരിമിതമായിരിക്കണം.

കയ്യാ:—പ്രിയപ്പെട്ട അബിയാസ്, ബലവാൻെറ ബോധം തന്നെ നിനക്കു ലഭിച്ചിരിക്കുന്നു. നീ വേണ്ടവണ്ണം നമ്മെ മനസ്സിലാക്കിയിരിക്കുന്നതിനാൽ നമുക്ക് അതിയായ സംതൃപ്തിയുണ്ടു്. നിക്കൊദേമൂസ്, നമ്മുടെ മുമ്പിൽ നീ എങ്ങനെ സംസാരിക്കണമെന്ന് അബിയാസിൽനിന്നും ഒന്നു പഠിക്കുക.

നിക്കോ:—പൊന്നു തിരുമേനീ, അടിയൻെറ സംസാരം അവിടുത്തേക്ക് അനിഷ്ടകരമായിത്തീൎന്നിട്ടുണ്ടെങ്കിൽ ദയവായി ക്ഷമിക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു.

കയ്യാ:—എന്തു്! നമുക്കനിഷ്ടമൊന്നുമില്ല. നീ ചിലപ്പോൾ ഉള്ളതു പറയുന്നു. പക്ഷേ അതിനൊരു മാൎദ്ദവവുമില്ല.

നമ്മുടെ സ്ഥാനവും മഹിമയും നീ അല്പമൊന്നു മനസ്സിലാക്കേണ്ടതല്ലെ? (ദൂതൻ പ്രവേശിക്കുന്നു)

ദൂതൻ:—ബനിയാമും അവൻെറ മാതാപിതാക്കന്മാരും വന്നു നില്ക്കുന്നു.

കയ്യാഃ —അവർ ഇങ്ങു കയറി വരട്ടെ. (പ്രവേശിക്കുന്നു) വളരെ നേരമായി നിങ്ങളെ ഞങ്ങൾ പ്രതീക്ഷിച്ചിരിക്കുന്നു. ഇത്രയധികം താമസിക്കാൻ കാരണമെന്തു്?

മറിയാ:—ഈ മനുഷ്യനു പ്രായം കൊറേ കടന്നിരിക്കുവാ. ഞങ്ങടെ ഒപ്പം നടക്കാൻ മേലാന്നു.

കയ്യാ:—ഹ്ം, ആകട്ടെ; ഇസ്ക്രേമോൻ, അവനെ വിസ്തരിക്കൂ—

ഇസ്ക്രേമോൻ:—(വേദപുസ്തകം കൊണ്ടുവന്ന്) ഇതു പിടിക്കൂ.

എലിയാക്കിം:—എനിക്കെഴുത്തറിയാൻ മേലാ. പിന്നെ ഇതെന്തിനാ?

ഇസ്:—വായിക്കാനല്ലെടൊ; ഇതുപിടിച്ച്, ഞാൻ സത്യം ബോധിപ്പിച്ചുകൊള്ളാം, സത്യം, സത്യം, സത്യം, എന്നു പറയണം.

എലി:—(കേൾക്കാത്ത ഭാവം നടിച്ച്) ങ്ഹ്യേ, ഞാൻ പറേണോന്നോ?

ബനി:—(ഉറക്കെ എലിയാക്കിമിൻെറ ചെവിയിൽ) ഈ കിത്താപ്പ് പിടിച്ച് ഞാൻ സത്യം ബോധിപ്പിച്ചുകൊള്ളാം; സത്യം, സത്യം, സത്യം; എന്നാണു പറയേണ്ടതു്.

ഇസ്:—പ്രതിയുടെ ഈ സ്വാതന്ത്ര്യം അനുവദനീയമല്ല.

കയ്യാ:—അവനെന്തു്, സുഖക്കേടവല്ലതുമുണ്ടോ?

ബനി:—ചെവിക്കു കേൾവിക്കുറവുണ്ടു്.

കയ്യാ:—എന്നാൽ ഇസ്ക്രേമോൻ ഉറക്കെ ചോദ്യങ്ങൾ ചോദിക്കുക.

ഇസ്:—തൻെറ പേരെന്തു്?

എലി:—പേരോ? പേര് എലിയാക്കീതെന്ന്.

ഇസ്:—വയസ്സെത്ര?

എലി:—നാപ്പതു്, നാപ്പതു്, നാപ്പത്തിരണ്ടു്, അപ്പൻെറ അടിയന്ത്രത്തിന് നാപ്പത്തഞ്ചു്, നാപ്പത്തഞ്ചു്, അമ്പതു്, അമ്പതു് അത്രേ ഉള്ളു. അമ്പതിനാട്ടക്കെ വരും.

ഇസ്:—ജോലി എന്തു്?

എലി:—എല്ലാ ജോലീം ഒണ്ടു്.

ഇസ്:—എല്ലാ ജോലിയും എന്നു പറഞ്ഞാൽ?

എലി:—അങ്ങനാന്നു പറഞ്ഞില്ലേ?

ഇസ്:—അതല്ല ചോദിച്ചതു്. തൻെറ പ്രധാന തൊഴിൽ എന്തു്?

എലി:—അങ്ങനത്തെ ഒരു തൊഴിലും മററും ഇല്ല. ചാപ്പാടിനു വേണ്ടീട്ടുള്ള തൊഴിലൊക്കെ ചെയ്യും. അത്രേ ഒള്ളു.

കയ്യാ:—നിറുത്തു. അവൻ ഒരു ഭോഷനും കൂടിയാണ്. അവൻെറ ഭാര്യയെ വിസ്തരിച്ചു വരുത്താമോ എന്നു നോക്കു. (ഇസ്ക്രെമോൻ മരിയായുടെ പക്കൽ പുസ്തകം കൊടുത്തു് സത്യം ചെയ്യിക്കുന്നു)

ഇസ്:—നിൻെറ പേരെന്തു്?

മറിയാ:—മറിയാന്ന്.

ഇസ്:—വയസ്സെത്ര?

മറിയാ:—അതിനെക്കാൾ നാലു വയസ്സിനെളപ്പമാ.

ഇസ്:—ജോലി എന്തു്?

മരിയാ:—വീടന്നേഴിക്ക, കൊച്ചുങ്ങളെ വളത്തുക, അതിയാൻെറ ചുത്തുഴനോക്കുക; പിന്നേം ഒണ്ടോരു പാട്.

ഇസ്:—ആകട്ടെ, അതുമതി. ഈ നില്ക്കുന്നവനെ നീ അറിയുമോ?

മറിയാ:—ഹാ, അറിയുവോന്ന്! അവനെൻെറ ബനി യാങ്കുഞ്ഞല്ലെ?

(കയ്യാപ്പാസ് സഗൗരവം എഴുന്നേററു്)

കയ്യാ:—നീ നമ്മോട് സത്യം മാത്രം ഉണത്തിക്കണം. നിൻെറ മകൻ എന്നു പറയുന്ന ഇവൻ കുരുടനായി ജനിച്ചു എന്നു നിനക്കു നിശ്ചയമുണ്ടോ?

മറിയാ:—കറുകുതിട്ടമാ. അവൻ തപ്പി തടഞ്ഞപ്പവും മററും വായിവയ്ക്കുന്നതു ഞാനല്ലെ കണ്ടിട്ടൊള്ളതു്. കണ്ണുകാണാൻ പാടില്ലാഞ്ഞിട്ട് കൊച്ചുന്നാളിൽ അവനെ അങ്ങോട്ടും ഇങ്ങോട്ടും കൊണ്ടു നടന്നതു ഞാൻ കയ്യേപിടിച്ചാ.

കയ്യാ:—എന്നാൽ ഇപ്പോൾ അവൻ കാഴ്ചപ്രാപിച്ച തെങ്ങനെ?

മറിയാ:—ഇവൻ ഞങ്ങടെ മകനെന്നും, കുരുടനായി ജനിച്ചതാണെന്നും ഞങ്ങൾക്കറിയാം. എന്നാപിന്നെ ഇപ്പം അവനെങ്ങനെ കാണുന്നു എന്നു ഞങ്ങക്കറിവില്ല. അവൻെറ കണ്ണു തൊറന്നതാരാന്നും അറിഞ്ഞുകൂടാ. ഇതൊക്കെ എന്തിനാ ഇങ്ങോട്ടു ചോദിക്കണെതു്? അവനു വയസ്സൊരിരുപത്തഞ്ചിനു മേലായി. അവനോടു ചോദിച്ചാ അവനങ്ങു പറഞ്ഞുതരികേലേ? വെറുതേ ഈ വയസ്സു ചെന്നോരെ മെനക്കെടുത്തുണതെന്തിനാ?

കയ്യാ:—ധിക്കാരീ, നീ നമ്മോട്ട് ബുദ്ധി ഉപദേശിക്കവാൻ വന്നിരിക്കയാണോ? പാപത്തിൽ മുളച്ചു പാപത്തിൽ വളന്നവൾ! കടക്കു വെളിക്ക് (മറിയാ പോകുന്നു—എലിയാക്കിം വിറച്ചു നിലവിളിക്കുന്നു)

എലി:—(മറിയാമ്മയുടെ നേരെ നോക്കി) ഞാം പറഞ്ഞില്ലേടി, പ്രമാണികടെ അടുക്കെവന്നു കുരുത്തക്കേടൊന്നും പറേല്ലെന്നു്. നീ നമ്മടെ കൊലം മുടിച്ചുതേച്ചുകഴുകിയല്ലോടീ. എൻെറ തൈവേ ഞാനെന്തുചെയ്യുവോ?

കയ്യാ:—പാവം! ഭയപ്പെടേണ്ടാ. താനും പൊയ്ക്കോള്ളൂ. (പോകുന്നു) (ബനിയാമിനോട്) ബനിയാമിൻ, നാം നിന്നോടു കല്പിക്കുന്നു; നീ സത്യം മാത്രം നമ്മുടെ മു

ന്മാകെ ബോധിപ്പിക്കുക: ഈ യേശുഎന്നവൻ ഒരു മഹാ പാപിയല്ലയോ?

ബനി:—അദ്ദേഹം മഹാപാപിയാകുന്നുവോ എന്നെനിക്കറിഞ്ഞുകൂടാ. എന്നാൽ ഒരു കാര്യം എനിക്കറിയാം. ഞാൻ ഒരു കുരുടനായിരുന്നു. ഇപ്പോൾ ഞാൻ കാണുന്നു.

കയ്യാ:—അവൻ നിൻെറ കണ്ണുകളെ തുറന്നതെങ്ങിനെ; അവൻ എന്തു ചെയ്തു?

ബനി:—അക്കാര്യം വിശദമായി ഞാൻ നിങ്ങളോടൊരിക്കൽ പറഞ്ഞു. ഇനിയും അതു കേൾക്കണമെന്ന് ഇച്ഛിക്കുന്നതെന്തു്? നിങ്ങളും അദ്ദേഹത്തിൻെറ ശിഷ്യന്മാരാകുവാൻ അഗ്രഹിക്കുന്നുണ്ടോ?

കയ്യാ:—ഛായ് പട്ടീ, നീയാകുന്നു അവൻെറ ശിഷ്യൻ. ഞങ്ങൾ മൂശയുടെ ശിഷ്യന്മാരാകുന്നു. മൂശയോടു ദൈവം സംസാരിച്ചു എന്നു ഞങ്ങൾക്കറിയാം. എന്നാൽ ഇവനോ എവിടെ നിന്നാണെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ.

ബനി:—പിറവിക്കുരുടനായ എൻെറ കണ്ണുകൾ തുറന്നിട്ടും അദ്ദേഹം എവിടെ നിന്നാണെന്നു നിങ്ങൾക്കറിഞ്ഞുകൂടാത്തതാണ് എനിക്കാശ്ചര്യകരമായി തോന്നുന്നതു്. ദൈവം തന്നെ ഭയപ്പെടുകയും തൻെറ തിരുവിഷ്ടം നിറവേററുകയും ചെയ്യുന്നവനാരോ അവൻെറ പ്രാൎത്ഥനയാണു കേൾക്കുന്നതു് അല്ലാതെ പാപികളുടെ സ്വരത്തെയല്ല എന്നു നാം അറിഞ്ഞിട്ടുണ്ടല്ലോ. കുരുടനായി പിറന്നവൻെറ കണ്ണുകൾ വല്ലവരും തുറന്നതായി നാം കേട്ടിട്ടുണ്ടോ? യേശു ദൈവത്തിൽ നിന്നുള്ളവനല്ലായിരുന്നുവെങ്കിൽ ഇതു ചെയ്യുവാൻ ഇദ്ദേഹത്തിനു സാധിക്കുമായിരുന്നില്ല.

കയ്യാ:—ഛീ, മരക്കോലമേ, പാപങ്ങളിൽ പിറന്ന നീ നമ്മുടെ മുമ്പിൽ നിൻെറ ഉപദേശങ്ങൾ എഴുന്നെള്ളിക്കുന്നോ? കട പുറത്തു്. ആരെവിടെ? (ഭൃതൻ പ്രവേശിക്കുന്നു) നീ ഉടൻ ഇവനെ ഒട്ടിപുറത്താക്കു. (ഭൃതൻ പിടലിക്കു പിടിച്ചു തള്ളിക്കുന്നു) ഇസ്ക്രെമോൻ അവനെ നമ്മുടെ

സഭയിൽനിന്നും പുറത്താക്കിയിരിക്കുന്നതായി പരസ്യം ചെയ്തുകൊള്ളുക. ഇത്തരം അഷാഢഭൂതികളെ നമുക്കാവശ്യമില്ല.

(കർട്ടൻ)

## രംഗം X. എസ്തറിൻെറ ഭവനം.

(ഇബ്രാഹിമും എസ്തറും സംസാരിക്കുന്നു)

ഇബ്രാം:—അമ്മച്ചീ, അമ്മച്ചി ഒരു കാര്യം അറിഞ്ഞോ

എസ്തർ:—എന്തു കാര്യമാണുകുഞ്ഞേ, നീ എന്തറിഞ്ഞു? ജ്യേഷ്ഠനെപ്പററി വല്ലതുമാണോ?

ഇബ്രാം:—ജ്യേഷ്ഠനു കുറവുണ്ടെന്നുകേട്ടു എന്നല്ലേ അമ്മച്ചി പറഞ്ഞത്?

എസ്തർ:—അതെ, അതു ശരിയല്ലയോ?

ഇബ്രാ:—ശരിയോ തെറേറാ; ജ്യേഷ്ഠൻ മരിച്ച് അടക്കം കഴിഞ്ഞു എന്ന് ഒരാൾ ഇപ്പോൾ എന്നോടു പറഞ്ഞു.

(എസ്തർ കരയുന്നു—സലോമി ഓടിവരുന്നു)

സലോമി:—അമ്മച്ചീ, അമ്മച്ചീ, എന്തുപററി ഇബ്രാം കുട്ടീ ?

ഇബ്രാം:—ലാസർജ്യേഷ്ഠൻ മരിച്ചുപോയെന്നു കേട്ടു?

സലോമി:—നീ എന്താണീ ഭ്രാന്തു പറയുന്നത്? നമ്മുടെ അമ്മാവിയുടെ മകൻ മരിച്ചാൽ അവർ നമ്മെ അറിയിക്കാതിരിക്കുമോ?

ഇബ്രാം:—ജ്യേഷ്ഠൻ മരിച്ചാൽ നമ്മെ അറിയിക്കുവാനുള്ളവർ ആരാണ്?

സലോ:—മർത്തായും മേരിയും ഇല്ലേ?

ഇബ്രാം:—അവർ പെണ്ണുങ്ങളല്ലേ. കരച്ചിൽ നിറു

ത്തിയിട്ട് നമ്മെഒക്കെ അറിയിക്കുവാൻ ആർക്കു സമയമു ണ്ടോ എന്നാലോചിക്ക്.

എസ്സർ:—സ്വാമി, എനിക്കു സംശയമില്ല. അവൻ മരിച്ചു എന്നുതന്നെയാണ് എന്റെ അന്തരംഗത്തിലെ തോ ന്നൽ. നിങ്ങളുടെ അമ്മാവിയും അമ്മാച്ചനും മരിക്കുമ്പോൾ ആ കുഞ്ഞുങ്ങൾക്ക് അധികം പ്രായമുണ്ടായിരുന്നില്ല ഇ പ്പോൾ ഇതാ, അവനുംപോയി. ഇനി ആ മത്തായുടെയും മേരിയുടേയും സ്ഥിതി എത്ര പരിതാപകരമാണ്?

സളോ:—ലാസർജേഷ്ഠൻ മരിച്ചു എന്നെനിക്കിപ്പോ ഴും ബോദ്ധ്യം വരുന്നില്ലമ്മച്ചീ. അതിനൊരു പ്രധാന കാര ണം അദ്ദേഹം യേശുവിന്റെ ഒരു പ്രാണസ്നേഹിതനാണെ ന്നുള്ളതുതന്നെ.

എസ്സർ:—യേശുവിന്റെ സ്നേഹിതന്മാർ ആരും മരി ക്കയില്ലയോ?

സളോ:—ഏതുരോഗത്തെയും ഒററവാക്കുകൊണ്ട് സുഖ പ്പെടുത്തുന്ന യേശു തന്റെ സ്നേഹിതനെ രോഗവിമുക്തനാ ക്കുവാൻ പ്രാപ്തനായില്ലെന്നു വരുന്നതെങ്ങനെ?

എസ്സർ:—യേശു ബത്താനിയായിൽ ഇല്ലാതിരുന്നസമ യത്ത് ലാസറിനു രോഗം പിടിപെട്ടു മരിച്ചുകൂടെ?

സളോ:—എന്നാൽ നായിമിലെ വിധവയുടെ പുത്ര നെയും ജയിറസിന്റെ മകളെയും ഉയിപ്പിച്ച യേശുവിന് മരിച്ച ലാസറിനെ ഉയിപ്പിക്കുവാൻ കഴിഞ്ഞില്ലെന്നു വരുമോ?

എസ്സർ:—ലാസറിന്റെ മൃതദേഹത്തെ സംസ്കരി ക്കുന്നതിനുമുമ്പേ യേശുസ്ഥലത്തു വന്നു ചേർന്നില്ലെങ്കിലോ?

സളോ:—സർവ്വശക്തനായ യേശുവിന് പിന്നെ ഒ ന്നും ചെയ്വാനില്ലെന്നാണോ അമ്മച്ചിയുടെ വിചാരം?

ഇബ്രാ:—അമ്മച്ചി, ഇതാ ഒരാൾ വരുന്നുണ്ട്. ബത്താ നിയായിൽ നിന്നാണെന്നുതോന്നുന്നു. (ആൾ പ്രവേശിക്കുന്നു)

എസ്സർ:—(ഉൽകണ്ഠയോടുകൂടി) ഇതു നമ്മുടെ യൂസെ

ഷായാണല്ലൊ. വിശേഷം എന്തൊക്കെ കുഞ്ഞേ?

യൂസെഫാ:—ലാസർ യേമാൻ മിനിയാന്നു മരിച്ചു.

എസ്തർ:—കഷ്ടം! അവൻ എത്രയോ നല്ലകുഞ്ഞായിരുന്നു! ദൈവമേ, അവന് അബ്രാഹത്തിൻെറ മടിയിൽ ആശ്വാസം കൊടുക്കണമെ.

ഇബ്രാം:—ലാസർജ്യേഷ്ടന് എന്തു സുഖക്കേടായിരുന്നു എന്നാണു വൈദ്യന്മാർ പറയുന്നത്?

യൂസെഫാ:—അതെൻെറ ഇബ്രാംകുഞ്ഞേ, എനിക്കറിയാൻ പാടില്ല. ഓരോരുത്തര് ഓരോ തരത്തിലാ പറേണതു്. ഒരുത്തൻപറേണ് ജ്വരമാണെന്ന്. വേറൊരുത്തൻ പറേണ് കരളുപഴുപ്പാരുന്നെന്ന്. ഏതായിരുന്നോ! ആളുപോയി. പിന്നെന്തിനാ അതൊക്കെ നമ്മള് തെരക്കണതു്?

സള്ളോ:—സുഖക്കേടു കൂടുതലായിട്ട് ഞങ്ങളാരെയും അറിയിക്കാതിരുന്നതെന്താണ്? ഞങ്ങളധികം മാറിയതോ മറിഞ്ഞതോ ആണോ?

യൂസെഫാ:—അതെൻെറമോളെ, മരിക്കുമെന്നാർക്കും ഒരു പോതംപോയില്ല. സുഖക്കേടുകൂടിയപ്പം പെങ്ങന്മാരുരണ്ടും കൂടെ യേശുവിന് ആളുവിട്ടു. യേശുവന്ന് സുഖപ്പെടുത്തും എന്നല്ലെ എല്ലാവരും കരുതിയിരുന്നതു്.

സള്ളോ:—ആളയച്ചിട്ട് യേശു വന്നില്ലയോ?

യൂസെ:—വിളിക്കാൻ ചെന്നവനോട് സുഖക്കേടു സാരമില്ലെന്നു പറഞ്ഞുവിട്ടുകളഞ്ഞു. അതുകൊണ്ടു മേരികൊച്ചമ്മയ്ക്കാ വലിയ സങ്കടം. ചെല്ലുന്നോൻ ചെല്ലുന്നോൻ 'നിൻെറ യേശു എന്തേ' എന്നാണു ചോദ്യം. കൊച്ചമ്മേക്കാ യേശൂന്നു പറഞ്ഞാ ജീവനാ.

ഇബ്രാം:—ഏതായാലും യേശുവരാതെ അവരടക്കിക്കളഞ്ഞതു ശരിയായില്ല.

യൂസെ:—ജീവൻ പോയതടിയെ പിന്നെ ജീഞ്ഞുനാറുവോളം കാത്തുവച്ചോണ്ടിരിക്കണോ?

എസ്സർ:—എടി, നീ എന്താ ഇങ്ങനെ ആ സാധുവിനെ വച്ച 'ക്രാസ്സ്',നടത്തുന്നതു്? യേശുവിൻെറ വരവുപാത്തു് മരിച്ച ആളെ എത്രദിവസം സൂക്ഷിച്ചുവയ്ക്കണം?

സലോ:— എൻെറ അമ്മച്ചി, യേശുവന്നു് ജ്യേഷ്ഠനെ എഴുന്നേല്പിക്കുമെന്നുതന്നെയാണു് എൻെറ വിശ്വാസം.

ഇബ്രാം:—ശരീരം കല്ലറയിൽ ഇരുന്നു് അഴുകി കഴിഞ്ഞാൽ പിന്നെ ആരെയാണു ഉയിർപ്പിക്കുന്നതു്?

എസ്സർ:—നിങ്ങളുടെ യുക്തി വാദത്തിനുള്ള സമയമല്ല ഇപ്പോൾ. മത്തായും മേരിയും എന്തെടുക്കുന്നു, യൂസെഫാ?

യൂസെ:—വലിയകൊച്ചമ്മ അടിക്കാനും തുക്കാനും വയ്ക്കാനും, വിളമ്പാനുമൊക്കെ തൊടങ്ങി. മേരിക്കൊച്ചമ്മയ്ക്കു കരച്ചിലുതന്നെ കരച്ചില്. ആളുകളു വന്നുംപോയും ഇരിക്കുന്നു.

എസ്സർ:—എന്നാൽ മകളെ, നമുക്കും അവിടംവരെ ഒന്നു പോയിവരാം. നിങ്ങളുടെ സഹോദരികളുടെ അത്യധികമായ സങ്കടത്തിൽ നിങ്ങളും പോയി പങ്കുകൊള്ളുന്നതാണു സ്നേഹത്തിൻെറ ലക്ഷ്യം.

ഇബ്രാം:—അങ്ങോട്ടൊന്നു പോകുന്നതു് എനിക്കു വളരെ സന്തോഷമാണു്. ആ ലാസർജ്യേഷ്ഠനും സഹോദരികളുംകൂടി എത്രപ്രാവശ്യം എന്നെ അങ്ങോട്ടു ക്ഷണിച്ചു! അന്നൊന്നും പോകാൻ കഴിഞ്ഞില്ല.

സലോ:—അങ്ങനെ ഇരിക്കും. ലാസർജ്യേഷ്ഠനെ ഇനി നിനക്കു കാണുവാൻ സാധിക്കയില്ലല്ലൊ.

ഇബ്രാം:—എനിക്കു് ആ കല്ലറയെങ്കിലും കാണാമല്ലോ.

സലോ:—ഞാൻ ലാസർ ജ്യേഷ്ഠനെ കണ്ടിട്ടേ തിരിച്ചു പോരികയുള്ളു.

എസ്സർ:—ഓ, എന്നാൽ നീയും ചത്തവിടെ ഇരിക്കണം. അവസാനത്തെ ഉയിർപ്പിൽ നിങ്ങൾ തമ്മിൽ കണ്ടിട്ടു് നിനക്കു ഇങ്ങുപോരാം.

സലോ:—അമ്മച്ചീ പന്തായം വയ്ക്കുന്നോ?

എസ്ഥർ:—പോടീ, അമ്മയും മകളും കൂടിയാണു പന്തായം! നിനക്കധികാ പ്രസംഗംകൂടി വരുന്നു.

ഇബ്രാം:—അമ്മച്ചി തോറേറക്കുമെന്നു പേടിച്ചല്ലെ ഇങ്ങനെ പറയുന്നതു്?

എസ്ഥർ:—ധിക്കാരി, നീയും അത്രമൂത്തോ? സലോമിയുടെ വക്കാലത്തു നിനക്കുണ്ടോ?

ഇബ്രാം:—ഇല്ലമ്മച്ചി, നമുക്കുപോകാം.

(കർട്ടൻ)

## രംഗം XI ലാസറിൻെറ ഭവനം

(മേരി ഒരു കസാലയിൽ കരഞ്ഞു കൊണ്ടിരിക്കുന്നു)

മേരി:—(സ്വഗതം)ഹാ, ജഗൽകത്താവെ, ഞങ്ങൾ മൂവരും കൂടി ഒരു ഞെട്ടിൽവിടൎന്ന മൂന്നു ലിലിപുഷ്പങ്ങൾ പോലെ വളൎന്നുവന്നു. ഞങ്ങളെ അനാഥരാക്കിയുംവച്ചു് മാതാപിതാക്കന്മാർ വളരെമുമ്പേ ഞങ്ങളെ പിരിഞ്ഞുപോയി. എങ്കിലും ഞങ്ങൾ തമ്മിൽ നിലനിന്നദൃഢമായസ്നേഹം കഷ്ടതകൾ നിറഞ്ഞ ഈ ജീവിതക്കടലിൽ അലകൾക്കുമീതെ ഞങ്ങളെ ഉയൎത്തിനിറുത്തിയിരുന്നു എന്നാൽ ഇതാ, ഞങ്ങളുടെ ഏകസഹോദരനും ഞങ്ങളെ വിട്ടുപോയി. ഞങ്ങൾ ഒരിക്കൽകൂടി അനാഥരാക്കപ്പെട്ടിരിക്കുന്നു. ദൈവമേ, ഇതു സഹിക്കത്തക്കതോ—എൻെറ യേശുനാഥാ അങ്ങു് ഇപ്പോൾ എവിടെയാണു്? ഞങ്ങൾക്കുവന്ന ഈ അത്യാഹിതം അങ്ങു് അറിഞ്ഞു കാണുകയില്ലയോ! ഒററ വാക്കുകൊണ്ടു് രോഗികളെ സ്വസ്ഥരാക്കുകയും മരിച്ചവരെ ഉയൎപ്പിക്കയും ചെയ്യുന്ന അങ്ങു ഉവിടെഇണ്ടായിരുന്നെങ്കിൽ ഈ കാലക്കേടു ഞങ്ങൾക്കു സംഭവിക്കയില്ലായിരുന്നു. (കുനിഞ്ഞിരുന്നു കരയുന്നു— ജേഹു പ്രവേശിച്ചു് അങ്ങുമിങ്ങും നോക്കി അടുത്തുചെന്നു് വിളിക്കുന്നു)

ജേഹു:—മേരി, മേരി. (മേരി തല ഉയൎത്തുന്നു)

മേരി:—(സഗൗരവം) എന്താണു കാൎയ്യം?

ജേഹു:—ഞാൻ ഭവതിയുടെ ആശ്വാസത്തിനുവേണ്ടി വന്നിരിക്കയാണ്. എന്തിന് എന്നെ സംശയിക്കുന്നു?

മേരി:—ദുഃഖത്തിൽ മുഴുകിയിരിക്കുന്ന എന്നെ നിങ്ങൾ അലട്ടാതിരിക്കണം.

ജേഹു:—കൊള്ളാം, അലട്ടാൻ വന്നിരിക്കയോ! മേരിയുടെ കണ്ണീർ കണങ്ങളുടെ ഉറവ മാററിക്കാണുവാൻ ഈ ജേഹുവിനോളം ആഗ്രഹിക്കുന്നവനായി മറെറാരാളും ഉണ്ടായിരിക്കയില്ല.

മേരി:—എൻെറ ഉറവ വററിയാലും നിങ്ങൾക്ക് എൻെറ അടുത്തുവരുവാൻ അവകാശമുണ്ടായിരിക്കയില്ല.

ജേഹു:—മേരി, പ്രേമം അവകാശത്തെപ്പററി അന്വേഷിക്കാറില്ല. ഈ ഘട്ടത്തിലല്ലാതെ എപ്പോഴാണ് ഞാൻ എൻെറ ഹൃദയത്തെ ഒന്നു തുറന്നു കാണിക്കേണ്ടതു്?

മേരി:—നിങ്ങളുടെ ഹൃദയം തുറന്നുകാണേണ്ട ആവശ്യം എനിക്കില്ല. ഞാൻ ഇപ്പോൾ ഏകാകിനി ആയിരിക്കുവാൻ ആഗ്രഹിക്കുന്നു. നിങ്ങൾദയവായി പുറത്തു പോകണം

ജേഹു:—ഭവതിയുടെ സഹോദരൻ നഷ്ടപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് ഭവതിയെ അനാഥയായി തള്ളിവിടുവാൻ എൻെറ മനസ്സ് അനുവദിക്കുന്നില്ല.

മേരി:—ഞാൻ അനാഥയാണെന്ന് എനിക്കു ബോദ്ധ്യമുണ്ടാകുമ്പോൾ ഞാൻ ഒരാളെ അന്വേഷിച്ചുകൊള്ളാം. നിങ്ങൾ അതിനുവേണ്ടി ബുദ്ധിമുട്ടണമെന്നില്ല.

ജേഹു:—എൻെറ തുടരെയുള്ള അഭ്യൎത്ഥനകളെ നിരസിക്കുന്നു എന്നാണോ ഇതിൻെറ അൎത്ഥം?

മേരി:—നിങ്ങൾ എന്നെ ഉപദ്രവിക്കാതെ ഈ മുറിയിൽനിന്നും പോകണമെന്നു ഞാൻ വീണ്ടും അപേക്ഷിക്കുന്നു

ജേഫ്ഹ:—ഭവതി മററാരെയെങ്കിലും പ്രതീക്ഷിച്ചിരിക്കയാണോ?

മേരി:—ആ ചോദ്യത്തിൻെറ മറുപടികേൾക്കവാൻ നിങ്ങൾക്ക യോഗ്യതയില്ല; നിങ്ങൾ ദയവായി സ്ഥലം ഒഴിഞ്ഞു തന്നാലും.

ജേഫ്ഹ:—"ആ ചോദ്യത്തിൻെറ മറുപടികേൾക്കവാൻ നിങ്ങൾക്ക യോഗ്യതയില്ല" കൊള്ളാം! അഹങ്കാരത്തിൻെറ മൂദ്ധന്യം! ദയവായി ഞാൻ ഇവിടെനിന്നും പോകണംപോലും! എനിക്കെല്ലാം മനസ്സിലായി. ആ യേശുവിനെ, ആ തച്ചനെ, ആ കള്ളപ്രവാകനെ ധ്യാനിച്ച് ഇനി ഇരുന്നതുകൊണ്ട ഫലമില്ല. യഹൂദന്മാർ അവനെ കല്ലെറിഞ്ഞു കൊന്നുകഴിഞ്ഞിരിക്കന്നു. ഇനി അവൻ ഈ പടികടന്നു കാലുകുത്തുകയില്ല.

മേരി:—(ഭയപ്പെട്ട് എഴുന്നേൽക്കുന്നു) അയ്യോ, എന്താണു നിങ്ങൾ പറയുന്നത്? ഇതു വാസ്തവമോ? സംഭവ്യമോ? കണ്ണുകറോരമായി എനിക്കുതോന്നു. ദുഃഖാബ്ധിയിലാണ്ടിരിക്കുന്ന എന്നെ അതു കുത്തിപിളക്കുകക്രുടിചെയ്യുന്നു. കത്താവെ, അങ്ങ് ഇതുവരെയും വരാഞ്ഞതിൻെറകാരണം ഇതായിരിക്കുമോ? ഈ പറഞ്ഞതു വാസ്തവമോ, ജേഫ്ഹ?

ജേഫ്ഹ:—(സ്വഗതം) ഇവൾ ഇങ്ങനെ കുറെ മര്യാദ പഠിക്കട്ടെ. അവിവാഹിതരായസ്ത്രീകൾ അവിവാഹിതരായ പുരുഷന്മാരെ പ്രീണിപ്പെടുത്തുവാൻ ശ്രദ്ധാലുക്കളായിരിക്കണം. അതിനുപകരം ഇവൾ എന്നെ ആട്ടിപായിക്കുവാനാണൊരുക്കം. ആട്ടുവാങ്ങി ഓടിപോകുന്നതു മരക്കഴുതയല്ല ഈ ജേഫ്ഹ എന്നവൾ ഒന്നു മനസ്സിലാക്കട്ടെ. (പ്രകാശം) നിൻെറ യേശുവിനെ പോലെ കള്ളംപറഞ്ഞുനടന്നിട്ട് എനിക്ക് എന്തു കിട്ടുവാൻപോകുന്നു? ഞാൻ ദൈവപുത്രനാകയോ കല്ലേറുവാങ്ങി മരിക്കുമോ ചെയ്യേണ്ട ആവശ്യമില്ല.

മേരി:—പരമപരിശുദ്ധനായ യേശുവിനെപ്പററി അസഭ്യങ്ങൾ പുലമ്പുന്നതു കേൾക്കവാൻ എനിക്ക ശക്തിയില്ല. അതിനാൽ നിങ്ങളുടെസംസാരം ഇനി തുടരനേമെന്നില്ല.

ജേഹ്ല:—(സ്വഗതം) ഓ, മരുന്നു മാറിപോയല്ലൊ. അബദ്ധമായി. (പ്രകാശം) ഓഹോ ഇതാണു ശാസ്ത്രം! യേശുവിൻെറ പുതിയശാസ്ത്രം! കാപട്യം കണ്ടുപിടിക്കരുതു്. കണ്ടുപിടിക്കുന്നവൻ തെററുകാരൻ.

(യൂസെഫാ പ്രവേശിക്കുന്നു)

മേരി:—നീ എപ്പോൾ വന്നു? യൂസെഫാ, അമ്മാവിയും കുട്ടികളും പോന്നോ?

യൂസെ:—ഞങ്ങളെല്ലാം കൂടെ ഇങ്ങെത്തിയെഉള്ളു. അമ്മാവീം മററും അപ്പുറത്തിരിക്കുന്നു. ഇവിടെ ആരാണ്ടും വന്നിട്ടുണ്ടെന്നുവച്ചാ ഇങ്ങോട്ടുവരാഞ്ഞേ.

മേരി:—പൂമുഖത്തു ബംഗ്ലാവിൽ പോയവഴി നീ യേശുവിൻെറ കാര്യം വല്ലതും അറിഞ്ഞോ?

യൂസെ:—യേശു ഒരു പിറവികുരുടനു കാഴ്ചകൊടുത്തെന്നുംമററും ആളുകൾ വഴിക്കുപറഞ്ഞുകൊണ്ടുപോകുന്നതുകേട്ടു. (ജേഹ്ല പരുങ്ങുന്നു) കൊച്ചമ്മേ ഇവനെന്തിനാ എല്ലാതേതീം ഇങ്ങനെ പര്യംപൊറം ചുററിനടക്കുണതു്? ഈ മരപ്പട്ടി എന്തിനാ ഇപ്പം ഇങ്ങാവന്നേന്നു യൂസെഫാ ഒന്നു ചോദിക്കട്ടെ.

മേരി:—വേണ്ടാ നീ ഇപ്പോൾ ഒന്നും ചോദിക്കേണ്ട. അയാൾ അയാളുടെ വഴിക്കുപൊയ്ക്കൊള്ളും.

ജേഹ്ല:—എടാ, കലംനക്കി, നിൻെറ ഭള്ളു് അവിടെ വച്ചേക്കു്. എന്നോടെടുക്കേണ്ട?

യൂസെ:—എടാ, രാജ്യംമുഴുവനും പെണ്ണുമണത്തു നടക്കുന്ന നീ എന്തിനു കൊച്ചമ്മേടെ അടുക്കെവന്നു? ഇതു നിൻെറ കളിപ്പിള്ളയാണെന്നാണോ വിചാരം?

ജേഹ്ല:—കാര്യമുണ്ടായിട്ടുവന്നു. അടുക്കളകൃമിയെ അതു കേൾപ്പിക്കുന്നില്ല.

യൂസെ:—നിൻെറ അടുക്കളകൃമിയോ; ശവമേ, ഇറങ്ങു വെളിക്ക്. ആണുങ്ങളില്ലാത്തവീട്ടിൽ കേറി പെണ്ണുത്തം കാണിക്കുണോ?

ജേഹ്ഹ:—ഇറങ്ങുന്നില്ലെങ്കിൽ (കൈ ചുരുട്ടുന്നു)

യൂസെ:—നിൻെറ എല്ലൂരി പട്ടിക്കു സൂപ്പുണ്ടാക്കിക്കളേം. അത്ര മൂത്തോ. (കൈചുരുട്ടി അടുക്കുന്നു)

മേരി:—അരുത് യൂസെഫാ, മരിച്ചുപോയലാസറിനെ ഓത്തും സങ്കടപ്പെട്ടിരിക്കുന്ന ഈ കുടുംബത്തെഓത്തും.

യൂസെ:—സങ്കടം കൊണ്ടല്ലാഞ്ഞെങ്കിൽ ഇവൻെറ തൊകലൂരി ഞാൻ ചെണ്ട കൊട്ടുകേലാന്നോ കൊച്ചമ്മേ.

ജേഹ്ഹ:—എടാ, മര്യാദയ്ക്കു സംസാരിക്കണം. നിന്നെക്കാൾ അവകാശം എനിക്കിവിടെയുണ്ട്.

യൂസെ:—ഹാ, ഇപ്പം തിരിഞ്ഞു. കൊച്ചേമാൻ ആകാൻ വന്നിരിക്കയാ; അല്ലെ, പൊലകുളിം, മുപ്പതടിയന്ത്രോം ഒന്നു കഴിഞ്ഞോട്ടെ. അതിനു മുമ്പേ നീ എന്നാ? ഇത്ര ഓടിക്കിതച്ചിങ്ങുവന്നേ? കൊച്ചമ്മവല്ലടത്തോട്ടും ഒളിച്ചോടിപോണൊണ്ടോ?

(മത്താ പ്രവേശിക്കുന്നു)

മത്താ:—യൂസെഫാ നീ എന്താണിന്നുച്ചതിരിയുന്നതിനു മുമ്പേ വലിയ വിസ്താരം തുടങ്ങിയിരിക്കുന്നതു്?

യൂസെ:—അതെൻെറ കൊച്ചമ്മേ, കാര്യം പറയാൻ മരവെള്ളോം മററും വേണ്ട.

മത്താ:—നീ എന്തുകാര്യം പറകയായിരുന്നു ഈ ഉച്ചത്തിൽ?

യൂസെ:—കാര്യമോ! കൊച്ചമ്മ ഈ നിക്കണ ഉട്ടപ്പുകാരൻ ചട്ടമ്പിയെകണ്ടോ? അവൻെറ പെനതോം തങ്കപ്പൂച്ചും!

മത്താ:—നീ വഴക്കുണ്ടാക്കാതെ അടുക്കളയിലേക്കുപൊല്ല്'—എടീ മേരി നീ ഒരു കാര്യംകേട്ടോ?

മേരി:—ഞാനൊന്നും അറിഞ്ഞില്ല. എന്തോന്നാണ്?

മത്താ:—നമ്മുടെ യേശുനാഥൻ ഇങ്ങോട്ടുവരുന്നു എ

ന്നൊരാൾ ഇവിടെ വന്നറിയിച്ചു (മേരിസന്തോഷം കൊണ്ടു പുളകിതഗാത്രിയാകുന്നു. കണ്ണുനീർ തുടങ്ങുന്നു—ജെഹുവിറച്ചു കൊണ്ടു് മറുപുറത്തേയ്ക്കു ചാടുന്നു)

(കർട്ടൻ)

## രംഗം XII തെരുവീഥി.

(യേശു തെരുവീഥിയിൽ ശിഷ്യരോടു സംസാരിച്ചുകൊണ്ടു നിൽക്കുന്നു)

യേശു:—എൻെറ പ്രിയപ്പെട്ടശിഷ്യരേ, ആരെങ്കിലും എന്നെ അനുഗമിക്കുവാൻ അഭിലഷിക്കുന്നുവെങ്കിൽ, അവൻ സ്വയം ത്യജിച്ചും അവൻെറ കുരിശുവഹിച്ചും എൻെറ പിൻപേ വരട്ടെ. എന്തുകൊണ്ടെന്നാൽ സ്വജീവനെ പരിരക്ഷണം ചെയ്യുവാൻ ആഗ്രഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തും; എന്നാൽ എനിക്കുവേണ്ടി സ്വജിവൻ നഷ്ടപ്പെടുത്തുന്നവനോ അതു കണ്ടെത്തുകതന്നെചെയ്യും. ഒരു മനുഷ്യൻ സമസ്തലോകവും സമാജ്ജിച്ചാലും സ്വന്തം ആത്മാവിനെ നഷ്ടമാക്കുകയാണെങ്കിൽ, അവ്നു് എന്തു പ്രയോജനമാണുള്ളതു്? അല്ലെങ്കിൽ ഒരു മനുഷ്യൻ സ്വന്തം ആത്മാവിനുപകരം എന്തുനൽകും? മനുഷ്യസുതൻ സ്വപിതാവിൻെറ പ്രഭാവത്തിൽ തൻെറ ദൈവദൂതസംഘത്തോടുകൂടി വരുവാനിരിക്കുന്നു; തത്സമയം ഓരോമനുഷ്യനും അവൻെറ പ്രവൃത്തിക്കനുസൃതം പ്രതിഫലം നൽകുന്നതാണു്. മനുഷ്യസുതൻ സ്വരാജ്യത്തുവരുന്നതുകാണുംവരെ മരണമാസ്വദിക്കാത്തവരായി ചിലർ ഇവിടെ നിലകൊള്ളുന്നുണ്ടെന്നു് ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.

യോഹന്നാൻ:—വന്ദ്യ ഗുരോ, മത്താതന്നെ ഇങ്ങോട്ടുവരുന്നു എന്നു തോന്നുന്നു. (മത്താ പ്രവേശിക്കുന്നു)

യേശു:—മത്താ, നീ അതീവ ദുഃഖിതയായിരിക്കുന്നുവല്ലൊ. കരയുന്നവർ ഭാഗ്യവാന്മാർ എന്തുകൊണ്ടെന്നാൽ അ

വർ ആശ്വസിപ്പിക്കപ്പെട്ടു.

മത്താ:—എൻെറ കർത്താവെ, അങ്ങു് ഇവിടെ ഉണ്ടാ യിരുന്നെങ്കിൽ എൻെറ സഹോദരൻ മരിക്കയില്ലായിരുന്നു. എങ്കിലും ഇപ്പോഴും അങ്ങ് ദൈവത്തോട്ട് ചോദിക്കുന്നിട ത്തോളം താൻ തരുന്നു എന്നു ഞാൻ അറിയുന്നു.

യേശു:—നീ ഭയപ്പെടേണ്ടാ. നിൻെറ സഹോദര ൻ ഉയർത്തെഴുന്നേല്ക്കും.

മത്താ:—അതെ, കർത്താവെ, അവസാനനാളിലേ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേല്ക്കും എന്നെ നിക്കറിയാം.

യേശു:—പുനരുത്ഥാനവും ജീവനും ഞാനാകുന്നു. എ ന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവനോടിരി ക്കയും എന്നിൽ വിശ്വസിക്കയും ചെയ്യുന്ന ഒരുത്തനും നിത്യ മായി മരിക്കയില്ല. മത്താ, നീ ഇതുവിശ്വസിക്കുന്നോ?

മത്താ:—ഉവ്വ്, എൻെറ കർത്താവെ, ലോകത്തിലേക്കുവ രുവാനിരുന്ന ദൈവപുത്രനായ മ്ശിഹാ അവിടുന്നാകുന്നു എ ന്നു ഞാൻ വിശ്വസിക്കുന്നു.

യേശു:—മേരി എവിടെ? അവൾ പ്രലപിച്ചു കഴിഞ്ഞു കൂടുകയല്ലെ?

മത്താ:—കർത്താവെ, അവളും ഇങ്ങോട്ടുവരുന്നുണ്ട്. അ വൾക്കൊരാശ്വാസവുമില്ല.

(മേത്യു, എസ്റ്റർ, സലോമി, ഇബ്രാഹിം—ഇവർ പ്ര വേശിക്കുന്നു. മേരി തുവാലഎടുത്തു മുഖംപൊത്തി യേശുവി ൻെറ കാൽക്കൽ വീഴുന്നു)

മേരി:—എൻെറ കർത്താവെ, അങ്ങ് ഇവിടെ ഉണ്ടായി രുന്നെങ്കിൽ എൻെറ സഹോദരൻ മരിക്കകയില്ലായിരുന്നു. (മേരിയോടുകൂടി എല്ലാവരും കരയുന്നു. യേശുവും കൂടെ ദുഃഖി ക്കുന്നു.)

യേശു:—(കണ്ണുനീർ തുടച്ചുകൊണ്ട്) നിങ്ങൾ അവ

നൊ എവിടെ അടക്കം ചെയ്തിരിക്കുന്നു?

മേരി:—കർത്താവെ, നമുക്ക് ആ സ്ഥലത്തേയ്ക്കു പോകാം. (യേശുവും കരഞ്ഞുകൊണ്ടുപോകുന്നു)

എസ്തർ:—സലോമി ആ യേശു ലാസറിനെ ഇത്രമാത്രം സ്നേഹിച്ചിരുന്നല്ലൊ.

സലോമി:—എൻെറ അമ്മച്ചീ, അമ്മച്ചിക്ക് യേശുവിനെ ഇനിയും അറിഞ്ഞുകൂടല്ലൊ.

എസ്തർ:—ശവക്കല്ലറയുടെ അടുക്കൽ ചെന്നു കരയുവാനായിരിക്കുമോ അദ്ദേഹം ലാസറിനെ അടക്കിയസ്ഥലം ഏതെന്നുചോദിച്ചതു്?

സലോമി:—അമ്മച്ചി, അല്പംകൂടി ക്ഷമിക്കുക. എൻെറ പന്തയത്തിൻെറ കാര്യം ഓർമ്മയുണ്ടോ?

എസ്തർ:—നീപോടീ, പന്തായം! മണ്ണിനടിയിൽ നാലുദിവസമിരുന്നു ചീഞ്ഞു നാറിയ ദേഹമാണു് ഇനി ഉയിരിട്ട് എഴുന്നേല്ക്കാൻ പോകുന്നതു്.

ഇബ്രാം:—നമുക്കും അങ്ങോട്ടൊന്നു പോകാം. അമ്മച്ചിയുടെ അവിശ്വാസമെല്ലാം കാർമേഘംപോലെ മാറിപോകുന്നതുകാണാമല്ലൊ.

സലോമി:—അമ്മച്ചിയുടെത്ര തന്നെയല്ല, നിൻെറതും.

ഇബ്രാം:—എനിക്കൊരവിശ്വാസവുമില്ലാ. മുമ്പൊരിക്കൽ അങ്ങിനെവെറുതെ ഞാൻ പറഞ്ഞതെയുള്ളു.

എസ്തർ:—എനിക്കാണോ അവിശ്വാസം ഇബ്രാംകുട്ടി, ആ കുരുടൻെറ കണ്ണുകൾ തുറന്നയേശുവിനു് ലാസർ മരിക്കാതിരിക്കുവാൻ ഇടയാക്കരുതായിരുന്നോ?

(അവരും പോകുന്നു. അകത്തെകർട്ടൻ ഉയരുന്നു. ഒരുഗുഹ)

യേശു:—തന്നിൽതന്നെ നെടുവീർപ്പിട്ടുകൊണ്ടു പറയുന്നു) നിങ്ങൾ ഈ കല്ലു നീക്കുവിൻ.

മർത്താ:—എൻെറ കർത്താവെ, അവൻ പണ്ടേതന്നെ അഴുകികഴിഞ്ഞു. അടക്കിയിട്ടു നാലുദിവസങ്ങളായി. കല്ലു നീക്കിയാൽ ദുർഗ്ഗന്ധം ഇവിടെമെല്ലാം വ്യാപിക്കയില്ലയോ?

യേശു:—നീ വിശ്വസിക്കുമെങ്കിൽ ദൈവത്തിൻെറ മഹത്വം നീ കാണുമെന്നു ഞാൻ നിന്നോടു പറഞ്ഞില്ലയോ? (മർത്താ കല്ലുനീക്കുന്നു. യൗസേഫാ സഹായിക്കുന്നു.)

യേശു:—(കണ്ണുകൾ മേല്പോട്ടുയർത്തി) പിതാവെ, അങ്ങ് എൻെറ പ്രാർത്ഥനകേട്ടതുകൊണ്ട് ഞാൻ അങ്ങയെസ്തുതിക്കുന്നു. അങ്ങ് എപ്പോഴും എൻെറ പ്രാർത്ഥനകേൾക്കുന്നു എന്നു ഞാൻ അറിഞ്ഞിരിക്കുന്നു. എങ്കിലും എന്നെ നീ അയച്ചു എന്ന് ഇവിടെ നില്ക്കുന്ന ഈ ജനക്കൂട്ടം വിശ്വസിക്കേണ്ടതിനായി അവർനിമിത്തം ഞാൻ ഇപ്രകാരം പറയുന്നു...ലാസറെ പുറത്തുവരിക.

(ലാസർ കെട്ടപ്പെട്ടവനായി എഴുന്നേൽക്കുന്നു. ജനം വിസ്മയഭരിതരായിത്തീരുന്നു. സർവ്വത്ര മൗനം.)

യേശു:—അവനെ അഴിച്ചുവിടുവിൻ. അവൻ പോകട്ടെ.

(യേശുവും ശിഷ്യന്മാരും അപ്രത്യക്ഷരാകുന്നു. യൗസേഫാ ലാസറിൻെറ കെട്ടുകൾ അഴിച്ച് അവനെ സ്വതന്ത്രനാക്കുന്നു. "ദൈവപുത്രനായ യേശു വിജയിക്കട്ടെ" എന്ന് ജനം ആർത്തുവിളിക്കുന്നു.)

ഇബ്രാം:—സലോമി, നീ ജയിച്ചിരിക്കുന്നു. ഇതെന്തൊരസംഭവം! യേശു ദൈവപുത്രനാണെന്ന് അമ്മച്ചിക്ക് ഇനി വിശ്വസിക്കരുതോ?

എസ്തർ:—എൻെറ കുഞ്ഞുങ്ങളെ, ഞാൻ നിങ്ങൾ ഇരുവരോടും ക്ഷമ ചോദിച്ചുകൊള്ളുന്നു. പണ്ടൊരിക്കൽ ഞാൻ നിങ്ങളെ ശകാരിച്ചതു ഞാൻ നന്നായിഓർമ്മിക്കുന്നു. തെറ്റു പററാത്ത മനുഷ്യരുണ്ടോ? എനിക്കും തെറ്റുപററി. യേശു ദൈവപുത്രനാണെന്ന് ഏററുപറയുവാൻ ഞാൻ ഇനി എ

നും നിങ്ങളുടെ മുമ്പിൽതന്നെ നിൽക്കുന്നതാണ്. കർത്താവെ, എന്റെ കഴിഞ്ഞ അപരാധങ്ങളെ ക്ഷമിക്കണമെ.

സലോ:—യേശുവിനുവേണ്ടി മരിക്കുവാനും അമ്മച്ചി തയാറാണോ?

എസ്സർ:—എന്റെ കുഞ്ഞേ, കല്ലറയിൽ ഇരുന്നു ദ്രവിച്ചു തുടങ്ങിയ ഈ ലാസർ എഴുന്നേററുവരുന്നതു ഞാൻ കണ്ടതല്ലെ? മരിച്ചവരെ ഉയർപ്പിക്കുവാൻ കഴിയുന്നവനുവേണ്ടി മരിക്കുന്നതിൽ നാം ഭയപ്പെടുന്നതെന്തിന്?

(മേരി, മർത്താ, യൂസെഫാ-എന്നിവർ ലാസറിനെ സ്വതന്ത്രനാക്കി മുമ്പോട്ടുകൊണ്ടുവരുന്നു.)

മേരി:—നമ്മുടെ യേശുനാഥനെ ഇവിടെങ്ങും കാണുന്നില്ലല്ലൊ?

എസ്സർ:—എന്റെ കുഞ്ഞേ, അദ്ദേഹവും ശിഷ്യന്മാരും ഉടൻതന്നെ ഇവിടെനിന്നും പൊയ്ക്കളഞ്ഞു.

മേരി:—(സ്വഗതം) എന്റെ നാഥാ, അങ്ങയെ കൂടാതെ ഞങ്ങൾക്കെന്തു സന്തോഷമാണുള്ളത്?

എസ്സർ:—കുഞ്ഞുങ്ങളെ ഞങ്ങൾ നിങ്ങളുടെ ദുഃഖത്തിൽ പങ്കുകൊള്ളുന്നതിനായിവന്നു. എന്നാൽ ഇന്നു ഞങ്ങൾ സന്തോഷസാഗരത്തിൽ ആറാടുകയാണ്.

മർത്താ:—അമ്മാവിയും മററും ഒരാഴ്ചയെങ്കിലും ഞങ്ങളുടെകൂടെ താമസിക്കണമെന്നു ഞാൻ മേരിയുടെയും ലാസറിന്റെയും നാമത്തിൽകൂടി അപേക്ഷിക്കുന്നു.

ലാസർ:—പ്രിയ അമ്മാവി, എന്റെ ശവകുടീരമെങ്കിലും കാണുന്നതിനായിരിക്കുമല്ലൊ നിങ്ങൾ വന്നതു്. എന്നാൽ നിങ്ങളെ ഏവരെയും അഭിമുഖമായി കാണുന്നതിന് ആ യേശുനാഥൻ എന്നെ അനുഗ്രഹിച്ചിരിക്കുന്നു.

യൂസെഫാ:—എന്റെ കൊച്ചേമാനേ നമുക്കു വീട്ടി

ലോട്ടൊന്നു പോകായോ. അവിടേന്നെറങ്ങീട്ടു ദിവസം നാലായില്ലേ? അവിടെച്ചെന്നിരുന്നും കെടന്നും വിശേഷങ്ങൾ പറയാമല്ലോ.

സളോ:—അതുശരിയാണ്. യൗസേഫായുടെ അഭിപ്രായം സ്വീകരിക്കേണ്ടതുതന്നെ. നമുക്കുപോകാം.

(എല്ലാവരും പോകുന്നു) കർട്ടൻ.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| | | |

DC Library
*00007164*
T62 T45

# കടന്നുപോകുന്നവരെ

T62
T45



T62
T45

ജി. സി. ടില